# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## തൃശ്ശൂര് ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ-ഡി.പി.1/1650/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/11/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃശ്ശൂര് ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ-ഡി.പി.1/1650/2021 തീയ്യതി: 29/11/2021

## തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2019 മുതൽ 06-09-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 55 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി.കെ | ജോയിന്റ് ഡയറക്ടർ | 07-09-2020 | 30-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-09-2020 | 30-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) - 07-09-2020 മുതൽ 12-07-2021 വരെ
വിജയശ്രീ.പി, ഓഡിറ്റ് ഓഫീസർ - 14-07-2021 മുതൽ 30.9.2021 വരെ
സിനിലാൽ.എം.ജി, അസി. ഓഡിറ്റ് ഓഫീസർ - 07-09-2020 മുതൽ 30.9.2021 വരെ
ഷൈനി കൃഷ്ണദാസ്, അസി. ഓഡിറ്റ് ഓഫീസർ - 07-09-2020 മുതൽ 03-08-2021 വരെ
രാജേശ്വരി.സി സീനിയർ ഗ്രേഡ് ഓഡിറ്റർ - 09-08-2021 മുതൽ 30.9.2021 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.മേരി തോമസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.ഉഷാനന്ദിനി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 10-12-2019 |
| ശ്രീ.കെ.ജി.തിലകൻ | സെക്രട്ടറി | 11-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഡേവിഡ് ജോൺ ഡി. മോറിസ് | എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2019 | 10-01-2020 |
| ശ്രീ.ജോജി പോൾ | എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 11-01-2020 | 31-03-2020 |
| ശ്രീ. വിക്രമൻ പിള്ള. എം. | അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2019 | 27-07-2019 |
| ശ്രീമതി.ആൻസി ജോസ് | അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 28-07-2019 | 31-03-2020 |
| ശ്രീ.അരവിന്ദാക്ഷൻ.എ.കെ | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-05-2019 |
| ശ്രീമതി.സുലോചന.എ.കെ | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-06-2019 | 24-06-2019 |
| ശ്രീമതി.കുസുമം.കെ.എസ് | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 25-06-2019 | 24-09-2019 |
| ശ്രീമതി.ഗീത.എൻ | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 25-09-2019 | 31-03-2020 |
| ഡോ. എം.കെ. ഗിരിജ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 01-04-2019 | 23-10-2019 |
| ഡോ.സോജി.സി.ജെ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 24-10-2019 | 31-12-2019 |
| ഡോ.സൂരജ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 01-01-2020 | 31-03-2020 |
| ശ്രീമതി.സിന്ധു പരമേശ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-10-2019 |
| ശ്രീമതി.സന്ധ്യ.കെ | പട്ടികജാതി വികസന ഓഫീസർ | 01-11-2019 | 31-03-2020 |
| ശ്രീ.പ്രണാബ്.ജി | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2019 | 27-10-2020 |
| ശ്രീമതി.ജിഷ.കെ | മാനേജർ, ജില്ലാ വ്യവസായ | 28-10-2019 | 31-03-2020 |

| | | | |
|---|---|---|---|
| | കേന്ദ്രം | | |
| ശ്രീ.ഷിനോ.പി.എസ് | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2019 | 15-06-2019 |
| ശ്രീമതി.കെ.കെ.ഷീബ | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 16-06-2019 | 19-06-2019 |
| ശ്രീമതി.ഉഷ.എം.കെ | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 20-06-2019 | 15-08-2019 |
| ശ്രീമതി. സറീന.എ.റഹ്മാൻ | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 16-08-2019 | 31-03-2020 |
| ശ്രീമതി. സി.കെ. കുമാരി | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനി.എം | ജില്ലാ വനിതാ ക്ഷേമ ഓഫീസർ | 01-04-2019 | 25-02-2020 |
| ശ്രീമതി.മിനി.എസ് | ജില്ലാ വനിതാ ക്ഷേമ ഓഫീസർ | 26-02-2020 | 31-03-2020 |
| ശ്രീമതി.ചിത്രലേഖ.കെ.കെ | പ്രോഗ്രാം ഓഫീസർ, ജില്ലാ ശിശുക്ഷേമം | 01-04-2019 | 31-03-2020 |
| ശ്രീ.കെ.വി.ജ്യോതിഷ് കുമാർ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 01-04-2019 | 31-03-2020 |
| ശ്രീ.വിൻസെന്റ്.കെ | സാമൂഹ്യ നീതി ഓഫീസർ (സാമൂഹ്യക്ഷേമം) | 01-04-2019 | 30-07-2019 |
| ശ്രീ.പ്രദീപൻ.കെ | സാമൂഹ്യ നീതി ഓഫീസർ (സാമൂഹ്യക്ഷേമം) | 31-07-2019 | 20-02-2020 |
| ശ്രീമതി.രാഗപ്രിയ | സാമൂഹ്യ നീതി ഓഫീസർ (സാമൂഹ്യക്ഷേമം) | 21-02-2020 | 31-03-2020 |
| ശ്രീമതി.സിന്ധു.പി.ഡി | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.മിനി | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, മണ്ണുത്തി | 01-04-2019 | 31-03-2020 |
| ശ്രീമതി.ജെഷി.പി | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, നടവരമ്പ് , ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ശ്രീമതി.ശോഭ പി.പി | സീനിയർ കൃഷി ഓഫീസർ, | 01-04- | 19-10- |

| | | | |
|---|---|---|---|
| | സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, കോടശ്ശേരി | 2019 | 2019 |
| ശ്രീമതി.ജെഷി.പി | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, കോടശ്ശേരി | 20-10-2019 | 07-11-2019 |
| ശ്രീമതി.ബിന്ദു സാറാ ജോസഫ് | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, കോടശ്ശേരി | 08-11-2019 | 31-03-2020 |
| ശ്രീമതി.മിനി ജോസ് | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പാണഞ്ചേരി | 01-04-2019 | 31-03-2020 |
| ശ്രീമതി.അനിത എം.കെ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പഴയന്നൂർ | 01-04-2019 | 31-03-2020 |
| സഞ്ചു സൂസൻ മാത്യു | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | 01-04-2019 | 31-03-2020 |
| ശ്രീ.രഘുകുമാർ | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചേലക്കര | 01-04-2019 | 26-01-2020 |
| ശ്രീ.സതീശൻ.കെ.കെ | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചേലക്കര | 27-01-2020 | 31-03-2020 |
| ശ്രീമതി.ഉഷാ മേരി ഡാനിയൽ | സൂപ്രണ്ട് തെങ്ങിൻ തൈ നഴ്സറി, ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ശ്രീ.ഗോപീദാസ്.എം.പി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ, വാട്ടർ മാനേജ് മെന്റ് | 01-04-2019 | 07-02-2020 |
| ശ്രീ.പ്രസാദ് മാത്യു | കൃഷി ഡെപ്യൂട്ടി ഡയറക്ടർ, വാട്ടർ മാനേജ് മെന്റ് | 08-02-2020 | 11-02-2020 |
| ശ്രീമതി.സന്ധ്യ.വി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ, വാട്ടർ മാനേജ് മെന്റ് | 12-02-2020 | 31-03-2020 |
| ശ്രീമതി. കെ.ഐ. സബീത | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (യൂത്ത് പ്രോഗ്രാം) | 01-04-2019 | 03-10-2019 |
| ശ്രീ.പ്രസാദ് മാത്യു | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (യൂത്ത് പ്രോഗ്രാം) | 04-10-2019 | 13-10-2019 |
| ശ്രീ.ചന്ദ്രൻ.കെ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (യൂത്ത് പ്രോഗ്രാം) | 14-10-2019 | 31-03-2020 |
| ഡോ.അനിൽകുമാർ | സീനിയർ വെറ്ററിനറി സർജ്ജൻ, പന്നിവളർത്തൽ യൂണിറ്റ്, കുന്ദംകുളം | 01-04-2019 | 30-11-2019 |
| | | 01-03-2020 | 31-03-2020 |
| ഡോ.വാസുദേവൻ | സീനിയർ വെറ്ററിനറി | 01-12- | 29-02- |

| | | | |
|---|---|---|---|
| | സർജ്ജൻ, പന്നിവളർത്തൽ യൂണിറ്റ്, കുന്ദംകുളം | 2019 | 2020 |
| ഡോ.എം.ജി.ശ്യാമള | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.സിബിരാജ് | സൂപ്രണ്ട്/ഡി.എം.ഒ. (ഹോമിയോ) | 01-04-2019 | 24-01-2020 |
| ഡോ.കെ.കെ.ബിന്ദു | സൂപ്രണ്ട്/ഡി.എം.ഒ. (ഹോമിയോ) | 25-01-2020 | 31-03-2020 |
| ഡോ.റീന.കെ.ജെ | ജില്ലാ മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീ.സുമേഷ് കുമാർ.ടി | അസി.എക്സി.എഞ്ചിനീയർ, കൃഷി | 01-04-2019 | 31-03-2020 |
| ഡോ.കെ.ടി.പ്രേംകുമാർ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 01-04-2019 | 08-07-2019 |
| ഡോ.ബിന്ദു തോമസ് | സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 09-07-2019 | 31-03-2020 |
| ശ്രീമതി.സുഗന്ധകുമാരി.കെ.വി | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ശാലിനി ഗോപിനാഥ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 27-11-2021) | 1-8 |
| 9 | ജില്ലാ കൃഷിത്തോട്ടം, ചേലക്കര - കളക്ഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-9 |
| 10 | കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നത് കൃത്യമല്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-9-1 |
| 11 | ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതാണ്<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-9-2 |
| 12 | കളക്ഷൻ തുക മുഴുവനായി ബാങ്ക് അക്കൗണ്ടിൽ അടവാക്കുന്നില്ല.<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-9-3 |
| 13 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ചേലക്കര- തൈകൾ / വിത്തുകൾ വിതരണം സ്റ്റോക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-10 |
| 14 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ചേലക്കര- ക്രെഡിറ്റ് സെയിൽ നടത്തിയത് തുക ഈടാക്കിയിട്ടില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-11 |
| 15 | തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, ഇരിങ്ങാലക്കുട - ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ ലഭിച്ച തുകകളുടെ വിവരം കൃത്യമായി സൂക്ഷിക്കുന്നില്ല.<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-12 |
| 16 | നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാം - ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ വൻ തുക കുടിശ്ശിക | 1-13 |

| | | |
|---|---|---|
| | Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | |
| 17 | നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാം - ഫാം പ്രൊഡ്യൂസേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-14 |
| 18 | രശീതി എഴുതുന്നതിൽ കാലതാമസം - അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-15 |
| 19 | എടത്തിരുത്തി, മണ്ണൂത്തി, പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമുകളിലെ രസീതി വരവ് അവയുടെ ഒടുക്ക് എന്നിവ സംബന്ധിച്ച നിരീക്ഷണങ്ങൾ<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-16 |
| 20 | എടത്തിരുത്തി സ്റ്റേറ്റ് സീഡ് ഫാം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-16-1 |
| 21 | മണ്ണൂത്തി സ്റ്റേറ്റ് സീഡ് ഫാം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-16-2 |
| 22 | പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-16-3 |
| 23 | ജില്ലാ പഞ്ചായത്തിനു കീഴിലുള്ള കൃഷി ഫാമുകളുടെ പ്രവർത്തനം - പൊതു നിരീക്ഷണങ്ങൾ<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-17 |
| 24 | ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക - വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-18 |
| 25 | ലേലം വരവ് - ഓഡിറ്റ് നിരീക്ഷണം<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 27-11-2021) | 1-19 |
| 26 | പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ അംശദാനം അടവാക്കാത്തതിന് സർക്കാരിൽ നിന്നും കൂടുതൽ വ്യക്തത വരുത്തുന്നതിന് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്<br>Written By: P.Vijayasree (Audit Officer, On 27-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-20 |
| 27 | അക്കൗണ്ട്സ് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-21 |
| 28 | ചെലവുകൾ സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-21-1 |
| 29 | തനത് ഫണ്ട് ചെലവ് രേഖകളോടൊപ്പം സാംഖ്യ പേമെന്റ് വൗച്ചർ സൂക്ഷിച്ചിട്ടില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-21-2 |
| 30 | സംയുക്തപദ്ധതികൾ-ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ-തുക ഗ്രാമപഞ്ചായത്തുകൾ വിനിയോഗിച്ചതിന്റെ വിവരമില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-22 |
| 31 | സ്കൂൾ അറ്റകുറ്റപണി-സേവന നികുതിയിനത്തിൽ നിർമ്മിതി കേന്ദ്രം ഈടാക്കിയ തുകയുടെ സാധുത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ | 1-23 |

| | | |
|---|---|---|
| | പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 26-11-2021) | |
| 32 | ടൈൽ വിരിക്കൽ പ്രവൃത്തിയ്ക്ക് നിർമ്മിതി കേന്ദ്രയ്ക്ക് അധിക നിരക്ക് നൽകിയത് ഫൈനൽ പേയ്മെന്റിനു മുൻപായി ക്രമീകരിക്കേണ്ടതാണ്. ചെലവു തുക 47305/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-24 |
| 33 | ജില്ലാ ഹോമിയോ ആശുപത്രി, തൃശൂർ അടിസ്ഥാന സൗകര്യ വികസനം - പൂർത്തീകരണ, മൂല്യ നിർണയ സാക്ഷ്യപത്രം ഹാജരാക്കണം<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 26-11-2021) | 1-25 |
| 34 | പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-26 |
| 35 | പൂരം പ്രദർശനം -പവലിയൻ നിർമ്മാണം. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 26-11-2021) | 1-27 |
| 36 | കാൻ തൃശൂർ 2019-20 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കണം. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 26-11-2021) | 1-28 |
| 37 | ഷീ പാഡ് പദ്ധതി-അവലോകനം<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-29 |
| 38 | മത്സ്യ സഹകരണ സംഘങ്ങൾക്ക് വാഹനം വാങ്ങൽ-രേഖകൾ ലഭ്യമാക്കിയില്ല ചെലവു തുക തടസ്സപെടുത്തുന്നു<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-30 |
| 39 | സർക്കാർ ഉത്തരവിന് വിരുദ്ധമായി വനം വന്യജീവി വകുപ്പിന്റെ റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കൽ-വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുമതി ലഭിച്ചില്ല- ചെലവ് തുക 49,200 തടസ്സപെടുത്തുന്നു<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 26-11-2021) | 1-31 |
| 40 | കുടുംബശ്രീ ട്രെയിനിംഗ് സെന്റർ & ഷീ ലോഡ്ജ് നിർമ്മാണം-തുടർ നടപടികൾ സ്വീകരിക്കണം<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 27-11-2021) | 1-32 |
| 41 | PMAY(G) ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും SECC ലിസ്റ്റിലെ അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 27-11-2021) | 1-33 |
| 42 | കുഴൽ കിണർ നിർമ്മാണം ബാക്കി തുക ഭൂജലവകുപ്പിൽ നിന്നും തിരികെ ഈടാക്കണം<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-34 |

| | | |
|---|---|---|
| 43 | ബെഡ് നിർമ്മാണ യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Sinilal M.G (Asst. Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-35 |
| 44 | വിവിധ കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തു - തുകയുടെ വിനിയോഗ വിവരമില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-36 |
| 45 | അഴീക്കോട് - മുനമ്പം കടവിൽ ബൊല്ലാർഡ് പോൾ സ്ഥാപിച്ചത് - കരാർ വ്യവസ്ഥകളിൽ വ്യക്തതയില്ല - ജില്ലാ പഞ്ചായത്തിന്റെ അലംഭാവം മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ വൈകി<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-37 |
| 46 | കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 27-11-2021) | 1-38 |
| 47 | പാടശേഖരസമിതികൾക്ക് പമ്പ്സെറ്റ്-രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: Sinilal M.G (Asst. Audit Officer, On 27-11-2021) | 1-38-1 |
| 48 | പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണിന്റെ വിനിയോഗവിവരമില്ല<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 28-11-2021) | 1-38-2 |
| 49 | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P.Vijayasree (Audit Officer, On 26-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-39 |
| 50 | മൂന്നുപീടിക ബീച്ച് റോഡ് നവീകരണം - ഇന്റർലോക്കിങ് ടൈലുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-40 |
| 51 | നിയമാനുസൃത അനുമതികൾ ലഭ്യമാക്കും മുമ്പേ ടെണ്ടർ നടപടികൾ സ്വീകരിച്ചു കരാറിലേർപ്പെട്ടു - കരാറുകാരൻ പിൻമാറിയതിനാൽ പ്രവൃത്തി നടപ്പാക്കാനായില്ല<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 1-41 |
| 52 | സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 1-42 |
| 53 | കണ്ണൻകുളം പൂർത്തീകരണം-അപാകതകൾ<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-43 |
| 54 | കുഴിച്ചെടുത്ത മണ്ണിന്റെ ലേലവിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 1-44 |
| 55 | പാറളം വനിതാകലാകേന്ദ്രം-സൗകര്യം മെച്ചപ്പെടുത്തൽ,അറ്റകുറ്റപ്പണി - അപാകതകൾ<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 26-11-2021) | 1-45 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 27-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 28-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.Vijayasree (Audit Officer, On 25-11-2021)<br>Last Updated By: P.Vijayasree (Audit Officer, On 25-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

15.02.2019 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 117,23,54,000 രൂപയും പ്രതീക്ഷിത ചെലവ് 122,16,74,643 രൂപയുമാണ്.

പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 30.03.2020 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് 120,99,84,369 രൂപയും ചെലവ് 119,86,21,000 രൂപയുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 – നകം | 10-07-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 225211632 |
| വരവ് | 588743576 |
| ആകെ | 813955208 |
| ചെലവ് | 586205937 |
| നീക്കിയിരിപ്പ് | 227749271 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് AFS പ്രകാരം | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | 0 | 562541000 | 562541000 | 295049777 | 267491223 |
| വികസന ഫണ്ട് - എസ് . സി.പി (ACR പ്രകാരം) | 0 | 229731000 | 229731000 | 58249892 | 171481108 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 6891000 | 6891000 | 0 | 6891000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 183508000 | 183508000 | 91235689 | 92272311 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 106776000 | 106776000 | 52711963 | 54064037 |
| ജോയിന്റ് വെഞ്ചർ | 14143034 | 9850656 | 23993690 | 4820171 | 19173519 |

| | | | | | |
|---|---|---|---|---|---|
| അക്കൗണ്ട് 7990114 0000646 | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 996 | 1490860756 | 427 | 530934409 | 525 | 44 | 53 |

## 1-6 ആഭ്യന്തര നിയന്ത്രണം

### 1) ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetory Control)

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.എൻ.കെ ഉദയപ്രകാശൻ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തെ കരട് ബജറ്റ് പഞ്ചായത്ത് ഭരണസമിതി 15.02.19 ലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പാസ്സാക്കി. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

ജില്ലാപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

പഞ്ചായത്ത് ഭരണസമിതി 30.03.20 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ (1) അനുസരിച്ച് 2020-21ലെ കരട് ബജറ്റ് അംഗീകരിക്കുന്നതിനോടോപ്പം 2019-20 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

### 2) അക്കൗണ്ടിംഗ്

ജില്ലാ പഞ്ചായത്ത്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ജില്ലാ പഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയും അനുബന്ധരേഖകളും പരിശോധിച്ച് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3) ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ളതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികയിൽ പറഞ്ഞിട്ടുള്ളതുമായ സംഗതികളെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമാണ് നിയമപ്രകാരം ജില്ലാപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ, 14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/ തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് ജില്ലാപഞ്ചായത്തിൽ അതാത് മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു. എന്നാൽ ഇപ്രകാരം രൂപീകരിച്ച എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും അതാത് വികസന മേഖലയിൽ തയ്യാറാക്കിയ അവസ്ഥാരേഖ (Status Report) ഓഡിറ്റ് പരിശോധനയ്ക്ക് നൽകുകയുണ്ടായില്ല. പരിശോധനക്കായി ലഭിച്ച വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പ്രകാരം 15 വർക്കിംഗ് ഗ്രൂപ്പുകളും 25.10.18 ന് 2019-20 വാർഷികപദ്ധതികളുടെ

ആസൂത്രണവുമായി ബന്ധപ്പെട്ട് യോഗം ചേർന്ന ശേഷം 9.1.20ന്, 2020-21 വാർഷിക പദ്ധതികളുടെ രൂപീകരണം ചർച്ച ചെയ്യുന്നതിനാണ് യോഗം ചേർന്നിട്ടുള്ളത്. 2019-20 സാമ്പത്തികവർഷത്തെ പദ്ധതിനടത്തിപ്പ്, പുരോഗതി എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് അവലോകനം നടത്തിയിട്ടില്ല.

ജില്ലാസഭ 2019-20വാർഷിക പദ്ധതിരൂപീകരണത്തോടനുബന്ധിച്ച് 16.11.2018 ന് യോഗം ചേർന്നശേഷം പിന്നീട് 25.1.2020 നാണ് അടുത്ത യോഗം ചേർന്നിരിക്കുന്നത് (പരിശോധനക്ക് ലഭ്യമാക്കിയ മിനുട്സ് പ്രകാരം), ഈ യോഗത്തിന്റെ തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുമില്ല. ധനകാര്യ,ക്ഷേമകാര്യ,ആരോഗ്യ-വിദ്യാഭ്യാസ ,വികസന സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗംചേരുന്നുണ്ടെങ്കിലും, ആയതിൽ ഓരോ മേഖലയിലെയും പദ്ധതിപ്രവർത്തനപുരോഗതികൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.

2019-20 ൽ സ്പിൽ ഓവർ പ്രൊജക്റ്റുകളുൾപ്പെടെ 996 പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്, ആകെ അടങ്കൽ 149.09കോടി രൂപ. എന്നാൽ തൻവർഷം ചെലവഴിച്ചത് 53.09 കോടി മാത്രം .

ജില്ലാ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച സുലേഖ ചെലവു പത്രിക പ്രകാരമുള്ള കണക്കുകളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | | | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | ആവിഷ്കരിച്ചത് | നടപ്പാക്കിയത് | വകയിരുത്തിയത് | ചെലവഴിച്ചത് | |
| 1 | സെക്രട്ടറി | 261 | 103 | 52,11,76,459 | 22,93,03,980 | 43.99 |
| 2 | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 2 | 1 | 16,62,673 | 1,49,279 | 8.978 |
| 3 | ജില്ലാ വനിതാ വികസന ഓഫീസർ | 3 | 3 | 70,20,012 | 25,11,968 | 35.78 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ-കൃഷി | 2 | 2 | 2,023,7,000 | 24,47,569 | 12.09 |
| 5 | ഡെപ്യൂട്ടി ഡയറക്ടർ-മൃഗസംരക്ഷണം | 5 | 4 | 69,50,000 | 1,85,000 | 2.66 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രികൾച്ചർ) | 49 | 28 | 5,28,85,788 | 2,02,04,344 | 38.20 |
| 7 | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം | 15 | 5 | 3,22,13,096 | 36,31,879 | 11.27 |
| 8 | ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ | 5 | 2 | 2,12,00,000 | 1,06,97,000 | 50.45 |
| 9 | ജില്ലാ പ്രോഗ്രാം ഓഫീസർ സാമൂഹ്യക്ഷേമം | 3 | 2 | 85,00,000 | 6,09,964 | 7.17 |
| 10 | ജില്ലാ പട്ടികജാതി | 5 | 5 | 5,56,00,000 | 75,20,000 | 13.52 |

| | | | | | | |
|---|---|---|---|---|---|---|
| | വികസന ഓഫീസർ | | | | | |
| 11 | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫീസർ | 3 | 3 | 44,21,247 | 18,21,500 | 41.98 |
| 12 | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | 2 | 2 | 15,00,000 | 5,28,062 | 35.20 |
| 13 | ഡെപ്യൂട്ടി ഡയറക്ടർ ഡയറീസ് | 2 | 2 | 2,71,43,000 | 2,46,76,850 | 90.91 |
| 14 | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | 4 | 1 | 24,00,000 | 2,000 | 0.083 |
| 15 | ജില്ലാ മെഡിക്കൽ ഓഫീസർ-അലോപതി | 3 | 3 | 1,75,22,000 | 89,91,596 | 51.31 |
| 16 | മാനേജർ ജില്ലാ വ്യവസായ കേന്ദ്രം | 2 | 1 | 10,16,410 | 7,16,410 | 70.48 |
| 17 | എക്സിക്യൂട്ടീവ് എഞ്ചിനീയർ-ത.സ്വ.ഭ.വ | 35 | 24 | 2,90,72,520 | 1,01,47,624 | 34.90 |
| 18 | പ്രോജക്ട് ഡയറക്ടർ-ദാരിദ്ര്യ ലഘൂകരണ വിഭാഗം | 4 | 4 | 1,87,76,930 | 1,41,00,387 | 75.09 |
| 19 | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ | 1 | 0 | 10,00,000 | 0 | 0 |
| 20 | ഫാം സൂപ്രണ്ട്-ജില്ലാ കൃഷിത്തോട്ടം ചേലക്കര | 1 | 1 | 15,00,000 | 4,05,322 | 27.02 |
| 21 | സീനിയർ കൃഷി ഓഫീസർ-സംസ്ഥാന വിത്തുൽപാദന കേന്ദ്രം-പാണഞ്ചേരി | 6 | 6 | 58,37,000 | 56,21,587 | 96.3 |
| 22 | സൂപ്രണ്ട്ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി (ആരോഗ്യം) | 8 | 8 | 1,07,64,224 | 97,90,842 | 90.95 |
| 23 | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 50,00,000 | 49,11,663 | 98.23 |

| | | | | | | |
|---|---|---|---|---|---|---|
| 24 | ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | 64,00,000 | 42,11,348 | 65.80 |
| 25 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ- വിത്തുൽപാദന കേന്ദ്രം ഇരിങ്ങാലക്കുട | 1 | 1 | 4,00,000 | 3,15,762 | 78.94 |
| 26 | സീനിയർ വെറ്ററിനറി സർജൻ പിഗ് ബ്രീഡിംഗ് യൂണിറ്റ് കുന്ദംകുളം | 2 | 2 | 20,50,000 | 20,50,000 | 100 |
| 27 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ത.സ്വ.ഭ.വ | 565 | 207 | 62,86,12,397 | 16,46,63,427 | 26.19 |
| **ആകെ** | | **996** | **427** | **149,08,60,756** | **53,09,34,409** | **35.61** |

മുകളിൽ കാണുന്ന പട്ടികയിൽ നിന്നും ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ-മൃഗസംരക്ഷണം, ജില്ലാ പ്രോഗ്രാം ഓഫീസർ സാമൂഹ്യക്ഷേമം, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ 2019-20 വർഷത്തെ ചെലവ് ശതമാനം 10ൽ താഴെ മാത്രമാണെന്ന് കാണാവുന്നതാണ്. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ പ്രൊജക്റ്റ് നടപ്പാക്കിയിട്ടില്ല. പട്ടികവർഗ്ഗവിഭാഗത്തിനായി ഓഡിറ്റ് വർഷം ജില്ലാ പഞ്ചായത്ത് ഒരു പ്രൊജക്റ്റ് പോലും നടപ്പാക്കിയിട്ടില്ല .

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടിക പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്ന വിഭാഗത്തിൽ പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ്, പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിയന്ത്രണം എന്നിവയാണ് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നവ. 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ, ഖണ്ഡിക 2.3(2) പ്രകാരം 5-ാം പട്ടികയനുസരിച്ച് നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുന്നതുമായചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

ജില്ലാ പട്ടികജാതി വികസന ഓഫീസർ പഠനമുറി, സ്കോളർഷിപ്പ്, വിദേശജോലിക്ക് ധനസഹായംതുടങ്ങിയ വ്യക്തിഗതഗുണഭോക്താക്കൾക്കുള്ള പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. പട്ടികജാതിവികസനവർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്ന നിർദ്ദേശങ്ങളല്ല 19-20 ൽ പദ്ധതികളായിട്ടുള്ളത് എന്നു കാണുന്നു.

എസ്.സി.പി ഫണ്ട് 22.97കോടി രൂപ അലോട്ട്മെന്റ് ലഭിച്ചതിൽ 19-20 ൽ 5.82 കോടി രൂപ മാത്രമാണ് മരാമത്ത് പ്രൊജക്റ്റുകളടക്കം എല്ലാ പ്രൊജക്റ്റുകൾക്കുമായി ചെലവ് വന്നിട്ടുള്ളത്.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ടി.എസ്.പി പ്രൊജക്റ്റുകൾക്കായി 68.91 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സർക്കാരിൽ നിന്നും 68.91 ലക്ഷം രൂപ അലോട്ട്മെന്റ് ലഭിച്ചിട്ടുമുണ്ടെങ്കിലും പട്ടികവർഗ്ഗ വിഭാഗത്തിനായി ഓഡിറ്റ് വർഷം ജില്ലാ പഞ്ചായത്ത് ഒരു പ്രൊജക്റ്റ് പോലും നടപ്പാക്കാത്തതിനാൽ ആയത് വിനിയോഗിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസനവർക്കിംഗ് ഗ്രൂപ്പ് 25.10.18 നാണ് 2019-20 വാർഷിക പദ്ധതി സംബന്ധിച്ച യോഗം ചേർന്നിട്ടുള്ളത്. ഈ യോഗത്തിന്റെ മിനുട്സ് പ്രകാരം ഒരാൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. അന്തിമ വാർഷികപദ്ധതിരേഖ പ്രകാരം ഈ വിഭാഗത്തിൽ 3 പദ്ധതികൾ ഉണ്ടായിരുന്നു. എന്നാൽ ഇവ അംഗീകാരം ലഭിച്ചവയിൽ (സുലേഖപത്രിക) ഉൾപ്പെടുത്തി കാണുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി 2019-20 – ൽ ലഭിച്ച 17.84 കോടി രൂപ ജില്ലാപഞ്ചായത്തിന് വിനിയോഗിക്കാനായില്ലെന്നാണ് മേൽ പറഞ്ഞ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ, ഖണ്ഡിക 6.1, 6.2 പ്രകാരം പട്ടിക ജാതി / പട്ടിക വർഗ്ഗ

ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഓരോ തദ്ദേശഭരണ സ്ഥാപനവും വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി / പട്ടിക വർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കണം, പട്ടിക ജാതി / പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.

പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും മേൽ പരാമർശിച്ച 29.01.18 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 13.1 വ്യക്തമാക്കുന്നു. എന്നാൽ ഏതാനും പ്രൊജക്ടുകളൊഴിച്ച് ഇപ്രകാരം എല്ലാ പ്രൊജക്ടുകളിലും മോണിറ്ററിംഗ് പ്രവർത്തനം നടത്തിയതിന് രേഖകൾ സൂക്ഷിക്കുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

പദ്ധതി ആസൂത്രണ-നിർവ്വഹണ- മോണിറ്ററിംഗ് മേഖലകളിലെ ആഭ്യന്തരനിയന്ത്രണം ജില്ലാസഭ,വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മറ്റികൾ, ജില്ലാ പഞ്ചായത്ത് കമ്മിറ്റി എന്നിവയുടെ ഫലപ്രദമായ ഇടപെടലുകൾ മുഖേന, കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-12-2019 മുതൽ 31-01-2020 വരെ | 2018-19 | 19-05-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/02/2020 -20/03/2020 | 2018-19 | 28-05-2020 |

## 1-8 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ 2019-20 ൽ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

I.വാടക ഡിമാന്റ് രജിസ്റ്റർ-

Ii. ലേലം (RP-5-Sale And Hire Charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ (26,17,980/-) രജിസ്റ്ററുകൾ

Iii. RP-6-Receipts From Transferred Institutionsഎന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ (1,61,08,260/-) രജിസ്റ്ററുകൾ

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

4. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്.

5. ആസ്തി രജിസ്റ്റർ പൂർണ്ണമായും കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 25,37,639/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 86,34,608/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. 2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 2,90,53,803/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

8. 31/3/2020 ലെ ബാലൻസ്ഷീറ്റ് B-11ഷെഡ്യൂൾ പ്രകാരം Movable Assets-Plant Machinery And Tools എന്ന ആസ്തിക്ക് 79750 രൂപയും Movable Assets-Office Equipments And Other Equipmentഎന്ന ആസ്തിക്ക് 49,75,841/- രൂപയും വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതേ ഷെഡ്യൂളിൽ ഈ ആസ്തികളുടെ 31/3/2020 ലെ Accumalated Depreciation യഥാക്രമം (91131/-) രൂപയും (1,01,37,363/-) രൂപയുമാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2020-21 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

9. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

10. B-4ഷെഡ്യൂൾ പ്രകാരം 31.3.2020ൽ താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്,

| ക്രമനം | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 320100128 | RMSA | 3,91,41,830 |
| 2 | 320800101 | Beneficiary Contribution | 21,10,797 |
| 3 | 320800199 | Other Grants,Funds...........-Capital | 5,64,589 |

ഈ തുകകൾ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

കൂടാതെ ടി.എസ്.സി, എസ്.എസ്.എ, ജോയിന്റ് വെഞ്ചർ പ്രോജക്ട് (വില്ലേജ് പഞ്ചായത്ത്) എന്നിവയുടെയും ഇനം തിരിച്ചുള്ള കണക്കുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

RP-31 പ്രകാരമുള്ള ഗ്രാന്റ് ഇനങ്ങളുടെ (Grants, Funds&Contributions For Specific Purposes )കൃത്യത പരിശോധിക്കാനായിട്ടില്ല.

11. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450610101 | BOI(Jalasamrakshna Samithi) | 363434 |

12. താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 1072/20 വിവിധ കുടിവെള്ള പദ്ധതിക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് | 21902089/ 25.10.19 | 1375000 | 412010101 | 460500...- Advance To Implementing Agencies- |
| 2 | | 21902088/ 25.10.19 | 865000 | ,, | |
| 3 | | 21902090/ 25.10.19 | 1670000 | ,, | |
| 4 | | 21902091/ 25.10.19 | 550000 | ,, | |

13. 31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (₹264280264/-) 31/3/2020ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

14. (1) താഴെ പറയുന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക്, റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബാങ്ക് | കോഡ് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|
| | SBT-33369 | 450210106 | 609783 |

14(2) ട്രഷറി ടി എസ് ബി (കോഡ് നമ്പർ 450250110) അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 181581008രൂപയാണ്. എന്നാൽ വാർഷികകണക്ക പ്രകാരമുള്ള നീക്കിയിരിപ്പ തുക 181455659 രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്

15.(1) ട്രഷറി ടി.എസ്.ബി എന്ന അക്കൗണ്ടിന്റെ 31.3.2020ലെ റീകൺസീലിയെഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 5590622 | 30.5.2019 | 244525 |
| 12121 | 2.1.2019 | 4375 |
| 5879336 | 31.12.19 | 6721 |

15.(2) ട്രഷറി ടി.എസ്.ബിഎന്ന അക്കൗണ്ടിന്റെ 31.3.2020ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 902523/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും ക്യാഷ് ചെയ്യിട്ടില്ലാത്ത താഴെ പറയുന്നവ ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക്നം/ വൗച്ചർ നം | തിയതി | തുക |
|---|---|---|
| 455787 | 2.3.2017 | 388756 |
| 573313 | 19.11.2018 | 81411 |
| 992025 | 6.1.2017 | 100000 |
| 989330 | 20.11.2019 | 25508 |
| 989325 | 20.11.2019 | 1422 |
| 5590071 | 4.5.2019 | 21788 |
| 31800097 | 23.11.2018 | 4170 |
| 31900067 | 2.12.2019 | 7033 |

15.(3) ട്രഷറി ടി.എസ്.ബി എന്ന അക്കൗണ്ടിന്റെ 10/2019 മുതൽ 31.3.2020 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ താഴെ പറയുന്ന തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരുന്നു.

വൗച്ചർ നം, ചെക്ക് നം ഇല്ല. Members Hc/ തിയതി-1.10.2019/₹27020/-

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും, കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

16. 31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 260492012/- രൂപയാണ്. ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

17. വാർഷിക കണക്ക് പ്രകാരം സ്വാഭിമാൻ പദ്ധതിഅക്കൗണ്ടിൽ 65,38,524 രൂപ , SGSY അക്കൗണ്ടിൽ 5,44,269 രൂപ ജലസംരക്ഷണസമിതി അക്കൗണ്ടിൽ 363434രൂപ എന്നിങ്ങനെ നീക്കിയിരിപ്പുണ്ട്. വർഷങ്ങളായി ഇടപാടുകളില്ലാത്ത ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 26.5.2011-ലെ സർക്കുലർ നം. 56725/LSGDപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 ജില്ലാ കൃഷിത്തോട്ടം, ചേലക്കര - കളക്ഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല

ചേലക്കര ജില്ലാ കൃഷിത്തോട്ടം രശീതി വരവ്, ഒടുക്ക് എന്നിവയുമായി ബന്ധപ്പെട്ട് കളക്ഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ചതിൽ കളക്ഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല എന്നും അതാത് ദിവസത്തെ കളക്ഷൻ തുക മുഴുവനായി ബാങ്കിൽ അടവാക്കുന്നില്ല എന്നും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-9-1 കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നത് കൃത്യമല്ല

(I)കളക്ഷൻ രജിസ്റ്ററിൽ ഓരോ ദിവസത്തെയും കളക്ഷൻ തുകയുടെ ആകെ, ബാങ്കിൽ അടവാക്കുന്ന തുക, മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ എല്ലാം തന്നെ പെൻസിൽ കൊണ്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(Ii) കളക്ഷൻ രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നാളിതുവരെ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(Iii) തുക ബാങ്കിൽ അടവാക്കുന്നതിന്റെ കൗണ്ടർ ഫോയിൽ സൂക്ഷിക്കുന്നില്ല.

(Iv)ബാങ്കിൽ നിന്നും പിൻവലിക്കുന്ന തുകകൾ ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതിന്റെ യാതൊരു രേഖകളും സൂക്ഷിക്കുകയോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തതായി കാണുന്നില്ല.

### 1-9-2 ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതാണ്

ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും രശീതി വരവ് ബാങ്കിൽ അടവാക്കുന്ന വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്കിൽ പേയ്മെന്റ് രേഖപ്പെടുത്താത്തതും എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം ബാങ്കിൽ അടവാക്കിയതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തിയതി | തുക |
|---|---|
| 5.2.20 | 16123 |
| 12.2.20 | 11249 |
| 14.2.20 | 4017 |
| 27.2.20 | 1695 |
| 28.2.20 | 7640 |
| 4.3.20 | 6717 |
| 6.3.20 | 23250 |
| 11.3.20 | 48936 |
| 18.3.20 | 14826 |

### 1-9-3 കളക്ഷൻ തുക മുഴുവനായി ബാങ്ക് അക്കൗണ്ടിൽ അടവാക്കുന്നില്ല.

കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ ദിവസത്തെയും കളക്ഷൻ തുക മുഴുവനായി ബാങ്കിൽ അടവാക്കുന്നില്ല എന്ന് കാണുന്നു. മാത്രമല്ല തുക അടവാക്കിയതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന

തിയതികളിലെ തുകകളും ആ ദിവസങ്ങളിലെ കളക്ഷൻ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(I)

| | |
|---|---|
| 28.3.19 ലെ മുന്നിരിപ്പ് | 328 |
| കളക്ഷൻ തിയതി 2.4.19 | 1658 |

29.3.19 ന് ബാങ്കിൽ അടവാക്കിയ തുക -750

28.3.19 ലെ മുന്നിരിപ്പ് 328 രൂപയും അടുത്ത കളക്ഷൻ തിയതി 2.4.19 ആണെന്നുമിരിക്കെ 29.3.19 ന് 750 രൂപ ബാങ്കിൽ എങ്ങനെ അടവാക്കി എന്നത് വ്യക്തമല്ല.

(Ii)

| | |
|---|---|
| 2.4..19 ലെ മുന്നിരിപ്പ് | 1236 |
| കളക്ഷൻ തിയതികൾ 3.4.19(338/- രൂപ), 8.4.19(100/-രൂപ), 9.4.19(105/- രൂപ) | 543 |
| | 1779 |

4.4.19 ന് ബാങ്കിൽ അടവാക്കിയ തുക - 1754

3.4.19 വരെയുള്ള കളക്ഷൻ തുക1574 ( 1236 + 338) രൂപയാണെന്നിരിക്കെ മേൽ പ്രകാരം തുക 4.4.19 ന് 1754/- രൂപ അടവാക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല.

കളക്ഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ക്യാഷ് ബുക്കിൽ കളക്ഷൻ തുക അടവാക്കുന്ന ബാങ്കിന്റെ നീക്കിയിരിപ്പ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. തുക ബാങ്കിൽ ഒടുക്കുന്നതിന്റെ വിവരങ്ങൾ കൂടി ചേർത്ത് ക്യാഷ് ബുക്ക് കൃത്യമാക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ അതാത് ദിവസത്തെ കളക്ഷൻ തുക മുഴുവനായി ബാങ്കിൽ അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ചേലക്കര- തൈകൾ /വിത്തുകൾ വിതരണം സ്റ്റോക്കുമായി പൊരുത്തപ്പെടുന്നില്ല

തൈകൾ, വിത്തുകൾ എന്നിവയുടെ വിതരണവുമായി ബന്ധപ്പെട്ട് ഇൻവോയ്സ് രജിസ്റ്ററുകൾ, ഫാം പ്രൊഡ്യൂസ്ഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത എണ്ണവും ആയത് സ്റ്റോക്കിൽ നിന്നും കുറവു ചെയ്തതും തമ്മിൽ പൊരുത്തപ്പെടുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം. / തിയതി | ഇനം | ഇൻവോയ്സ് പ്രകാരം വിതരണം നടത്തിയത് | സ്റ്റോക്കിൽ നിന്നും കുറവ് ചെയ്തത് ( എഫ് പി ആർ പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 3/19-20/29.11.19 | അമരാന്തസ് | 500 പാക്കറ്റ് @ 15 | - | |
| | എഫ് പി ആർ ൽ 28.11.19 ന് ഇൻവോയ്സ് 1പ്രകാരം 1900 ഗ്രാം അഗ്രോ ബസാറിന് കൈമാറിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ | | | | |

| | | | | | |
|---|---|---|---|---|---|
| | യഥാർത്ഥത്തിൽ ഇൻവോയ്സ് 1പ്രകാരം 31.10.19 ന് 200 പാക്കറ്റാണ് വിതരണം നടത്തിയിരിക്കുന്നത് ആയത് FPR ൽ നിന്നും കുറവ് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഇപ്രകാരം കുറവ് ചെയ്തതിലും വ്യത്യാസം കാണുന്നു. അതായത് 200 പാക്കറ്റ് എന്നത് 1400 ഗ്രാം ആണ്. എന്നാൽ FPR ൽ നിന്നും കുറവ് വരുത്തിയിരിക്കുന്നത് 1350 ഗ്രാം ആണ്. | | | | |
| 2 | 2/19-20/31.12.19 | അമരാന്തസ് | 500 പാക്കറ്റ് ( 7 ഗ്രാം / Pkt) = 3500 ഗ്രാം | 4000 ഗ്രാം | |
| 3 | ഇൻവോയ്സ് നം 4 മുതൽ 11 വരെ വിവിധ കൃഷി ഭവനുകൾക്ക് Assorted Veg. Seed Pkt കൾ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിൽ നിന്നും കുറവ് ചെയ്തത് പരിശോധിക്കുന്നതിന് എഫ് പി ആറിൽ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. | | | | |
| 4 | 2/19-20/31.12.19 | പാവയ്ക്ക | 500 പാക്കറ്റ് ( 5 ഗ്രാം / Pkt) = 2500 ഗ്രാം | 3000 ഗ്രാം | അഗ്രോ ബസാറിന് അനുവദിച്ചത് |
| 5 | 3/19-20/29.11.19 | “ ” | 300 പാക്കറ്റ് ( 5 ഗ്രാം / Pkt) = 1500 ഗ്രാം | 1900 ഗ്രാം | അഗ്രോ ബസാറിന് അനുവദിച്ചത് |
| 6 | 1/19-20/31.10.19 | Bindi Seeds | 200 പാക്കറ്റ് ( 12 ഗ്രാം / Pkt) = 2400 ഗ്രാം | 2350 ഗ്രാം | അഗ്രോ ബസാറിന് അനുവദിച്ചത്- |
| 7 | 2/19-20/31.12.19 | Bindi Seeds | 500 പാക്കറ്റ് ( 12 ഗ്രാം / Pkt) = 6000 ഗ്രാം | 5000 ഗ്രാം | “ ” |
| | എഫ് പി ആർ ൽ 23.12.19 ന് 5000 ഗ്രാം മാത്രം നീക്കിയിരിപ്പുള്ളപ്പോൾ എങ്ങനെ 6000ഗ്രാമിന് ഇൻവോയ്സ് തയ്യാറാക്കി സപ്ലൈ ചെയ്തു എന്ന് വ്യക്തമല്ല. | | | | |
| 8 | 1/19-20/31.10.19 | Snake Gourd | 200 പാക്കറ്റ് ( 1.5 ഗ്രാം / Pkt) = 300 ഗ്രാം | - | അഗ്രോ ബസാറിന് അനുവദിച്ചത്- |
| 9 | 2/19-20/31.12.19 | “” | 500 പാക്കറ്റ് ( 1.5 ഗ്രാം / Pkt) = 750 ഗ്രാം | 3000 ഗ്രാം | |
| 10 | 3/19-20/29.11.19 | “” | 250 പാക്കറ്റ് ( 1.5 ഗ്രാം / Pkt) = 375 ഗ്രാം | 1700 ഗ്രാം ( 28.11.19 ന് ഇഷ്യൂ കാണിച്ചു) | |

| | | | | | |
|---|---|---|---|---|---|
| 11 | 1/19-20/31.10.19 | Cucumber Seed | 200 പാക്കറ്റ് ( 6 ഗ്രാം / Pkt) = 1200 ഗ്രാം | 1300 ഗ്രാം | |
| 12 | 1/19-20/31.10.19 | Cowpea Lola | 200 പാക്കറ്റ് ( 9 ഗ്രാം / Pkt) = 1800 ഗ്രാം | 1680 ഗ്രാം | |
| | എഫ് പി ആർ ൽ 1680ഗ്രാം മാത്രം നീക്കിയിരിപ്പുള്ളപ്പോൾ എങ്ങനെ 1800 ഗ്രാമിന് ഇൻവോയ്സ് തയ്യാറാക്കി സപ്ലൈ ചെയ്തു എന്ന് വ്യക്തമല്ല. | | | | |
| 13 | 2/19-20/31.12.19 | “” | 500 പാക്കറ്റ് ( 9 ഗ്രാം / Pkt) = 4500 ഗ്രാം | 5000 ഗ്രാം | |
| 14 | 3/19-20/29.11.19 | “” | 250 പാക്കറ്റ് ( 9 ഗ്രാം / Pkt) = 2250ഗ്രാം | 2500 ഗ്രാം | |
| 15 | 1/19-20/31.10.19 | Chilli Seed | 200 പാക്കറ്റ് ( 3 ഗ്രാം / Pkt) = 600ഗ്രാം | 1200 ഗ്രാം | അഗ്രോ ബസാറിന് അനുവദിച്ചത്- |
| 16 | 2/19-20/31.12.19 | “ ” | 300 പാക്കറ്റ് ( 3 ഗ്രാം / Pkt) = 900ഗ്രാം | 1500 ഗ്രാം | |
| 17 | 3/19-20/29.11.19 | “ ” | 250 പാക്കറ്റ് ( 3 ഗ്രാം / Pkt) = 750ഗ്രാം | 1000 ഗ്രാം ( 28.11.19 ന് ഇഷ്യൂ കാണിച്ചു) | |
| | **ഇൻവോയ്സ് ബുക്ക് നം 4** | | | | |
| 18 | 184/28.5.19 | Bitter Gourd | 50 പാക്കറ്റ് ( 5 ഗ്രാം / Pkt) = 250ഗ്രാം | 50ഗ്രാം | |
| 19 | 183/24.5.19 | Brinjal | 400ഗ്രാം | -- | |
| 20 | 184/28.5.19 | Brinjal | 150 പാക്കറ്റ് | -- | |
| 21 | 183/24.5.19 | Bindi | 20 Kg | -- | |
| 22 | 184/28.5.19 | Bindi | 150 പാക്കറ്റ് ( 12 ഗ്രാം / Pkt) | -- | |
| 23 | 183/24.5.19 | അമരാന്തസ് | 150 പാക്കറ്റ് ( 7 ഗ്രാം / Pkt) = 1050ഗ്രാം | 1800ഗ്രാം | |

| | | | | | |
|---|---|---|---|---|---|
| 24 | 183/24.5.19 | Cucumber | 2 Kg | -- | |
| 25 | 184/28.5.19 | Cowpea Lola | 150 പാക്കറ്റ് ( 9 ഗ്രാം / Pkt) | -- | |
| 26 | 183/24.5.19 | Chilli | 500 പാക്കറ്റ് ( 3 ഗ്രാം / Pkt) | -- | |
| 27 | 184/28.5.19 | Chilli | 50പാക്കറ്റ് | | |
| 28 | | Assorted Seed Pkt | 200പാക്കറ്റ് / Rs. 15 | | |

മേൽ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 36/2.7.21) പലതും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വന്നിട്ടുള്ള തെറ്റുകളാണെന്നും, മറ്റ് ചിലത് ചില വിത്തുകളുടെ കുറവ് മൂലം പാക്കറ്റുകളുടെ എണ്ണം കൂട്ടുന്നതിനായി തൂക്കത്തിൽ ചില ക്രമീകരണങ്ങൾ വരുത്തിയതു മൂലമാണ് ഇത്തരത്തിൽ വ്യത്യാസം വന്നത് എന്നമാണ് മറുപടി ലഭ്യമാക്കിയത്. മേൽ പ്രകാരം തൂക്കത്തിൽ മാറ്റം വരുത്തുന്ന പക്ഷം ആയത് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്താൻ ശ്രദ്ധിക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വന്നിട്ടുള്ള തെറ്റുകൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-11 സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ചേലക്കര- ക്രെഡിറ്റ് സെയിൽ നടത്തിയത് തുക ഈടാക്കിയിട്ടില്ല**

ഇൻവോയ്സ് രജിസ്റ്റർ പ്രകാരം കൃഷിഭവനകളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും വിത്ത്, തൈകൾ എന്നിവ ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ ലഭിക്കേണ്ട തുകകൾ ലഭിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. / തിയതി | സ്ഥാപനം | തുക |
|---|---|---|
| 183/19-20/24.5.19 | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, എടത്തിരുത്തി | 35770 |
| 187/19-20/3.719 | അഗ്രി.ഓഫീസർ, കോലഴി കൃഷി ഭവൻ | 3200 |
| 188/19-20/3.7.19 | അഗ്രി.ഓഫീസർ, തോളൂർ കൃഷി ഭവൻ | 3200 |
| 189/19-20/3.7.19 | അഗ്രി.ഓഫീസർ, മുളങ്കുന്നത്ത്കാവ് കൃഷി ഭവൻ | 3200 |
| 190/19-20/3.7.19 | അഗ്രി.ഓഫീസർ, അയ്യന്തോൾ കൃഷി ഭവൻ | 3200 |
| 191/19-20/3.9.19 | അഗ്രി.ഓഫീസർ, അടാട്ട് കൃഷി ഭവൻ | 3200 |
| 192/19-20/3.7.19 | അഗ്രി.ഓഫീസർ, അവണൂർ കൃഷി ഭവൻ | 3200 |
| 193/19-20/3.7.19 | അഗ്രി.ഓഫീസർ,ഒല്ലൂർ കൃഷി ഭവൻ | 4800 |

| | | |
|---|---|---|
| 194/19-20/3.7.19 | അഗ്രി.ഓഫീസർ, കുർക്കഞ്ചേരി കൃഷി ഭവൻ | 4800 |
| 195/19-20/3.7.19 | അഗ്രി.ഓഫീസർ, പാറളം കൃഷി ഭവൻ | 4800 |
| 196/19-20/3.7.19 | അഗ്രി.ഓഫീസർ, വല്ലച്ചിറ കൃഷി ഭവൻ | 4800 |
| 197/19-20/3.7.19 | അഗ്രി.ഓഫീസർ, മുല്ലശ്ശേരി കൃഷി ഭവൻ | 18000 |
| 198/19-20/3.7.19 | അഗ്രി.ഓഫീസർ, വെങ്കിടങ്ങ് കൃഷി ഭവൻ | 18000 |
| 199/19-20/3.7.19 | അഗ്രി.ഓഫീസർ, എളവള്ളി കൃഷി ഭവൻ | 18000 |
| 200/19-20/3.7.19 | അഗ്രി.ഓഫീസർ, പാവറട്ടി കൃഷി ഭവൻ | 18000 |

തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നം. 36/2.7.21) രജിസ്റ്ററോ മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. മേൽ പ്രകാരം വിതരണം നടത്തിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തുകകൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, ഇരിങ്ങാലക്കുട - ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ ലഭിച്ച തുകകളുടെ വിവരം കൃത്യമായി സൂക്ഷിക്കുന്നില്ല.**

തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, ഇരിങ്ങാലക്കുടയുടെ 2019-20 വർഷത്തെ വില്പനയുമായി ബന്ധപ്പെട്ട് ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ കൃഷിഭവനുകളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും വിവിധ ഇനം തെങ്ങിൻതൈകൾ ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ ലഭിക്കേണ്ട തുകകൾ ലഭിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻ വോയ്സ് നം./ തിയതി | തുക | സ്ഥാപനം | അടവാക്കിയത് | അടവാക്കാൻ ബാക്കി |
|---|---|---|---|---|---|
| 1 | 2/19-20/7.6.19 | 40750 | കോടശ്ശേരി കൃഷിഭവൻ | 9780 | 30970 |
| 2 | 3/19-20/7.6.19 | 75000 | കോടശ്ശേരി കൃഷിഭവൻ | 39000 | 36000 |
| 3 | 5/19-20/11.6.19 | 62500 | ഏങ്ങണ്ടിയൂർ കൃഷിഭവൻ | - | 62500 |
| 4 | 6/19-20/11.6.19 | 4125 | ഏങ്ങണ്ടിയൂർ കൃഷിഭവൻ | - | 4125 |
| 5 | 7/19-20/12.6.19 | 93750 | മലയാറ്റൂർ, നീലേശ്വരം കൃഷിഭവൻ | 48750 | 45000 |
| 6 | 8/19-20/19.6.19 | 43125 | ആളൂർ കൃഷിഭവൻ | - | 43125 |
| 7 | 10/19-20/20.6.19 | 31250 | പെരിഞ്ഞനം കൃഷിഭവൻ | - | 31250 |
| 8 | 11/19-20/21.6.19 | 37500 | കൊണ്ടാഴി കൃഷിഭവൻ | 19500 | 18000 |
| 9 | 15/19- | 120000 | ഇരിങ്ങാ | 18000 | 84000 |

| | | | | | |
|---|---|---|---|---|---|
| | 20/26.7.19 | | ലക്കുട കൃഷിഭവൻ | | |
| 10 | 16/19-20/29.7.19 | 25500 | വേലൂർ കൃഷിഭവൻ | 12750 | 12750 |
| 11 | 17/19-20/29.7.19 | 27000 | കടങ്ങോട് കൃഷിഭവൻ | - | 27000 |
| 12 | 18/19-20/29.7.19 | 34500 | കുന്ദംകുളം മുനിസി പ്പാലിറ്റി | 17250 | 17250 |
| 13 | 19/19-20/29.7.19 | 126000 | പൊറ ത്തിശ്ശേരി കൃഷിഭവൻ | 63000 | 63000 |
| 14 | 20/19-20/30.7.19 | 18800 | പാറളം കൃഷിഭവൻ | 9400 | 9400 |
| 15 | 21/19-20/30.7.19 | 25500 | മുരിയാട് കൃഷിഭവൻ | 12750 | 12750 |
| 16 | 22/19-20/30.7.19 | 27000 | പറപ്പൂക്കര കൃഷിഭവൻ | 13500 | 13500 |
| 17 | 23/19-20/30.7.19 | 132000 | വെള്ളാങ്കല്ലൂർ കൃഷിഭവൻ | 66000 | 66000 |
| 18 | 24/19-20/30.7.19 | 22500 | നെന്മണിക്കര കൃഷിഭവൻ | - | 22500 |
| 19 | 25/19-20/30.7.19 | 25500 | തൃക്കൂർ കൃഷിഭവൻ | 12750 | 12750 |
| 20 | 26/19-20/30.7.19 | 20700 | പരിയാരം കൃഷിഭവൻ | 10350 | 10350 |
| 21 | 27/19-20/30.7.19 | 30000 | കോടശ്ശേരി കൃഷിഭവൻ | - | 30000 |
| 22 | 28/19-20/2.8.19 | 116250 | പറപ്പൂക്കര കൃഷിഭവൻ | 58125 | 58125 |
| 23 | 29/19-20/3.8.19 | 100000 | കോടശ്ശേരി കൃഷിഭവൻ | - | 100000 |
| 24 | 30/19-20/5.8.19 | 141250 | മറ്റത്തൂർ കൃഷിഭവൻ | - | 141250 |
| 25 | 31/19-20/6.8.19 | 127500 | നടത്തറ കൃഷിഭവൻ | 76500 | 76500 |
| 26 | 32/19-20/7.8.19 | 105000 | മറ്റത്തൂർ കൃഷിഭവൻ | - | 105000 |
| 27 | 33/19-20/7.8.19 | 84500 | ചേർപ്പ് കൃഷിഭവൻ | - | 84500 |
| 28 | 35/19-20/14.8.19 | 5250 | മുരിയാട് കൃഷിഭവൻ | - | 5250 |
| 29 | 36/19-20/17.9.19 | 5250 | പൊറ ത്തിശ്ശേരി കൃഷിഭവൻ | - | 5250 |
| 30 | 37/19-20/29.10.19 | 52100 | നെടുമ്പാ ശ്ശേരി കൃഷിഭവൻ | 26050 | 26050 |
| 31 | 38/19-20/29.10.19 | 60000 | ശ്രീമൂലനഗരം കൃഷിഭവൻ | - | 60000 |
| 32 | 39/19-20/29.10.19 | 67500 | ചെങ്ങമനാട് കൃഷിഭവൻ | 33750 | 33750 |
| 33 | 40/19-20/30.11.19 | 20000 | വെങ്കിടങ്ങ് കൃഷിഭവൻ | - | 20000 |
| 34 | 41/19-20/7.6.19 | 20000 | വെങ്കിടങ്ങ് കൃഷിഭവൻ | - | 20000 |

| | | | | | |
|---|---|---|---|---|---|
| 35 | 42/19-20/30.12.19 | 100000 | ചാഴൂർ കൃഷിഭവൻ | - | 100000 |
| 36 | 43/19-20/1.1.20 | 25000 | അരിമ്പൂർ കൃഷിഭവൻ | - | 25000 |
| 37 | 44/19-20/18.1.20 | 278000 | മുല്ലശ്ശേരി കൃഷിഭവൻ | - | 278000 |
| 38 | 45/19-20/22.1.20 | 116000 | ചേർപ്പ് കൃഷിഭവൻ | - | 116000 |
| 39 | 46/19-20/22.1.20 | 90000 | പാറളം കൃഷിഭവൻ | - | 90000 |
| 40 | 47/19-20/29.1.20 | 38000 | മണലൂർ കൃഷിഭവൻ | - | 38000 |
| 41 | 48/19-20/1.2.20 | 35000 | പാറളം കൃഷിഭവൻ | - | 35000 |
| 42 | 49/19-20/4.2.20 | 23000 | വെങ്കിടങ്ങ് കൃഷിഭവൻ | - | 23000 |
| 43 | 50/19-20/4.2.20 | 20000 | ചേർപ്പ് കൃഷിഭവൻ | - | 20000 |
| 44 | 51/19-20/6.2.20 | 65000 | മുല്ലശ്ശേരി കൃഷിഭവൻ | - | 65000 |
| 45 | 52/19-20/6.2.20 | 100500 | അടാട്ട് കൃഷിഭവൻ | - | 100500 |
| 46 | 53/19-20/6.2.20 | 60000 | കൈപ്പറമ്പ് കൃഷിഭവൻ | - | 60000 |
| 47 | 54/19-20/6.2.20 | 60000 | തോളൂർ കൃഷിഭവൻ | - | 60000 |
| 48 | 55/19-20/12.2.20 | 77000 | ചാഴൂർ കൃഷിഭവൻ | - | 77000 |
| 49 | 56/19-20/26.2.20 | 9800 | എറിയാട് കൃഷിഭവൻ | 2800 | 7000 |
| 50 | 58/19-20/26.2.20 | 9800 | കൈപ്പറമ്പ് കൃഷിഭവൻ | 2800 | 7000 |
| 51 | 59/19-20/26.2.20 | 9800 | എടത്തി രുത്തി കൃഷിഭവൻ | 2800 | 7000 |
| 52 | 60/19-20/28.2.20 | 40000 | വെങ്കിടങ്ങ് കൃഷിഭവൻ | - | 40000 |
| 53 | 61/19-20/28.2.20 | 97160 | മറ്റത്തൂർ കൃഷിഭവൻ | - | 97160 |
| 54 | 62/19-20/29.2.20 | 40000 | അരിമ്പൂർ കൃഷിഭവൻ | - | 40000 |
| 55 | 63/19-20/3.3.20 | 4000 | പാറളം കൃഷിഭവൻ | - | 4000 |
| 56 | 64/19-20/3.3.20 | 40000 | വെങ്കിടങ്ങ് കൃഷിഭവൻ | - | 40000 |
| 57 | 65/19-20/9.3.20 | 9800 | പാറളം കൃഷിഭവൻ | - | 9800 |
| 58 | 66/19-20/16.3.20 | 15000 | അരിമ്പൂർ കൃഷിഭവൻ | - | 15000 |
| 59 | 67/19-20/16.3.20 | 4100 | മുല്ലശ്ശേരി കൃഷിഭവൻ | - | 4100 |
| 60 | 67 A/19-20/26.3.20 | 371000 | ADA ഇരിങ്ങാലക്കുട | - | 371000 |

മേൽ പ്രകാരമുള്ള തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും തുകകൾ ലഭ്യമായിട്ടില്ലാത്തപക്ഷം ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/22.2.21) കൃഷി ഭവനുകൾ ഗവ. തെങ്ങിൻ തൈ നേഴ്സറിയിൽ കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിൽ നെഫ്റ്റ് മുഖേന ക്രമീകരിക്കുകയും ഈ തുകകൾ ജില്ലാ പഞ്ചായത്തിൽ അടവാക്കിയതായും അറിയിച്ചിട്ടുണ്ട്. കൃഷിഭവനുകൾ തുക ക്രമീകരിക്കുന്ന തിയതിയോ യു ടി ആർ നമ്പറോ രേഖാമൂലം എഴുതി അറിയിക്കാത്തതിനാലാണ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്താൻ സാധിക്കാതെ വരുന്നത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൃഷി ഭവനുകളുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ തുകയുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, തുക ലഭ്യമാകാത്ത സംഗതികളിൽ ആയത് ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-13 നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാം - ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ വൻ തുക കുടിശ്ശിക**

നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാമിന്റെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ കൃഷിഭവനുകളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും വിത്ത്, തൈകൾ എന്നിവ ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ ലഭിക്കേണ്ട തുകകൾ ലഭിച്ചതായി രജിസ്റ്ററിലോ മറ്റ് രേഖകളിലോ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. / തിയതി | സ്ഥാപനം | തുക |
|---|---|---|
| 1/19-20/27.5.19 | സീനി അഗ്രി. ഓഫീസർ SSF, എടത്തിരുത്തി | 1000 |
| 2/19-20/10.6.19 | അഗ്രി.ഓഫീസർ, വെള്ളാങ്കല്ലൂർ കൃഷി ഭവൻ | 42667 |
| 3/19-20/12.6.19 | അഗ്രി.ഓഫീസർ, എടവിലങ്ങ് കൃഷി ഭവൻ | 35000 |
| 4/19-20/5.7.19 | സീനി അഗ്രി.ഓഫീസർ SSF,ഒക്കൽ | 8560 |
| 5/19-20/24.7.19 | അഗ്രി.ഓഫീസർ, പൊറത്തിശ്ശേരി കൃഷി ഭവൻ | 10800 |
| 6/19-20/24.719 | അഗ്രി.ഓഫീസർ, പറപ്പൂക്കര കൃഷി ഭവൻ | 14400 |
| 7/19-20/24.7.19 | അഗ്രി.ഓഫീസർ, കാട്ടൂർ കൃഷി ഭവൻ | 14400 |
| 8/19-20/24.7.19 | അഗ്രി.ഓഫീസർ, ഇരിങ്ങാലക്കുട കൃഷി ഭവൻ | 7200 |
| 9/19-20/24.7.19 | അഗ്രി.ഓഫീസർ, കാറളം കൃഷി ഭവൻ | 7200 |
| 10/19- | അഗ്രി.ഓഫീസർ, | 131200 |

| | | |
|---|---|---|
| 20/3.9.19 | അന്തിക്കാട് കൃഷി ഭവൻ | |
| 11/19-20/24.9.19 | അഗ്രി.ഓഫീസർ, വെള്ളാങ്കല്ലൂർ കൃഷി ഭവൻ | 100000 |
| 12/19-20/16.10.19 | അഗ്രി.ഓഫീസർ, കാട്ടൂർ കൃഷി ഭവൻ | 8800 |
| 13/19-20/16.10.19 | അഗ്രി.ഓഫീസർ, ഇരിങ്ങാലക്കുട കൃഷി ഭവൻ | 8800 |
| 14/19-20/16.10.19 | അഗ്രി.ഓഫീസർ, മുരിയാട്കൃഷി ഭവൻ | 17600 |
| 15/19-20/16.10.19 | അഗ്രി.ഓഫീസർ, കാറളം കൃഷി ഭവൻ | 17600 |
| 17/19-20/31.10.19 | സീനി അഗ്രി.ഓഫീസർ SSF,കോടശ്ശേരി | 300 |
| 18/19-20/31.10.19 | സീനി അഗ്രി.ഓഫീസർ SSF,എടത്തിരുത്തി | 39102 |
| 16/19-20/31.10.19 | അഗ്രി.ഓഫീസർ, പടിയൂർ കൃഷി ഭവൻ | 38250 |
| 19/19-20/18.11.19 | അഗ്രി.ഓഫീസർ, പൂമംഗലം കൃഷി ഭവൻ | 1000 |
| 20/19-20/18.11.19 | അഗ്രി.ഓഫീസർ, പൂമംഗലം കൃഷി ഭവൻ | 6000 |
| 21/19-20/4.12.19 | അഗ്രി.ഓഫീസർ, പൊയ്യ കൃഷി ഭവൻ | 6000 |
| 22/19-20/16.10.19 | അഗ്രി.ഓഫീസർ, വേളൂക്കര കൃഷി ഭവൻ | 115000 |
| 23/19-20/12.12.19 | അഗ്രി.ഓഫീസർ, ഉദയനാപുരം കൃഷി ഭവൻ | 70800 |
| 24/19-20/27.12.19 | അഗ്രി.ഓഫീസർ, പുത്തൻചിറ കൃഷി ഭവൻ | 30000 |
| 25/19-20/22.1.20 | അഗ്രി.ഓഫീസർ, മറ്റത്തൂർ കൃഷി ഭവൻ | 16800 |

| | | |
|---|---|---|
| 26/19-20/5.2.20 | അഗ്രി.ഓഫീസർ, കോടശ്ശേരി കൃഷി ഭവൻ | 3000 |
| 27/19-20/6.2.20 | SSF,നടവരമ്പ് | 38850 |
| 28/19-20/17.2.20 | അഗ്രി.ഓഫീസർ, വെള്ളാങ്കല്ലൂർ കൃഷി ഭവൻ | 19000 |
| 29/19-20/17.2.20 | അഗ്രി.ഓഫീസർ, മാള കൃഷി ഭവൻ | 20025 |
| 30/19-20/17.2.20 | അഗ്രി.ഓഫീസർ, ഇരിങ്ങാലക്കുട കൃഷി ഭവൻ | 18340 |
| 31/19-20/17.2.20 | AFO, തൃശ്ശൂർ | 7150 |
| 32/19-20/17.2.20 | അഗ്രി.ഓഫീസർ, വിൽവട്ടം കൃഷി ഭവൻ | 3450 |
| 33/19-20/17.2.20 | അഗ്രി.ഓഫീസർ, ഒല്ലൂക്കര കൃഷി ഭവൻ | 3450 |
| 34/19-20/17.2.20 | അഗ്രി.ഓഫീസർ, ഒല്ലൂർ കൃഷി ഭവൻ | 2100 |
| 35/19-20/17.2.20 | അഗ്രി.ഓഫീസർ, കുർക്കഞ്ചേരി കൃഷി ഭവൻ | 2100 |
| 36/19-20/22.2.20 | AFO, തൃശ്ശൂർ | 16000 |
| 37/19-20/12.3.20 | അഗ്രി.ഓഫീസർ, പൊറത്തിശ്ശേരി കൃഷി ഭവൻ | 17600 |
| 38/19-20/12.3.20 | അഗ്രി.ഓഫീസർ, പറപ്പൂക്കര കൃഷി ഭവൻ | 17600 |
| 39/19-20/16.3.20 | അഗ്രി.ഓഫീസർ, വലപ്പാട് കൃഷി ഭവൻ | 15750 |
| 40/19-20/16.3.20 | അഗ്രി.ഓഫീസർ, നാട്ടിക കൃഷി ഭവൻ | 15750 |
| 42/19-20/16.3.20 | അഗ്രി.ഓഫീസർ, വാടാനപ്പിള്ളി കൃഷി ഭവൻ | 15750 |
| 43/19-20/16.3.20 | അഗ്രി.ഓഫീസർ, ഏങ്ങണ്ടിയൂർ കൃഷി | 15750 |

| | | |
|---|---|---|
| | ഭവൻ | |
| 44/19-20/16.3.20 | ADA വെള്ളാങ്കല്ലൂർ | 3500 |
| 45/19-20/17.3.20 | AFO, തൃശ്ശൂർAFO, തൃശ്ശൂർ | 14700 |
| 46/19-20/18.3.20 | അഗ്രി.ഓഫീസർ, ചേർപ്പ് കൃഷി ഭവൻ | 25000 |
| 47/19-20/18.3.20 | അഗ്രി.ഓഫീസർ, വല്ലച്ചിറ കൃഷി ഭവൻ | 22500 |
| 48/19-20/18.3.20 | അഗ്രി.ഓഫീസർ, പാറളം കൃഷി ഭവൻ | 22500 |
| 49/19-20/18.3.20 | അഗ്രി.ഓഫീസർ, ഒല്ലൂർ കൃഷി ഭവൻ | 22500 |
| 50/19-20/18.3.20 | അഗ്രി.ഓഫീസർ, ക്കുർക്കഞ്ചേരി കൃഷി ഭവൻ | 22500 |
| 51/19-20/18.3.20 | അഗ്രി.ഓഫീസർ, അവിണിശ്ശേരി കൃഷി ഭവൻ | 23000 |
| 52/19-20/18.3.20 | അഗ്രി.ഓഫീസർ, ചേർപ്പ് കൃഷി ഭവൻ | 10500 |
| 53/19-20/18.3.20 | അഗ്രി.ഓഫീസർ, വല്ലച്ചിറ കൃഷി ഭവൻ | 10500 |
| 54/19-20/18.3.20 | അഗ്രി.ഓഫീസർ, പാറളം കൃഷി ഭവൻ | 10500 |
| 55/19-20/18.3.20 | അഗ്രി.ഓഫീസർ, ഒല്ലൂർ കൃഷി ഭവൻ | 24000 |
| 56/19-20/18.3.20 | അഗ്രി.ഓഫീസർ, ക്കുർക്കഞ്ചേരി കൃഷി ഭവൻ | 24000 |
| 57/19-20/18.3.20 | അഗ്രി.ഓഫീസർ, അവിണിശ്ശേരി കൃഷി ഭവൻ | 10500 |

തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നം. 33/16.2.21) രജിസ്റ്ററോ മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. മേൽ പ്രകാരം വിതരണം നടത്തിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തുകകൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-14 നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാം - ഫാം പ്രൊഡ്യൂസേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ**

നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാമിന്റെ വിത്ത് /തൈകൾ എന്നിവയുടെ വിതരണവും ഉല്പാദനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന പ്രധാനപ്പെട്ട രേഖകളിൽ ഒന്നാണ് ഫാം പ്രൊഡ്യൂസേഴ്സ് രജിസ്റ്റർ. രജിസ്റ്ററിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. തൈകൾ / വിത്തുകൾ എന്നിവ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫാം പ്രൊഡ്യൂസേഴ്സ് രജിസ്റ്റർ, ഇൻവോയ്സുകൾ എന്നിവ പരിശോധിച്ചതിൽ ഇൻവോയ്സുകൾ പ്രകാരമുള്ള വിതരണ തിയതിയും രജിസ്റ്റർ പ്രകാരമുള്ള വിതരണ തിയതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| **ഇൻവോയ്സ് നം./തിയതി** | **ഇൻവോയ്സ് രജിസ്റ്റർ പ്രകാരം വിതരണതിയതി** | **FPR പ്രകാരം വിതരണം നടത്തിയ തിയതി** |
|---|---|---|
| 11/19-20/24.4.19 | 24.9.19 | 24.9.19 |
| 46/19-20/18.3.20 | 18.3.20 | 20.2.20 |
| 47/19-20/18.3.20 | 18.3.20 | 24.2.20 |

2. ഫാം പ്രൊഡ്യൂസേഴ്സ് രജിസ്റ്റർ, ഇൻവോയ്സുകൾ, ഇൻവോയ്സ് രജിസ്റ്റർ എന്നിവയുമായി ചേർത്ത് പരിശോധിച്ചതിൽ തൈകൾ / വിത്തുകൾ എന്നിവ വിതരണം നടത്തുമ്പോൾ കൃത്യമായി സ്റ്റോക്കിൽ നിന്നും കുറവ് ചെയ്യുന്നില്ല എന്ന് കാണുന്നു.

(I)ഇൻവോയ്സ് നം. 18/19-20/31.10.19 പ്രകാരം വഴുതന തൈകൾ 784 എണ്ണം എടത്തിരുത്തി എസ് എസ് എഫി ന് നൽകിയതായി ഇൻവോയ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ എഫ് പി ആറിൽ നിന്നും 21.6.19 ന് തന്നെ 784എണ്ണം കുറവ് ചെയ്ത് കാണിച്ചിട്ടുണ്ട്.

(Ii) ഇൻവോയ്സ് നം. 21/19-20/4.12.19 പ്രകാരം വഴുതന തൈകൾ 500 എണ്ണം പൊയ്യ കൃഷിഭവന് നൽകിയിട്ടുണ്ട്. എന്നാൽ എഫ് പി ആറിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത് 250 എണ്ണമാണ്.

(Iii) ഇൻവോയ്സ് നം. 24/19-20/27.12.19 പ്രകാരം വഴുതന തൈകൾ 800 എണ്ണം പുത്തൻചിറ കൃഷിഭവന് നൽകിയിട്ടുണ്ട്. എന്നാൽ എഫ് പി ആറിൽ നിന്നും കുറവ് ചെയ്തു കാണുന്നില്ല.

(Iv) Marygold Seedlings Yellow- ഇൻവോയ്സ് നം. 2/19-20/10.6.19 പ്രകാരം 4267 എണ്ണം വെള്ളാങ്കല്ലൂർ കൃഷിഭവന് നൽകിയിട്ടുണ്ട് (ഇൻവോയ്സ് രജിസ്റ്ററിലും). എന്നാൽ എഫ് പി ആറിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത് 4201 എണ്ണമാണ്.

(V) Cowpea - ഇൻവോയ്സ് നം. 46/19-20/18.3.20 പ്രകാരം 1800 എണ്ണം വല്ലച്ചിറ കൃഷിഭവന് നൽകിയിട്ടുണ്ട്. എന്നാൽ എഫ് പി ആറിൽ നിന്നും കുറവ് ചെയ്തു കാണുന്നില്ല.

രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും അപാകത പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 രശീതി എഴുതുന്നതിൽ കാലതാമസം - അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്

സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പാണഞ്ചേരി രശീതി വരവ്, ഒടുക്ക് എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ പരിശോധിച്ചതിൽ വരവുകൾക്ക് രശീതി എഴുതുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. അതായത് നെഫ്റ്റ് വഴി വരുന്ന തുകകൾക്ക് അതാത് ദിവസം തന്നെ രശീതി എഴുതി കാണുന്നില്ല. പിന്നീടാണ് രശീതി എഴുതുന്നതായി കാണുന്നത്.

ഉദാ : 1) 18.2.20ന് പൂന്നയൂർ കൃഷിഭവനിൽനിന്നും അക്കൗണ്ടിൽ വരവ് വന്ന 3850രൂപ 3.3.20 നാണ് രശീതി മുഖേന ( രശീതി നം. 68/819) വരവ് കാണിച്ചിരിക്കുന്നത്.

2) പോർക്കുളം കൃഷിഭവനിൽ നിന്നും 30.9.19 ന് അക്കൗണ്ടിൽ വരവ് വന്ന 2125 രൂപ 3.3.20 നാണ് രശീതി മുഖേന ( രശീതി നം. 69/819) വരവ് കാണിച്ചിരിക്കുന്നത്.

നെഫ്റ്റ് വഴി വരുന്ന എല്ലാ തുകകൾക്കും രശീതി എഴുതുന്നുണ്ടോ എന്നത് സംബന്ധിച്ചും അല്ലെങ്കിൽ ഏത് സ്ഥാപനത്തിൽ നിന്നും തുക ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്ന മുറയ്ക്ക് മാത്രമാണോ രശീതി എഴുതുന്നത് എന്നത്

സംബന്ധിച്ചുള്ള കാര്യത്തിൽ വ്യക്തത വരുത്താൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം - 37/19-20 തി. 2.7.21) നെഫ്റ്റ് വഴി വരുന്ന തുകകൾ ഏത് കൃഷിഭവനിൽ നിന്നും ഏത് ഇൻവോയ്സ് പ്രകാരം വന്നതാണെന്ന് തിരിച്ചറിയാതെ രശീതി നൽകുന്നത് പ്രോയോഗികമല്ല എന്നും തുക നിക്ഷേപിക്കുന്ന കൃഷി ഓഫീസർ / അസിസ്റ്റന്റ് ഡയറക്ടർ യഥാസമയം ഓഫീസിൽ അറിയിക്കുന്നില്ല എന്നും ഏത് സ്ഥാപനത്തിൽ നിന്നുമാണ് തുക ലഭ്യമായത് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമാണ് രശീതി നൽകുന്നത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

മേൽ പ്രകാരം നെഫ്റ്റ് വഴി വരുന്ന എല്ലാ തുകകൾക്കും രശീതി നൽകാതെ ഐഡന്റിഫൈ ചെയ്യുന്ന തുകകൾക്ക് മാത്രം രശീതി എഴുതുന്ന പ്രവണതയാണ് സ്ഥാപനത്തിൽ നിലനിൽക്കുന്നത് എന്നതിനാൽ തന്നെ കളക്ഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്നതിൻ പ്രകാരം വില്പനയിലൂടെയുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധ്യമല്ലാതെ വരുന്നു.

കൃഷിഭവനുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ക്രെഡിറ്റ് സെയിലിൽ തൈകൾ /വിത്തുകൾ നൽകുമ്പോൾ തുക കൃത്യമായി ലഭിക്കുന്നുണ്ട് എന്നും, നെഫ്റ്റ് വഴി ആണെങ്കിൽ ഏത് സ്ഥാപനത്തിൽ നിന്നാണ് തുക ലഭ്യമാകുന്നത് എന്നത് സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് തന്നെ സ്ഥാപനത്തിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനുള്ള അടിയന്തര നടപടികൾ സ്ഥാപനം കൈകൊള്ളേണ്ടതാണ്.

**1-16 എടത്തിരുത്തി, മണ്ണുത്തി, പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമുകളിലെ രസീതി വരവ് അവയുടെ ഒടുക്ക് എന്നിവ സംബന്ധിച്ച നിരീക്ഷണങ്ങൾ**

ഓഡിറ്റിനു വിധേയമാക്കിയ എടത്തിരുത്തി, മണ്ണുത്തി, പഴയന്നൂർ എന്നീ സ്റ്റേറ്റ് സീഡ് ഫാമുകളിലെ രസീതി വരവ്, അവയുടെ ഒടുക്ക്, രജിസ്റ്ററുകളും മറ്റു രേഖകളുടെയും സൂക്ഷിപ്പ് എന്നിവ സംബന്ധിച്ചുള്ള പൊതുവായ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1-16-1 എടത്തിരുത്തി സ്റ്റേറ്റ് സീഡ് ഫാം**

ഓഡിറ്റിനു വിധേയമാക്കിയ രസീതി പുസ്തകം നം.813, ഫാമിന്റെ റെമിറ്റൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

25-01-2020മുതൽ 07-09-2020 വരെയുള്ള വരവുകൾ രസീതി പുസ്തകം നം.813 പ്രകാരമാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത വരവുകൾ ജില്ലാപഞ്ചായത്തിൽ അടവാക്കിയതിന്റെയും തുടർന്ന് ഉപയോഗിച്ചിട്ടുള്ള രസീതി പുസ്തകങ്ങളായ 846, 854, 861, 872 എന്നിവ പ്രകാരം ലഭിച്ച വരവുകൾ ജില്ലാപഞ്ചായത്തിൽ അടവാക്കിയതിന്റെയും വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു. രസീതി പുസ്തകങ്ങൾ 846, 854, 861, 872 എന്നിവയിലെ വരവുകൾ റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

| ക്രമ നം | പിരിവ് കാലയളവ് | | രശീതി നമ്പർ/ പുസ്തകം | | ആകെ പിരിവ് തുക | ജില്ലാപഞ്ചായത്തിൽ അടവാക്കിയ തീയതി |
|---|---|---|---|---|---|---|
| | മുതൽ | വരെ | മുതൽ | വരെ | | |
| 1 | 25-01-2020 | 26-05-2020 | 1/813 | 62/813 | 68668 | 27-05-2020 |
| 2 | 04-06-2020 | 11-08-2020 | 63/813 | 86/813 | 45068 | 13-08-2020 |
| 3 | 12-08-2020 | 07-09-2020 | 87/813 | 100/813 | 319624 | 18-02-2021 |
| | 15-09-2020 | 16-12-2020 | 1/846 | 100/846 | | |

| | | | | | | |
|---|---|---|---|---|---|---|
| | 16-12-2020 | 15-02-2021 | 1/854 | 100/854 | | |
| | 15-02-2021 | 16-02-2021 | 1/861 | 2/861 | | |
| 4 | 18-02-2021 | 31-03-2021 | 3/861 | 100/861 | 1721294 | 31-03-2021 |
| | 31-03-2021 | 31-03-2021 | 1/872 | 9/872 | | |

(2019-20 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിട്ടുള്ള രസീതി പുസ്തകങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. രസീതി പുസ്തകങ്ങൾ 846, 854, 861, 872 എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ രസീതി പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിച്ചിട്ടില്ല. റെമിറ്റൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.)

രസീതികൾ പ്രകാരം ലഭ്യമാകുന്ന വരവുകൾ സ്ഥാപനത്തിന്റെ പേരിലുള്ള എസ്.ബി.ഐ ഇരിഞ്ഞാലക്കുട ടൗൺ ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ടിൽ അടവാക്കുകയും മാസങ്ങൾക്കു ശേഷം ജില്ലാപഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രസീതി വരവ് ബാങ്കിലൊടുക്കിയ വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രസീതി പിരിവ്, കയ്യിരിപ്പ് തുക (ബാങ്കിലൊടുക്കിയ തുക കഴിച്ച് ബാക്കി) കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.53/14-09-2021) മറുപടിയിൽ "നിലവിൽ ജില്ലാ പഞ്ചായത്തിൽ അടക്കുമ്പോഴാണ് കാഷ്ബുക്കിൽ വരവ് വെക്കുന്നത്. രസീതി വരവ് ബാങ്കിലൊടുക്കുന്നത് കാഷ് ബുക്കിൽ രേഖപ്പെടുത്തിയാൽ പ്രസ്തുത തുക തന്നെ ജില്ലാ പഞ്ചായത്തിൽ അടയ്ക്കുമ്പോൾ വീണ്ടും വരവുവെക്കുവാൻ സാധിക്കുകയില്ല." ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാഷ് ബുക്കിൽ ബാങ്ക് ഇടപാടുകൾക്കായി പ്രത്യേക കോളത്തിൽ രേഖപ്പെടുത്തലുകൾ നടത്തി കണക്കു കൃത്യമായി സൂക്ഷിക്കുന്നതിന് തടസ്സമില്ല എന്നതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1-16-2 മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാം**

ഓഡിറ്റിനു വിധേയമാക്കിയ രസീതി പുസ്തകങ്ങൾ നം.811, 814, 823, 825 മുതലായവ, ഫാമിന്റെ റെമിറ്റൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

13-01-2020 മുതൽ 17-06-2020 വരെയുള്ള വരവുകൾ മേൽ രസീതി പുസ്തകങ്ങൾ പ്രകാരമാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത വരവുകൾ ജില്ലാപഞ്ചായത്തിൽ അടവാക്കിയതിന്റെയും തുടർന്ന് ഉപയോഗിച്ചിട്ടുള്ള രസീതി പുസ്തകങ്ങളായ 830, 834, 836 എന്നിവ പ്രകാരം ലഭിച്ച വരവുകൾ ജില്ലാപഞ്ചായത്തിൽ അടവാക്കിയതിന്റെയും വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു. രസീതി പുസ്തകങ്ങൾ 830, 834, 836 എന്നിവയിലെ വരവുകൾ റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

| ക്രമ നം | പിരിവ് കാലയളവ് | | രസീതി നമ്പർ/ പുസ്തകം | | ആകെ പിരിവ് തുക | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തീയതി |
|---|---|---|---|---|---|---|
| | മുതൽ | വരെ | മുതൽ | വരെ | | |
| 1 | 13-01- | 25-01- | 36/811 | 100/811 | 379388 | 12-02-2020 |

| | | | | | | |
|---|---|---|---|---|---|---|
| | 2020 | 2020 | | | | |
| | 25-01-2020 | 19-02-2020 | 1/814 | 100/814 | | |
| | 19-02-2020 | 25-02-2020 | 1/823 | 24/823 | | |
| 2 | 26-02-2020 | 11-03-2020 | 25/823 | 97/823 | 217669 | 12-03-2020 |
| 3 | 11-03-2020 | 12-03-2020 | 98/823 | 100/823 | 72070 | 30-03-2020 |
| | 12-03-2020 | 20-03-2020 | 1/825 | 17/825 | | |
| 4 | 20-03-2020 | 09-05-2020 | 18/825 | 100/825 | 1050751 | 19-06-2020 |
| | 14-05-2020 | 04-06-2020 | 2/830 | 100/830 | | |
| | 05-06-2020 | 12-06-2020 | 1/834 | 100/834 | | |
| | 15-06-2020 | 17-06-2020 | 1/836 | 65/836 | | |

(2019-20 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിട്ടുള്ള രസീതി പുസ്തകങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. രസീതി പുസ്തകങ്ങൾ 830, 834, 836 എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ രസീതി പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിച്ചിട്ടില്ല. റെമിറ്റൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.)

രസീതികൾ പ്രകാരം ലഭ്യമാകുന്ന വരവുകൾ സ്ഥാപനത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അടവാക്കുകയും മാസങ്ങൾക്കു ശേഷം ജില്ലാപഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രസീതി വരവ് ബാങ്കിലൊടുക്കിയ വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രസീതി പിരിവ്, കയ്യിരിപ്പ് തുക (ബാങ്കിലൊടുക്കിയ തുക കഴിച്ച് ബാക്കി) കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

**<u>ട്രഷറിയിൽ നിന്നും പിൻവലിച്ച തുക കാഷ്ബുക്കിൽ വരവു രേഖപ്പെടുത്തിയിട്ടില്ല</u>**

ട്രഷറിയിൽ നിന്നും ബിൽ ബുക്ക് നം. 10/19-02-2020 പ്രകാരം പിൻവലിച്ച 150383 രൂപ, 12/20-03-20 പ്രകാരം പിൻവലിച്ച 40356 രൂപ എന്നിവ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.54, തിയ്യതി - 14-09-2021 ന്റെ മറുപടിയിൽ "കാഷ് ബുക്കുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് നിർദ്ദേശങ്ങൾ 14-09-2021 തിയ്യതി മുതൽ പാലിച്ചു വരുന്നുണ്ട് എന്നും മറ്റ് നിർദ്ദേശങ്ങൾ തുടർന്ന് ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 1-16-3 പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാം

ഫാമിലെ രസീതി വരവ്, ജില്ലാപഞ്ചായത്തിലേയ്ക്കുള്ള റെമിറ്റൻസ്, 2019-20 സാമ്പത്തിക വർഷത്തിലെ ദൈനംദിന ചെലവ് എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### എ) രസീതി വരവുകൾ

രസീതികൾ പ്രകാരം ലഭ്യമാകുന്ന വരവുകൾ സ്ഥാപനത്തിന്റെ പേരിലുള്ള എസ്.ബി.ഐ പഴയന്നൂർ (അക്കൗണ്ട് നം.67251738657) ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ടിൽ അടവാക്കുകയും മാസങ്ങൾക്കു ശേഷം ജില്ലാപഞ്ചായത്തിൽ അടക്കുകയുമാണ് ചെയ്തു വരുന്നത്. ബാങ്കിൽ നേരിട്ട് (NEFT) ലഭിക്കുന്ന തുക ഉൾപ്പെടെയാണ് ജില്ലാപഞ്ചായത്തിൽ അടയ്ക്കുന്നത്. റെമിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ജില്ലാപഞ്ചായത്തിൽ അടക്കുന്ന തുകയുടെ വിവരങ്ങൾ രസീതി വരവ്, NEFT തുക എന്നിവ ഏതു തിയ്യതി മുതൽ ഏതു തിയ്യതി വരെയാണ് എന്നോ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ അടയ്ക്കുന്ന തുകയുടെ കൃത്യത പൂർണ്ണമായും ഉറപ്പാക്കുന്നതിന് സാധ്യമല്ല.

### ബി) കാഷ്ബുക്ക് ഹാജരാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന് 20-10-2019 തിയ്യതി വരെയുള്ള കാഷ്ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ രസീതി വരവ് ബാങ്കിലൊടുക്കിയ വിവരം കാഷ് ബുക്കിൽ എല്ലായ്പ്പോഴും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രസീതി പിരിവ്, കയ്യിരിപ്പ് തുക (ബാങ്കിലൊടുക്കിയ തുക കഴിച്ച് ബാക്കി) മുതലായവയും കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജില്ലാപഞ്ചായത്തിൽ കാലതാമസം കൂടാതെ തുക അടവാക്കുന്നതിനും കാഷ്ബുക്ക്, റെമിറ്റൻസ് രജിസ്റ്റർ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.58, തിയ്യതി - 7-10-2021 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ജില്ലാ പഞ്ചായത്തിനു കീഴിലുള്ള കൃഷി ഫാമുകളുടെ പ്രവർത്തനം - പൊതു നിരീക്ഷണങ്ങൾ

### കൃഷി ഫാമുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ

സ.ഉ(പി)നം.189/95/ത.ഭ.വ തിയതി 18-10-1995 പ്രകാരം ജില്ലാ വിത്തുൽപാദന കേന്ദ്രങ്ങൾ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ജി.ഒ(എം.എസ്)നം. 310/96/കൃഷി തിയതി 08-10-1996 പ്രകാരം കൃഷി ഫാമുകളുടെ പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഫാമുകളുടെ പ്രവർത്തിന്മേലുള്ള സാമ്പത്തികാധികാരങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിൽ നിക്ഷിപ്തമാണ്. ഫാമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### കൃഷി ഫാമുകളുടെ വരവു-ചെലവു കണക്കുകൾ താരതമ്യപ്പെടുത്തൽ

കൃഷി ഫാമുകളിൽ നിന്നും ജില്ലാ പഞ്ചായത്തിന് നൽകിയ തുകകളുടേയും ദൈനംദിന ചെലവുകൾക്കായി (പ്രൊജക്ടുകൾ പ്രകാരം) ഫാമുകൾക്ക് നൽകിയ തുകകളുടേയും വിശദാംശം താഴെ ചേർക്കുന്നു. 2018-19 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2019-20 വർഷത്തിൽ ലഭ്യമായിട്ടുള്ള വരവിന്റെ വിവരങ്ങളും താരതമ്യപ്പെടുത്തലുകൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള 'ഫാമുകളുടെ വരവു സംബന്ധിച്ച രജിസ്റ്റർ' പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വരവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

| ക്രമ നം. | ഫാമിന്റെ പേര് | 2018-19 വരവ് | 2019-20 വരവ് | 2019-20 ചെലവ് |
|---|---|---|---|---|
| 1 | പാണഞ്ചേരി | 3836613 | 2305062 | 1250000 |
| 2 | ചേലക്കര | 1276714 | 571385 | 405322 |
| 3 | പഴയന്നൂർ | 1391642 | 2253696 | 712000 |
| 4 | എടത്തിരുത്തി | 784296 | 2787288 | 799010 |
| 5 | നടവരമ്പ് | 1807053 | 2240618 | 800000 |
| 6 | കോടശ്ശേരി | 1509414 | 1698369 | 936000 |
| 7 | തൈ | 5812869 | 1022844 | 315762 |

| | | | | |
|---|---|---|---|---|
| | വളർത്തൽ കേന്ദ്രം, ഇരിഞ്ഞാലക്കുട | | | |
| 8 | മണ്ണുത്തി | 2090751 | 2237765 | 1124577 |
| | **ആകെ** | **18509352** | **15117027** | **6342671** |

2018-19 സാമ്പത്തിക വർഷത്തെ വരവിനെ അപേക്ഷിച്ച് 2019-20 വർഷത്തിൽ ഫാമുകളിൽ നിന്നുള്ള ആകെ വരുമാനത്തിൽ കുറവുണ്ടായിട്ടുള്ളതായാണ് കാണുന്നത്. എന്നിരുന്നാലും പാണഞ്ചേരി, ചേലക്കര, ഇരിഞ്ഞാലക്കുട തൈ വളർത്തൽ കേന്ദ്രം എന്നീ മൂന്നു ഫാമുകളൊഴികെയുള്ളവയിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ/റെമിറ്റൻസ് രജിസ്റ്റർ എന്നിവയിൽ അതാതു ദിവസങ്ങളിൽ തന്നെ കൃത്യമായും പൂർണ്ണമായും രേഖപ്പെടുത്തേണ്ടതും ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. ജില്ലാപഞ്ചായത്തിൽ അടക്കുന്ന തുകയുടെ വിവരങ്ങൾ, രസീതി വരവ്, NEFT തുക എന്നിവയുടെ കണക്ക് കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്.
3. ജില്ലാപഞ്ചായത്തിൽ കാലതാമസം കൂടാതെ വരവ് തുക അടവാക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ഫാമുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ഫാമുകളിൽ നിന്നുള്ള വരവ് പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.
5. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഫാമുകളുടെ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
6. ഫാമുകളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തി ഫാമുകളുടെ ലക്ഷ്യങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-18 ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക - വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

2019-20 വർഷത്തെ ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളിൽ നിന്നുള്ള വാടക തുക ഈടാക്കിയതുമായി ബന്ധപ്പെട്ട് വാടക രജിസ്റ്റർ ഫയൽ എന്നിവ പരിശോധിച്ചതിൽ 447444 രൂപ വാടകയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരൻ/റൂം നമ്പർ | മാസവാടക | വാടക കുടിശ്ശിക (അരിയർ ഉൾപ്പെടെ) |
|---|---|---|---|
| 1 | ബാലചന്ദ്രൻ തെക്കേമഠത്തിൽ TC /14/557/3,4 | 5295 | 219790 |
| 2 | എം എസ് ഗോപാലകൃഷ്ണൻ TC /15/557/5 | 2165 | 43300 |
| | 2019-20 വർഷത്തെ ഡിമാന്റ് തുക 25980 ആണ്. തൻവർഷം കളക്ഷൻ ഇല്ല.ആയതിനാൽ ബാലൻസ് ഈ തുക തന്നെ വരേണ്ടതാണ്. എന്നാൽ | | |

| | | | |
|---|---|---|---|
| | രജിസ്റ്ററിൽ തൻവർഷ ബാലൻസ് കാണിച്ചിരിക്കുന്നത് 4330 എന്നാണ്. അത് പ്രകാരം അരിയർ ഉൾപ്പെടെയുള്ള ആകെ കുടിശ്ശിക കാണിച്ചിരിക്കുന്നത് 34640 എന്നാണ്. (യഥാർത്ഥ തുക 17320+25980=43300) മാത്രമല്ല അരിയർ ഉൾപ്പെടെയുള്ള കുടിശ്ശിക കാണിച്ചിരിക്കുന്നത് 4330 എന്നുമാണ്. മേൽ പ്രകാരമുള്ള രജിസ്റ്ററിലെ പൊരുത്തക്കേട് പരിശോധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. | | |
| 3 | സുമ ഫിജോ TC /15/557/6 | 2165 | 12774 |
| 4 | സോമൻ കുറവത്ത് TC /15/557/7,8 | 4325 | 40784 |
| 5 | ഹേമലത ബാലചന്ദ്രൻ തെക്കേമഠത്തിൽ TC /557/9 | 4220 | 126796 |

വാടകയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ( ഫയൽ നം. ബി3-4285/14) 24.6.19, 15.7.19, 1.11.19 എന്നീ തിയതികളിൽ ബി3-4285/14 നമ്പർ കത്ത് പ്രകാരം ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിലെ വാടക ഈടാക്കുന്നതിന് മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂരിന് നിർദ്ദേശം നൽകി കാണുന്നു. എന്നാൽ ആയതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. തുടർന്ന് 26.11.19 പലിശ സഹിതമു
ള്ള കുടിശ്ശിക സ്റ്റേറ്റ്മെന്റ് കൈമാറുകയും തുടർനടപടി സ്വീകരിക്കാത്ത പക്ഷം ആയത് മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂരിന്റെ ബാധ്യതയായി മാറുന്നതാണെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് 3.12.19 ന് അന്തിമ നോട്ടീസ് നലകി കാണുന്നു. നോട്ടീസ് പ്രകാരം 7 ദിവസത്തിനകം കുടിശ്ശിക തുക ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അടച്ച് തീർക്കാത്ത പക്ഷം സർക്കാറിലേക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുകയ്ക്ക് കേരള റവന്യൂ റിക്കവറി ആക്ട് 69 ാം വകുപ്പ് പ്രകാരം സ്ഥാവര ജംഗമവസ്തുക്കൾ ജപ്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ വാടക കുടിശ്ശിക ഈടാക്കിയതായോ, റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും ആവശ്യപ്പെട്ടു കൊണ്ട് എൻക്വയറി (41/15.7.21) നൽകിയതിനും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വാടക കുടിശ്ശിക ഈടാക്കുകയോ അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. വാടക സംബന്ധിച്ച ഡി സി ബി തയ്യാറാക്കിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല. കൃത്യത പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രകാരമുള്ള വാടകക്കാർ, വനിത സൊസൈറ്റി കാന്റീൻ, ഒല്ലൂർ ഹാച്ചറി എന്നിവയുടെ വാടകയിൽ വാർഷിക വർദ്ധനവ് നടത്തുന്നതായി കാണുന്നില്ല. വാടകക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാർ, വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിച്ച ബൈലോ എന്നിവ ലഭ്യമാക്കേണ്ടതാണ്.

3. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4.6.19 ലെ 1(3) തീരുമാനത്തിൽ ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ കെട്ടിടത്തിൽ അംഗൻവാടി അനധികൃതമായി പ്രവർത്തിക്കുന്നത് മാറ്റുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മിറ്റി

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കത്തിടപാടുകൾ നടത്തിയിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അംഗൻവാടി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറിയെ അറിയിക്കുന്നതിനും ടി വിഷയം ഐ സി ഡി എസ് പ്രോഗ്രാം ഓഫീസറെ അറിയിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ് മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## <u>1-19 ലേലം വരവ് - ഓഡിറ്റ് നിരീക്ഷണം</u>

### <u>എ) ലേല നടപടിക്രമങ്ങളിലൂടെയുള്ള വരവിന് ജില്ലാ പഞ്ചായത്തിൽ യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല</u>

ജില്ലാപഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം ഓഡിറ്റ് വർഷത്തിൽ ലേലം ഇനത്തിൽ 141282/- രൂപയുടെ വരവുണ്ട്. പ്രസ്തുത ലേലതുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.59, തീയതി - 07-10-2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലേലവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ മേൽ വരവിന്റെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടയതായിട്ടുള്ള സ്ഥാപനങ്ങളിൽ ലേല നടപടികൾ സ്വീകരിച്ചിട്ടുള്ളവയാണെങ്കിൽ ജില്ലാപഞ്ചായത്തിൽ അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനോ, വാല്യുവേഷൻ പ്രകാരമുള്ള തുക ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനോ, ഗഡുക്കളായാണ് തുക അടവാക്കുന്നതെങ്കിൽ ലേലതുക മുഴുവനായും ജില്ലാ പഞ്ചായത്തിൽ അടവാക്കിയോ എന്നു പരിശോധിക്കുന്നതിനോ നിലവിൽ സംവിധാനമില്ല എന്ന ഓഡിറ്റ് വിലയിരുത്തുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 2 – ഫോറം - 20 - യിൽ നിഷ്കർഷിക്കുന്ന മാതൃകയിൽ ഒരു ലേല രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും ലേലനടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### <u>ബി) സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ചേലക്കര- ലേലം / ക്വട്ടേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

2019-20 വർഷത്തിലേക്കുള്ള ക്വട്ടേഷൻ /ലേല നടപടികളുമായി ബന്ധപ്പെട്ട ഫയൽ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ആയത് പ്രകാരം തൻവർഷം മാവ്, പ്ലാവ്, കശുമാവ്, കരിമ്പന എന്നിവയിൽ നിന്നുള്ള വിളവെടുപ്പ്, ചാണകപ്പൊടി, തടി/വിറക് വില്പന എന്നീ ഇനങ്ങളിലെല്ലാംതന്നെ ലേലം നടത്തിട്ടുണ്ട്. ആയതിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് ലേല രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നം. 36/2.7.21) ആയത് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തപക്ഷം തൻവർഷം നടന്ന ലേലം/ക്വട്ടേഷന്റെ വിവരവും ഇതുവഴി ലഭിച്ച തുകയുടെ വിവരവും ലഭിക്കുക സാധ്യമല്ലാത്തതിനാൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-20 പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ അംശദാനം അടവാക്കാത്തതിന് സർക്കാരിൽ നിന്നും കൂടുതൽ വ്യക്തത വരുത്തുന്നതിന് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 180(1) വകുപ്പനുസരിച്ച് പഞ്ചായത്തിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആണ്. ഈ നിയമത്തിലെ 180(3) വകുപ്പനുസരിച്ച് പ്രസ്തുതജീവനക്കാർക്ക് ശമ്പളവും ബത്തയും പഞ്ചായത്ത് നൽകേണ്ടതും അവരുടെ പെൻഷൻ അംശദാനങ്ങൾ അടവാക്കേണ്ടതുമാണ്.

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ പഞ്ചായത്തിൽ ജോലിചെയ്യുമ്പോൾ പ്രസ്തുതജീവനക്കാർക്ക് ശമ്പളവും ബത്തയും പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും നൽകേണ്ടതും അവരുടെ പെൻഷൻ തുടങ്ങിയ അംശദാനങ്ങൾ അടവാക്കേണ്ടതുമാണ്. എന്നാൽ ജില്ലാപഞ്ചായത്തിൽ ജോലിചെയ്യുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ജില്ലാ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ശമ്പളവും ബത്തയും നൽകുന്നുണ്ടെങ്കിലും അവരുടെ പെൻഷൻ അംശദാനം സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല (പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയുമ്പോൾ ഇപ്രകാരം പെൻഷൻ അംശദാനം സർക്കാരിലേക്ക് അടവാക്കുന്നുണ്ട്).

ധനവകുപ്പിന്റെ ജി.ഒ(പി)നം.576/2012/ഫിൻ തീ-16-10-2012 നമ്പർ ഉത്തരവു പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഇൻ എയ്ഡ് അല്ലാതെ മറ്റു വരുമാന മാർഗ്ഗങ്ങളില്ലാത്ത സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ പോവുന്ന ഉദ്യോഗസ്ഥരെ പെൻഷൻ അംശദാനം അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്

മേൽ ഉത്തരവല്ലാതെ പെൻഷൻ അംശദാനം അടവാക്കാത്തതിന് സാധുത നൽകുന്ന നിയമ വ്യവസ്ഥ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.57, തീയതി - 18-09-2021) മറുപടിയോടൊപ്പം തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പിന്റെ 08-12-2009 -ലെ 53881/ഇപിഎ2/08/ തസ്വഭവ നമ്പർ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. മേൽ കത്തിലെ പരാമർശ പ്രകാരം "സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ബഡ്ജറ്റ് വഴി വകമാറ്റി നൽകുന്ന തുകയാണ് ഇപ്പോൾ ജില്ലാ പഞ്ചായത്തിന് ലഭിക്കുന്ന തുക എന്നതിനാൽ ജില്ലാ പഞ്ചായത്ത് ഫണ്ടും കൺസോളിഡേറ്റഡ് ഫണ്ട് തന്നെയാണ്. അപ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ശമ്പളം നൽകുന്നവർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതില്ല എന്നും എന്നാൽ പഞ്ചായത്ത് നിയമിച്ച ജീവനക്കാരുടെ കാര്യത്തിൽ അവർക്ക് പെൻഷൻ അനുവദിക്കണമെങ്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കേണ്ടതാണ്" എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വന്നിട്ടില്ലാത്തതിനാൽ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ അംശദാനം അടവാക്കേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് സർക്കാരിൽ നിന്നും കൂടുതൽ വ്യക്തത ആവശ്യപ്പെടാവുന്നതാണ്.

**1-21 അക്കൗണ്ട്സ് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

ജില്ലാ പഞ്ചായത്ത്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ജില്ലാ പഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് ഓഡിറ്റിൽ പരിശോധിച്ചതിന്റെ ഭാഗമായി കണ്ടെത്തിയ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1-21-1 ചെലവുകൾ സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല**

2011 - ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ (ജി.ഒ (എം.എസ്)83/2011/തസ്വഭവ, തീയതി 28.03.2011) ഉത്തരവിലെ നിർദ്ദേശങ്ങളിൽ പഞ്ചായത്തിന്റെ കണക്കുകൾ സൂക്ഷിക്കേണ്ടതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ജില്ലാപഞ്ചായത്തിന്റെ തനതു ഫണ്ട് ചെലവു രേഖകൾ, സാംഖ്യയിൽ നിന്നുള്ള ട്രഷറി ടി.എസ്.ബി അക്കൗണ്ട് ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും ചെലവുകൾ അതാത് ദിവസം സാംഖ്യയിൽ രേഖപ്പെടുത്താതെ ചെക്ക് അനുവദിക്കുന്നതായി കാണുന്നു. യഥാസമയം സാംഖ്യയിൽ പേമെന്റ് രേഖപ്പെടുത്താതെ മാസങ്ങൾക്കുശേഷം സാംഖ്യയിൽ രേഖപ്പെടുത്തിയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./ തീയതി | തുക | സാംഖ്യയിൽ രേഖപ്പെടുത്തിയ തീയതി | സാംഖ്യയിലെ വൗച്ചർ നം. |
|---|---|---|---|
| 587379/21-01-2020 | 488045 | 24-03-2020 | 21901775 |
| 5879317/05-12-2019 | 10500 | 28-02-2020 | 21900838 |
| 6097117/30-07-2019 | 202400 | 31-08-2019 | 21900522 |
| 5590621/30-05-2019 | 29210 | 11-07-2019 | 21900207 |
| 5879323/10- | 16313 | 28-02-2020 | 21900840 |

| | | | |
|---|---|---|---|
| 12-2019 | | | |
| 5879337/19-12-2019 | 12357 | 28-02-2020 | 21900841 |

മേൽ ചട്ട പ്രകാരം നിർദ്ദേശിച്ച രീതിയിൽ കണക്കുകൾ തയ്യാറാക്കുന്നതിന് രൂപപ്പെടുത്തിയ "സാംഖ്യ" സോഫ്റ്റ്‌വെയറിൽ ദൈനംദിന കണക്കുകൾ തയ്യാറാക്കി കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ചട്ടം 5(3,4), ചട്ടം 6(4) എന്നിവയിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിൽ ചെക്ക് നൽകിയതിനു ശേഷം "സാംഖ്യ" സോഫ്റ്റ്‌വെയറിൽ പിന്നീട് ഒരു കാലയളവിലെ മുഴുവൻ ഡാറ്റാ എൻട്രിയും ഒരുമിച്ച് രേഖപ്പെടുത്തുന്നതായി കാണുന്നു. ഇതുമൂലം കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവയുടെ ദൈനംദിന നീക്കിയിരിപ്പ് തുക യഥാർത്ഥ നീക്കിയിരിപ്പുമായി വ്യത്യസ്തമാകുന്നതിനുള്ള സാധ്യത നിലനിൽക്കുകയും കണക്കുകളുടെ സൂക്ഷിപ്പിന്റെയും കമ്പ്യൂട്ടർവൽകൃത അക്കൗണ്ടിങ്ങ് സമ്പ്രദായം നടപ്പാക്കിയതിന്റേയും അടിസ്ഥാന ലക്ഷ്യങ്ങൾപ്പോലും നിറവേറ്റപ്പെടാതെ പോകുകയും ചെയ്യുന്നു.

**<u>1-21-2 തനത് ഫണ്ട് ചെലവ് രേഖകളോടൊപ്പം സാംഖ്യ പേമെന്റ് വൗച്ചർ സൂക്ഷിച്ചിട്ടില്ല</u>**

സാംഖ്യയിൽ പേമെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് പേമെന്റ് വൗച്ചർ പ്രിന്റെടുത്ത് ബില്ലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വൗച്ചറുകളിൽ 2019 ഏപ്രിൽ, 2019 മെയ് (ഭാഗികം) മാസങ്ങളിൽ മാത്രമാണ് സാംഖ്യ പേമെന്റ് വൗച്ചർ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുള്ളത്. എല്ലാ ചെലവുകൾക്കും Fully Vouched Contingent Bill ആണ് സൂക്ഷിച്ചിട്ടുള്ളത്.

സെക്രട്ടറി ഓരോ പേമെന്റുകളുടെയും പാസ് ഓർഡർ ഒപ്പു വെയ്ക്കുന്നതിനു മുൻപായി സാംഖ്യയിൽ പേമെന്റ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയതിന് പേമെന്റ് വൗച്ചർ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും എല്ലാ ബില്ലിലും സാംഖ്യയില് നിന്നുള്ള പേമെന്റ് ഓർഡർ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ ഓരോ ദിവസം അവസാനിക്കുമ്പോഴും കാഷ് ബുക്കിന്റെയും എല്ലാ ബാങ്ക് ബുക്കുകളുടെയും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അതോടൊപ്പം പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി ബാങ്ക്/ട്രഷറി അക്കൗണ്ടിൽ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി താരതമ്യപ്പെടുത്തി പൊരുത്തപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.51, തീയതി - 09-09-2021)

**<u>1-22 സംയുക്തപദ്ധതികൾ-ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ-തുക ഗ്രാമപഞ്ചായത്തുകൾ വിനിയോഗിച്ചതിന്റെ വിവരമില്ല</u>**

നിർവ്വഹണം -ജില്ലാപഞ്ചായത്ത് സെക്രട്ടറി

ഒന്നിലധികം തദ്ദേശഭരണസ്ഥാപനങ്ങൾ വിഹിതം വകയിരുത്തി അതിൽ ഒരു തദ്ദേശഭരണസ്ഥാപനത്തെ മുഖ്യപങ്കാളിയായി നിശ്ചയിച്ച് നിർവ്വഹണം നടത്തുന്നവയാണ് സംയുക്ത പദ്ധതികൾ(മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ (കൈ) നം.11/18/തസ്വഭവ,ഖണ്ഡിക 3.5.4) സംയുക്തപ്രൊജക്റ്റിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം. സംയുക്തപ്രൊജക്റ്റിന്റെ വിഭവവിനിയോഗത്തിന് ധനകാര്യവകുപ്പിന്റെ 23.01.2017 ലെ ജി.ഒ.(പി) നം 7/2017/ധന ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും. ആയതു പ്രകാരം സെപ്റ്റംബർ 30 ന് മുമ്പ് തുക ട്രാൻസ്ഫർ ചെയ്യണം. സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്നു വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. 16.1.2018 ന് നടന്ന ജില്ലാ സഭയിൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും റിക്വെസ്റ്റ് നൽകേണ്ടതാണെന്നും അതിനെ തുടർന്ന് വർഷാരംഭത്തിൽ തന്നെ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് നിർദ്ദേശിച്ചതായി കാണുന്നു. സംയുക്തപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് 25.1.20 ൽ ചേർന്ന ജില്ലാസഭയുടെ യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപെടുത്തിയിട്ടില്ല.

ജില്ലാ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ച വിവിധ സംയുക്ത പദ്ധതികളിൽ 90എണ്ണം നടപ്പാക്കിയിട്ടുണ്ട്. മിക്കവാറും ഗ്രാമപഞ്ചായത്തുകളിൽ നിന്നും പദ്ധതി നടത്തിപ്പ്സംബന്ധിച്ച് സമ്മതപത്രം വാങ്ങിയിട്ടുണ്ട്. മാർഗ്ഗരേഖപ്രകാരമുള്ള കരാർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും രേഖകൾ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തുക കൈപറ്റിയ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിന്റെ/ബാക്കി തുക തിരികെ അടവാക്കാത്തതിന്റെ വിവരം

**പട്ടിക എ.**

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റിന്റെ പേര് | ഗ്രാമ പഞ്ചായത്തിന്റെ പേര് | തുക | സാംഖ്യ വൗച്ചർ നം / തിയതി | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത്. | വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തത്. | തിരികെ അടവാക്കാത്തതിന്റെ വിവരം/ കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|
| 1 | 9 | താമരക്കപ്പേള -സെന്റ് മേരിസ് കപ്പേള റോഡ് റീടാറിംഗ്, MG.R | കൊരട്ടി | 500000 | 21901106/ 26.8.19 | -- | 500000 | - |
| 2 | 10 | അണ്ടത്തോട് തങ്ങൾപടി സുനാമി കോളനി കാന നിർമ്മാണം, MG.R | പുന്നയൂർ ക്കുളം | 500000 | 21901129/ 27.8.19 | -- | 500000 | - |
| 3 | 11 | ആൽ-കോൾ റോഡ് റീ ടാറിംഗ് | അന്തി ക്കാട് | 400000 | 21901237/ 27.9.19 | 400000 | - | 20-21ൽ ചെലവഴിച്ചു |
| 4 | 12 | വള്ളൂർ- അകായി കോളനി നവീകരണം SCP | അന്തി ക്കാട് | 500000 | 21901247/ 28.9.19 | | 500000 | 21-22ൽ സ്പിൽഓവർ ആക്കിയിരിക്കുന്നു. |
| 5 | 59 | റോസ് ഗാർഡൻ റോഡ് നിർമ്മാണം | അരിമ്പൂർ | 1000000 | 21901215/ 24.9.19 | 897196 | - | 102804 |
| 6 | 66 | മനക്കൊടി തെക്ക് റോഡ് റീടാറിംഗ്, MG.R | അരിമ്പൂർ | 1000000 | 21901272/ 9.10.19 | 952900 | - | 47100 |
| 7 | 67 | ഖാദർ മൈതാനം ചൂരക്കോട്ട് റോഡ് റീടാറിംഗ്, MG.R | അന്തി ക്കാട് | 900000 | 21901240/ 27.9.19 | 899143 | - | 857 |
| 8 | 71 | ചെമ്പെപ്പാടം കാന നിർമ്മാണം | മതിലകം | 500000 | 21901123/ 27.8.19 | 421453 | - | 78547 |
| 9 | 72 | കോത്തോട് പ്രിയദർശിനി തോട് സൈഡ്കെട്ടി സ്ലാബ് നിർമ്മാണം | എടവി ലങ്ങ് | 800000 | 21901180/ 6.9.19 | -- | 800000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | 74 | കുണ്ടുക്കടവ് പാലം വൈദ്യുതീ കരിക്കൽ | പാവറട്ടി | 500000 | 21901127/ 27.8.19 | 182649 | - | 317351 |
| 11 | 88 | പട്ടൻറെ കുന്ന് റോഡ് | കാറളം | 350000 | 21901039/ 1.8.19 | 339415 | - | 10585 |
| 12 | 92 | പറുംപാടം റോഡ്, MG.R | കാറളം | 450000 | 21901038/ 1.8.19 | 447946 | - | 2054 |
| 13 | 94 | ശ്മശാനം റോഡ്, MG.R | കാറളം | 500000 | 21901040/ 1.8.19 | 492838 | - | 7162 |
| 14 | 97 | മുണ്ടൻമാണി ലൈൻ റോഡ് നിർമ്മാണം -വാർഡ് 2 | പരിയാരം | 300000 | 21901174/ 6.9.19 | 285013 | - | 14987 |
| 15 | 99 | മാമ്പ്ര ചെട്ടിക്കുന്ന് മൃഗാശുപത്രി റോഡ് അറ്റക്കുറ്റപ്പണി, MG.R | അന്ന മനട | 500000 | 21902212/ 26.8.19 | 296739 | - | 203261 |
| 16 | 102 | മൂന്നാം വാർഡിലെ വെണ്ണൂർ റേഷൻകട ഇല്ലിത്താ ണിത്താഴം റോഡ് അറ്റക്കുറ്റപ്പണി, MG.R | അന്ന മനട | 500000 | 21901107/ 26.8.19 | 489540 | - | 10460 |
| 17 | 103 | 17-ാം വാർഡിലെ മാമ്പിള്ളി റോഡിൻറെ അറ്റക്കുറ്റപ്പണി, MG.R | മാള | 500000 | 21901161/ 4.9.19 | 500000 | | 21-22ൽ ചെലവഴിച്ചു. |
| 18 | 140 | മലമ്പാടം തൊട്ടാവാടി ക്ലബ്ബ്കോളനി റോഡും പാലവും നിർമ്മാണം, SCP | ചേലക്കര | 500000 | 21901124/ 27.8.19 | -- | 500000 | |
| 19 | 141 | തോന്നൂർക്കര നെല്ലിക്കുന്ന് കോളനി - മരുതാത്ത് റോഡ് നിർമ്മാണം, SCP | ചേലക്കര | 500000 | 21901126/ 27.8.19 | -- | 500000 | |
| 20 | 251 | തേമാലിത്തറ റോഡ് , MG.R | പടിയൂർ | 400000 | 21901267/ 9.10.19 | 398676 | - | 1324 |
| 21 | 268 | പഴഞ്ഞി മേലേ പട്ടിത്താഴം റോഡ്, MG.R | കാട്ട കാമ്പൽ | 300000 | 21901091/ 20.8.19 | 300000 | - | 20-21 ൽ ചെലവഴിച്ച |
| 22 | 311 | സ്റ്റേഡിയം നിർമ്മാണം MG.NR | മുളങ്കുന്ന ത്തുകാവ് | 990000 | 21901186/ 6.9.19 | 966548 | - | 23452 |
| 23 | 317 | കുരുടി പൊട്ടച്ചിറ റോഡ് | മുളങ്കുന്ന ത്തുകാവ് | 990000 | 21901125/ 27.8.19 990000 | 945082 | - | 44918 |
| 24 | 322 | എസ്.സി. നാടൻ കലാസംഗമം, SCP | ചൂണ്ടൽ | 500000 | 21901136/ 27.8.19 500000 | -- | 500000 | |
| 25 | 333 | ചെമ്പൻകുന്ന് | കോട | 1300000 | 219011264/ | 1250831 | - | 49169 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പുളിങ്കര റോഡ് അറ്റകുറ്റപ്പണി MG.R | ശ്ശേരി | | 9.10.19 | | | |
| 26 | 334 | കൊന്നക്കുഴി ഇടതുകര മെയിൻ കനാൽ ബണ്ട് റോഡ്, MG.R | പരിയാരം | 990000 | 21901176/ 6.9.19 | -- | 990000 | |
| 27 | 337 | ആൽ ഖാദർ റോഡ് റീടാറിംഗ്, MG.R | അന്തി ക്കാട് | 600000 | 21901239/ 27.9.19 | 595227 | - | 4773 |
| 28 | 339 | പി.എച്ച്.സി മഹ്ളറ റോഡ് അറ്റകുറ്റപ്പണി, MG.R | ഒരുമ നയൂർ | 500000 | 21901271/ 9.10.19 | 499365 | - | 635 |
| 29 | 379 | പെങ്ങാമുക്ക് മുതിരൻപറമ്പ് റോഡ് | കാട്ട കാമ്പൽ | 300000 | 21901094/ 20.8.19 | 300000 | - | 20-21 ൽ ചെലവഴിച്ചു |
| 30 | 517 | കുർക്കമറ്റം കണ്ടുക്കുഴിപ്പാടം റോഡ്, MG.R | കോട ശ്ശേരി | 1300000 | 21901263/ 9.10.19 | 1222700 | - | 77300 |
| 31 | 519 | കുറുന്നല്ലി റോഡ്, MG.R | ചൊവ്വ ന്നൂർ | 500000 | 21901047/ 9.8.19 | 454089 | - | 45911 |
| 32 | 600 | കാട്ടുക്കുറ്റി ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗന വാടികൾക്ക് കളിയുപ കരണങ്ങൾ വാങ്ങൽ MG.NR | കാട്ടുകുറ്റി | 200000 | 21901143/ 29.8.19 | 197478 | - | 2522 |
| 33 | 605 | കൊരട്ടി ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗന വാടികൾക്ക് കളിയു പകരണങ്ങൾ വാങ്ങൽ MG.NR | കൊരട്ടി | 200000 | 21901142/ 29.8.19 | -- | 200000 | |
| 34 | 613 | നവോദയ വായനശാല കെട്ടിട നിർമ്മാണം- | വരന്തര പ്പിള്ളി | 1500000 | 21901187/ 6.9.19 1500000 | -- | 1500000 | |
| 35 | 615 | വാരിയം കോൾ റാമ്പ് - | ചാഴൂർ | 700000 | 21902087/ 26.7.19 | -- | 700000 | |
| 36 | 619 | വിസ്താരമ ചിറ്റേകുളം റെജീന ലിങ്ക് റോഡ്- | ചാഴൂർ | 300000 | 21901090/ 20.8.19 | -- | 300000 | |
| 37 | 622 | തറയിലക്കാട് ലിഫ്റ്റ് ഇറിഗേഷൻ | മുരിയാട് | 1000000 | 21900996/ 3.7.19 | -- | 1000000 | |
| 38 | 623 | ചാമക്കാല കുടുംബാരോഗ്യ കേന്ദ്രം - കെട്ടിടം പുനരുദ്ധാരണം - | എടതി രുത്തി | 1500000 | 21901219/ 26.9.19 | 1498475 | - | 1525 |
| 39 | 624 | ലൈബ്രറി കെട്ടിട നിർമ്മാണം - | മണലൂർ | 1600000 | 21901188/ 6.9.19 1600000 | 230553 | - | 1369447 |
| 40 | 635 | ആറാംകല്ല് തൊഴിലാളി നഗർ റോഡ് കാന | അവണി ശ്ശേരി | 999000 | 21901109/ 26.8.19 | -- | 999000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | നിർമ്മാണം - വാർഡ് 7, MG.R | | | | | | |
| 41 | 668 | മാടക്കത്ര ഗ്രാമപ ഞ്ചായത്ത് ഗ്രൗണ്ട് നവീകരണം | മാടക്കത്ര | 1000000 | 21901031/ 26.7.19 500000/- 21901032/ 26.7.19 500000/- | -- | 1000000 | |
| 42 | 671 | ആലപ്പാട് ജി എൽ പി എസ് ഗ്രൗണ്ട് നവീകരണം-MG.NR | ചാഴൂർ | 23672 | 21901722/ 28.2.20 | -- | 23672 | |
| 43 | 727 | ഒരപ്പൻ തോട് കൽവർട്ട് നിർമ്മാണം, MG.R | പൂമംഗലം | 589500 | 21900244/ 27.4.19 | 439310 | - | 150190 |
| 44 | 1066 | കോതറ ലിഫ്റ്റ് ഇറിഗേഷൻ തുടർ പ്രവൃത്തി-വിഹിതം നൽകൽ | പടിയൂർ | 1300000 | 21901265/ 9.10.19 1300000 | 827859 | - | 472141 |
| 45 | 1069 | ഏനമാവ് സ്റ്റീൽ പാലത്തിൻ മേൽ വിളക്ക് സ്ഥാപിക്കൽ- | മണലൂർ | 200000 | 21901178/ 6.9.19 200000 | 198972 | - | 1028 |
| 46 | 1074 | എസ്.സി സാംസ്കാരിക കേന്ദ്രം/ വിജ്ഞാന കേന്ദ്രം നിർമാണം | മണലൂർ | 300000 | 21901179/ 6.9.19 | 190000 | - | 110000 |
| 47 | 1127 | അളഗപ്പനഗർ കമ്മ്യൂണിറ്റി ഹാൾ മെയി ൻറനൻസിന് വിഹിതം നൽകൽMG.NR | അളഗ പ്പനഗർ | 2000000 | 21901114/ 26.8.19 | -- | 2000000 | |
| 48 | 1130 | പത്താഴക്കണ്ട് കുടിവെള്ള പദ്ധതിയ്ക്ക് വിഹിതം നൽകൽ | തെക്കും കര | 2350000 | 21901028/ 26.7.19 900000 | 1868730 | - | 481270 |
| 49 | 1135 | ഗവൺമെൻറ് ആയുർവ്വേദ ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി - | അന്തി ക്കാട് | 2000000 | 21901249/ 3.10.19 | 1668264 | - | 331736 |
| 50 | 1201 | 133 ആം നമ്പർ അംഗൻവാടി നിർമ്മാണത്തിന് വിഹിതം നൽകൽ | വാടാന പ്പിള്ളി | 990000 | 21901236/ 27.9.19 | -- | 990000 | |
| 51 | 1210 | പത്താഴക്കണ്ട് സമഗ്ര കുടിവെള്ള പദ്ധതി- | തെക്കുംകര | 3000000 | 21901218/ 25.9.19 300000 | 2960216 | - | 39784 |
| 52 | 1283 | വടക്കുംകര യുപി സ്കൂൾ സ്മാർട്ട് ക്ലാസ് റൂം | പൂമംഗലം | 19435 | 21902396/ 30.3.20 | -- | 19435 | |
| ആകെ | | | | 4,11,41,607 | | 2,33,17,207 | 12812672 | 5011728 |

പട്ടിക എ പ്രകാരം 52 പദ്ധതികൾക്കായി 4,11,41,607രൂപ നൽകിയതിൽ 2,33,17,207 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 12812672രൂപയുടെ വിനിയോഗ സാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല. നീക്കിയിരുപ്പായി ഗ്രാമപഞ്ചായത്തുകളുടെ കൈവശമുള്ള 5011728രൂപ തിരികെ ജില്ലാപഞ്ചായത്തിൽ അടവാക്കുകയോ/കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുകയോ ചെയ്തതായി കാണുന്നില്ല.

സംയുക്ത പദ്ധതികൾക്ക് തുക നൽകിയതിൽ ഓരോ ഗ്രാമപഞ്ചായത്തുകളും കൈപറ്റിയതും വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിന്റെയും വിവരം

ജില്ലാ പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് ആവിഷ്കരിച്ച സംയുക്ത പദ്ധതികൾക്കായി താഴെ കാണും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഗ്രാമപഞ്ചായത്തിനും നൽകിയ തുകകൾ, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്. വർഷാവസാനം തിരികെ ഗ്രാമപഞ്ചായത്തുകൾ നൽകേണ്ട തുക/ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയ/അടവാക്കേണ്ടിയിരുന്ന തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പട്ടിക ബി.**

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയത് | 2019-20 ലെ ചെലവ് (സുലേഖപ്രകാരം) | ചെലവ് ശതമാനം. |
|---|---|---|---|---|---|
| 1 | 35 | പാലിയേറ്റിവ് കെയർ യൂണിറ്റ് | 1,00,00,000 [വികസനഫണ്ട് ജനറൽ9000000 +തനത് ഫണ്ട് 1000000] | 81,53,422 [വികസനഫണ്ട് ജനറൽ 8097182 +തനത് ഫണ്ട്56240 ] | 81.5 |
| 2 | 36 | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 1,20,00,000 [വികസനഫണ്ട് ജനറൽ11619247+ തനത് ഫണ്ട് 380753] | 27,76,412 (വികസനഫണ്ട്, ജനറൽ) | 23.1 |
| 3 | 37 | അംഗൻവാടി പോഷകാഹാരം | 1,50,00,000 (വികസനഫണ്ട്, ജനറൽ) | 1,22,12,957 (വികസനഫണ്ട്, ജനറൽ) | 81.42 |
| 4 | 38 | ലൈഫ് മിഷൻ ഭവന പദ്ധതി | 10,71,85,000 (വികസനഫണ്ട്, ജനറൽ) | 6,75,26,172 (വികസനഫണ്ട്, ജനറൽ) | 62.99 |
| 5 | 39 | അംഗപരിമിതർക്ക് മുച്ചക്ര വാഹനം | 36,00,000 (വികസനഫണ്ട്, ജനറൽ) | 31,00,000 (വികസനഫണ്ട്, ജനറൽ) | 86.1 |
| 6 | 41 | വയോജന ക്ഷേമം SCP | 66,65,000 (എസ്.സി.പി) | 9,85,050 (എസ്.സി.പി) | 14.8 |
| 7 | 42 | ആശ്രയ പദ്ധതി | 25,00,000 (വികസനഫണ്ട്, ജനറൽ) | 6,41,100 (വികസനഫണ്ട്, ജനറൽ) | 25.6 |
| 8 | 290 | വയോജനക്ഷേമം | 88,48,999 (വികസനഫണ്ട്, ജനറൽ) | 62,64,705 (വികസനഫണ്ട്, ജനറൽ) | 70.8 |
| 9 | 291 | ക്രിമിറ്റോറിയം നിർമ്മാണം / അറ്റകുറ്റപ്പണി | 49,50,000 (വികസനഫണ്ട്, ജനറൽ) | 14,90,000 (വികസനഫണ്ട്, ജനറൽ) | 30.1 |
| 10 | 292 | ഭിന്നശേഷി ക്കാർക്കുള്ള ഉപകരണങ്ങൾ | 40,00,000 (വികസനഫണ്ട്, ജനറൽ) | 22,55,960 (വികസനഫണ്ട്, ജനറൽ) | 56.4 |
| 11 | 293 | അംഗനവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെട്ടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം | 40,00,000 (റോഡിതരം) | 16,00,000 (റോഡിതരം) | 40 |
| 12 | 294 | സുജലം, കിണർ | 30,00,000 (വികസനഫണ്ട്, | 12,79,600 | 42.6 |

| | | | | | |
|---|---|---|---|---|---|
| | | റീചാർജ്ജിംഗ് | ജനറൽ) | (വികസനഫണ്ട്, ജനറൽ) | |
| 13 | 297 | ജലാശയ, ജലസ്രോതസ്സുകളുടെ ശുചീകരണവും, നവീകരണവും | 1,25,00,000 (വികസനഫണ്ട്, ജനറൽ) | 13,49,054 (വികസനഫണ്ട്, ജനറൽ) | 10.79 |
| 14 | 763 | അംഗപരിമിതർക്ക് മുച്ചക്രവാഹനം (സ്പിൽ ഓവർ) | 79,000 (വികസനഫണ്ട്, ജനറൽ) | 70,000 (വികസനഫണ്ട്, ജനറൽ) | 88.6 |
| 15 | 1195 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി വിഭാഗം | 1,71,80,613 (എസ്.സി.പി) | 60,25,912 (എസ്.സി.പി) | 35 |
| ആകെ | | | 21,30,08,612 | 11,67,30,344 | 54.8 |

**സംയുക്തപദ്ധതി നടത്തിപ്പിൽ കാണപ്പെട്ട പൊതു അപാകതകൾ**

1. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് സംയുക്തപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും മുഴുവൻ ഗ്രാമപഞ്ചായത്തുകളുമായും ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല.

2. ഓരോ ഗ്രാമപഞ്ചായത്തിനും വിവിധ പദ്ധതികൾ നടത്തുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും ഓരോ ഗ്രാമപഞ്ചായത്തിനും നൽകിയ തുകയുടേയും ഗ്രാമപഞ്ചായത്ത് ചെലവഴിച്ച/വിനിയോഗിച്ച തുകയുടെയും ബാക്കി ഗ്രാമപഞ്ചായത്ത് അക്കൌണ്ടുകളിൽ നീക്കിയിരുപ്പായി തുക നിൽക്കുന്നുണ്ടോ/ബാക്കി തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയോ എന്നതു സംബന്ധിച്ച വിശദാംശങ്ങളോ ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ല.

3. പദ്ധതി ചെലവു പുരോഗതി നിരീക്ഷിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സമയബന്ധിതമായി യോഗം ചേർന്ന് പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തിയതായോ, മോണിറ്ററിംഗ് നടത്തിയതായോ കാണുന്നില്ല.

4. സംയുക്തപദ്ധതി നടത്തിപ്പ് സംബന്ധിച്ച 23.01.2017 ലെ ജി.ഒ.(പി) നം 7/2017/ധന ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വീഴ്ച വരുത്തിയതായി കാണുന്നു. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് കാര്യക്ഷമമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല.

5. 2019-20 സാമ്പത്തിക വർഷത്തിൽ സംയുക്തപദ്ധതികൾക്കായി നൽകിയ തുകകൾ അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കാതെ തുടർ വർഷങ്ങളിൽ ചെലവഴിച്ചതായി വിവിധ ഗ്രാമപഞ്ചായത്തുകൾ നൽകിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം കാണുന്നു. ആയത് നിലവിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. യഥാർത്ഥത്തിൽ ജില്ലാ പഞ്ചായത്തിന്റെ ചെലവു ശതമാനം ഉയർത്തികാണിക്കുന്നതിനു മാത്രമേ ഇത് പ്രയോജനപെട്ടിട്ടുള്ളൂ. ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം പദ്ധതി തുക ചെലവായിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തുകൾ പദ്ധതി നടപ്പിലാക്കി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. സാമ്പത്തിക വർഷം ഫെബ്രുവരി 28 നകം ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങി അത്യാവശ്യ പ്രോജക്ടുകൾക്ക് വേണ്ടി വാലിഡേഷൻ ക്രമീകരണം നടത്തി വിനിയോഗിക്കാൻ കഴിയുമായിരുന്നു. സാമ്പത്തിക വർഷാവസാനത്തിലും ചെലവഴിക്കാതെ നിൽക്കുന്ന തുകകൾ നേരിട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി ആയതിന്റെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകളോട് സമർപ്പിക്കാൻ ആവശ്യപ്പെട്ടതായി കാണുന്നില്ല.

സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാൻ സാധിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി തുടർ വർഷങ്ങളിൽ സംയുക്തപദ്ധതികൾ നടപ്പാക്കുന്നതിന് സ്പിൽ ഓവർ പദ്ധതികൾ തയ്യാറാക്കി ആവശ്യമായ തുകകൾ ഗ്രാമപഞ്ചായത്തുകളുടെ ആവശ്യകത അനുസരിച്ച് നിയമാനുസൃതം ജില്ലാ പഞ്ചായത്ത് നൽകേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-23 സ്കൂൾ അറ്റകുറ്റപണി-സേവന നികുതിയിനത്തിൽ നിർമ്മിതി കേന്ദ്രം ഈടാക്കിയ തുകയുടെ സാധുത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.</u>**

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറ്റകുറ്റപണിക്കായി 1.06കോടി രൂപ

വകയിരുത്തി 2017-18 വർഷത്തിൽ ആരംഭിച്ച പദ്ധതി തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി തുടരുകയായിരുന്നു. പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതി നമ്പർ 778/20 പ്രകാരം 19-20 വർഷത്തിൽ അഞ്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറ്റകുറ്റപണിക്കായി 19,76,245/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മിതി കേന്ദ്ര തൃശ്ശൂർ ആണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

ജി.എസ്.ടി പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിർമ്മിതി കേന്ദ്ര തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സേവന നികുതിയായി 6% തുക വകയിരുത്തിയിരുന്നു. നിർവ്വഹണ
ഉദ്യോഗസ്ഥനുമായി നിർമ്മിതികേന്ദ്രം ഏർപ്പെട്ട വിവിധ കരാറുകളിൽ 18.05.2007 ലെ സ.ഉ.(എം.എസ്) 133/07ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രവൃത്തികൾ നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം നിർമ്മിതി കേന്ദ്രക്ക് അർഹമായ സർവ്വീസ് ചാർജ്ജ് 2.5% ആണ്. എന്നാൽ സർവ്വീസ് ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിരുന്നില്ല. ജി.എസ്.ടി പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ പ്രോജക്ട് തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി മാറിയപ്പോൾ സർവ്വീസ് ചാർജ്ജ് മാറ്റി ജി.എസ്.ടി ഉൾപെടുത്തി പ്രോജക്ട് റിവൈസ് ചെയ്യാതെ എസ്റ്റിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്ത് 12% ജിഎസ്.ടിയും 1% കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ വിഹിതവും 6% സെവന നികുതിയും ഉൾപെടുത്തി ഫൈനൽ ബിൽ തയ്യാറാക്കുകയും 2% ജി.എസ്.ടി, 2% ആദായ നികുതി, 1% ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്ത് ബാക്കി തുക നിർമ്മിതിക്ക് നൽകുകയാണുണ്ടായത്.

ജി.എസ്.ടി പ്രാബല്യത്തിൽ വന്ന ശേഷം സേവന നികുതി ഈടാക്കാവുന്നതല്ല. മാത്രമല്ല ജി.എസ്.ടി. ഒഴിവാക്കി കൊടുത്ത കാലഘട്ടത്തിൽ സേവന നികുതി അടവാക്കിയ ചെലാനുകൾ ഹാജരാക്കിയാൽ മാത്രമേ ടി തുക കരാറുകാർക്കും അക്രഡിറ്റഡ് ഏജൻസികൾക്കും നൽകുവാൻ കഴിയുമായിരുന്നുള്ളു. ഇതിൽ നിന്നും സർവ്വീസ് ചാർജ്ജാണ് സ്ഥാപനം സർവ്വീസ് ടാക്സ് എന്നയിനത്തിൽ ക്ലെയിം ചെയ്തത് എന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 3/30.09.2021) ജി.എസ്.ടി നിലവിൽ വരുന്നതിനു മുൻപ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സർവ്വീസ് ടാക്സിനത്തിൽ 6 ശതമാനം തുക രേഖപ്പെടുത്തിയിരുന്നുവെന്നും ആയത് സർവ്വീസ് ചാർജ്ജായി കണക്കാക്കാനാവില്ലായെന്നുമാണ് നിർമ്മിതി കേന്ദ്ര മറുപടി നൽകിയിട്ടുള്ളത്. 2019-20 വർഷത്തിൽ സ്പിൽ ഓവറായി മാറിയ 5 കെട്ടിടങ്ങളുടെ പ്രവൃത്തികളിൽ മാത്രമല്ല മുൻ വർഷങ്ങളിൽ പദ്ധതിയിൽ നിന്നും ആകെ ചെലവഴിച്ച 1.06 കോടി രൂപയുടെ പ്രവൃത്തി ബില്ലുകളിലും ഇത്തരത്തിൽ സേവന നികുതിയായി 6% തുക നിർമ്മിതി കേന്ദ്ര ഈടാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ അർഹമായതിനേക്കാൾ 3.5% തുക അധികമായി നിർമ്മിതി കേന്ദ്ര ഈയിനത്തിൽ ഈടാക്കിയതായി കാണുന്നു. ആയതിനാൽ പദ്ധതി പ്രകാരം നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളുടെയും ഫൈനൽ ബിൽ കണ്ടെടുത്ത് അധികമായി തുക നിർമ്മിതി കേന്ദ്ര തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികം കൈപറ്റിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-24 ടൈൽ വിരിക്കൽ പ്രവൃത്തിയ്ക്ക് നിർമ്മിതി കേന്ദ്രയ്ക്ക് അധിക നിരക്ക് നൽകിയത് ഫൈനൽ പേയ്മെന്റിനു മുൻപായി ക്രമീകരിക്കേണ്ടതാണ്. ചെലവു തുക 47305/- രൂപ തടസ്സപ്പെടുത്തുന്നു**

പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പദ്ധതി നമ്പർ 778/20 പ്രകാരം ജി.എച്ച്.എസ്.എസ് താന്ന്യം സ്കൂളിൽ നിർമ്മിതി കേന്ദ്രം തൃശ്ശൂർ നടത്തിയ അറ്റകുറ്റപണിയുടെ ആകെ പ്രവൃത്തി മൂല്യം 7,32,245 രൂപയാണ്. ഇതിൽ ഐറ്റം നമ്പർ 5 പ്രകാരം Providing And Laying Rectified Ceramic Tiles In Floor With Different Sizes (Done300x300size) എന്ന പ്രവൃത്തിക്ക് ച.മീറ്ററിന് 1278.44 നിരക്കിൽ (Observed Data 33257/18-19 പ്രകാരം) അളവ് പുസ്തകം 302/17-18 പേജ് 29 ലെ രേഖപ്പെടുത്തൽ പ്രകാരം 386.48 ച.മീറ്റർ പ്രവൃത്തി നടത്തിയതിന് 4,94,091.49 രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. (പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ബാക്കി നൽകാനുള്ള 1,36,245 രൂപ ബിൽ നം. 2/19-20/31.05.2019 പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്.)

അതേ സമയം 2016 DSR Data 11.40 പ്രകാരം Providing And Laying Rectified Glazed Ceramic Floor Tiles 300x300 എന്ന പ്രവൃത്തിക്ക് ച.മീറ്ററിന് 1156.04 [Beneficiary Rate + Cost Index 37.25 (842.29+313.75)=1156.04] രൂപയാണ് ജില്ലാപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം നേരിട്ട് നടത്തുന്ന ടൈൽ

ഫ്ളോറിംഗ് പ്രവൃത്തികളിൽ നൽകി കാണുന്നത്. നിലവിൽ CPWD Manual പ്രകാരം നടത്തുന്ന പ്രവൃത്തികളിൽ ടൈൽ ഫ്ലോറിംഗ് പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ സർക്കാർ അംഗീകരിച്ച ഡാറ്റ ഉണ്ടെന്നിരിക്കെ ഈ പ്രവൃത്തിക്ക് Observed Data തയ്യാറാക്കി അധിക നിരക്ക് ഈടാക്കിയത് മൂലം (1278.44-1156.04=122.40) ച.മീറ്ററിന് 122.4 രൂപ അധികമായി 386.48 ച.മീറ്റർ പ്രവൃത്തി നടത്തിയിതിന് 47305.15 രൂപ നിർമ്മിതി കേന്ദ്രം (122.40X386.48=47305.15) ഈ പ്രവൃത്തിയിൽ മാത്രം അധികം കൈപറ്റിയതായി കാണുന്നു. അറ്റകുറ്റ പണികളുമായി ബന്ധപ്പെട്ട പദ്ധതി ആയതു കൊണ്ടാണ് സിമെന്റ് മോർട്ടാർ ഉപയോഗിച്ച് സിറാമിക് ടൈൽ ഫ്ലോറിംഗ് നടത്താൻ സാധിക്കാതിരുന്നത് എന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് Observed Data ഉൾപ്പെടുത്തിയാണ് എന്നും നിർമ്മിതി കേന്ദ്രം മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഫൈനൽ ബിൽ, അളവ് പുസ്തകം, നിർമ്മിതി കേന്ദ്രയുമായി ഉണ്ടാക്കിയ കരാർ, നിർമ്മിതി തയ്യാറാക്കിയ Observed Data എന്നിവപരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

സ.ഉ.(പി)311/74ഫിൻ തിയതി 30.07.2014 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നടത്തുമ്പോൾ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റിലെ നിരക്കുകൾ ഒരു കാരണവശാലും നിലവിലുള്ള പി.ഡബ്ളിയു.ഡി.നിരക്കുകളേക്കാൾ അധികരിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അറ്റകുറ്റ പണികൾക്കായി സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയപ്പോൾ PWD നിരക്കുകളേക്കാൾ അധികരിച്ചുള്ള നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന പരിശോധന നടത്താതിരുന്നതിനാലാണ് ഇത്തരത്തിൽ അധികമായി തുക നൽകാനിടയായത്. ആയതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മിതി കേന്ദ്രം അധികമായി ഈടാക്കിയ തുക ഫൈനൽ ബിൽ പെയ്മെന്റ് സമയത്ത് കുറവ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. തുക 47305/- രൂപ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

**1-25 ജില്ലാ ഹോമിയോ ആശുപത്രി, തൃശ്ശൂർ അടിസ്ഥാന സൗകര്യ വികസനം - പൂർത്തീകരണ, മൂല്യ നിർണയ സാക്ഷ്യപത്രം ഹാജരാക്കണം**

സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, തൃശ്ശൂർ നടപ്പാക്കിയ നമ്പർ 32/20 ജില്ലാ ആശുപത്രിക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ പദ്ധതിയിലുൾപെടുത്തി കൌണ്ടർ നിർമ്മാണം, മുറികൾ വേർതിരിക്കൽ, കാബിൻ നിർമ്മാണം, ഫർണീച്ചർ ഫർണീഷിംഗ് എന്നീ പ്രവൃത്തികൾ ആർട് കോ വഴി നടപ്പാക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 17.6.19ലെ ഇൻവോയ്സ് നമ്പർ 614 പ്രകാരം 12 ഇനം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് 18% ടാക്സുൾപെടെ 16,59,659 രൂപയുടെ പ്രോഫോർമ ഇൻവോയ്സ് ആർട്കോ, തൃശ്ശൂർ സമർപ്പിച്ചിട്ടുണ്ട്. 16.8.19 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നടത്തിയതിന് ആർട്കോയ്ക്ക് താഴെ കാണും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നം./തിയതി. | തുക | ട്രഷറിബിൽ നം./തിയതി. |
|---|---|---|
| 57/31.8.19 | 9,96,966 | 29/19-20/18.9.19 |
| 32/29.11.19 | 3,40,334 | 71/19-20/26.2.20 |

പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മൂല്യ നിർണയ സാക്ഷ്യപത്രം, എസ്റ്റിമേറ്റ് റിപ്പോർട്ട്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-26 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു**

തൻ വർഷത്തിൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രി, മെഡിക്കൽ സൂപ്രണ്ട് നടപ്പാക്കിയ പ്രോജക്റ്റ് നം. 121/20-പെയിൻ ഏന്റ് പാലിയേറ്റീവ് പദ്ധതിക്കായി 2.5 ലക്ഷം രൂപ വകയിരുത്തിയതിൽ 1,98,753 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം. 14/19-20/28.02.20 പ്രകാരം നൽകിയ 84,499 രൂപയിൽ 70,349 രൂപ

മരുന്നുവാങ്ങുന്നതിന് ഇതിൽ KMSCL ന് നൽകിയതാണ്. എന്നാൽ നാളിതുവരെ 57,148 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയ്സ് നം | തിയതി | തുക | ലഭിച്ച മരുന്നിന്റെ വിവരം | ബാക്കി ലഭിക്കാനുള്ളത് | മരുന്ന് ലഭിച്ച തിയതി | കാല താമസം |
|---|---|---|---|---|---|---|
| PRF-3621 | 31.12.19 | 37137 | 13201 | 23936 | 30.05.21 | 17 മാസം |
| PRF-3003 | 25.12.19 | 33212 | - | 33212 | ലഭിച്ചിട്ടില്ല | 22മാസം |
| **ആകെ** | | **70349** | **13201** | **57148** | | |

മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം 14.02.2018.ലെ സ.ഉ.(കൈ) 22/18 /ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7.5.4 പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ(എച്ച്.എം.സി) ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/ നീതി/ജൻഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് മാത്രം മരുന്നു വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പാലിയേറ്റിവ് കെയർ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ട മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത കാലയളവിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-27 പൂരം പ്രദർശനം -പവലിയൻ നിർമ്മാണം. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്**

വ്യവസായ വികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത ചെറുകിട സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ 2019 ലെ തൃശ്ശൂർ പൂരത്തിൽ പ്രദർശിപ്പിക്കുന്നതിനും വിൽപന നടത്തുന്നതിനുമായി സ്റ്റാളുകൾ സജ്ജീകരിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ പദ്ധതി നം. 273/20 പ്രകാരം 8 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

പവലിയൻ സ്ഥാപിക്കുന്നതിനും തൃശ്ശൂർ പൂരം പ്രദർശനത്തിൽ പങ്കെടുക്കുന്നതിനും വ്യവസായ വികസന വകുപ്പിന് 01.04.2019 ലെ സ.ഉ(സാ) നം. 1976/19 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം അനുമതി ലഭിച്ചുവെങ്കിലും ഇതിനാവശ്യമായ ചെലവുകൾ അതത് വകുപ്പുകൾ അത്യാവശ്യ കാര്യങ്ങൾക്കു മാത്രമായി നിജപ്പെടുത്തി സ്വന്തം ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തണം എന്ന് ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പദ്ധതിക്കായി ട്രഷറി ബിൽ നം. 1/19-20/16.05.19 പ്രകാരം 1,50,000/- രൂപയും ബിൽ നം. 2/19-20/17.06.19 പ്രകാരം 5,66,410/- രൂപയും അടക്കം വികസന ഫണ്ടിൽ നിന്നും ആകെ 7,16,410/- രൂപ ചെലവഴിച്ച് 80 സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുണ്ട്. സ്റ്റാൾ വാടകയിനത്തിൽ 6,97,140/- രൂപ വരവുണ്ട്. 19,270/- രൂപ വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചിട്ടുണ്ട്. അധികമായി തുക ചെലവഴിച്ചതിന് അനുമതി ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

**1-28 കാൻ തൃശ്ശൂർ 2019-20 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കണം. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു**

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) 2019-20 വർഷത്തിൽ നടപ്പാക്കിയ 476/20 നമ്പർ പദ്ധതിയാണ് കാൻ തൃശ്ശൂർ 19-20. ആരോഗ്യ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനും പ്രാരംഭഘട്ടത്തിലെ രോഗ നിർണയം വഴി കാൻസർ രോഗത്തെ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും കാൻസർ രോഗനിർണയ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗനിർണയം നടത്തി തുടർ ചികിത്സ

ലഭ്യമാക്കുന്നതിനായി പദ്ധതി പ്രകാരം 1,14,70,000/- രൂപ വകയിരുത്തിയിരുന്നു. ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച മേൽ പദ്ധതിക്കായി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നായി ലഭിച്ച തുകയിൽ നിന്നും ആകെ 69,49,677/- രൂപ ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | GP | BP | DP | OTHERS | TOTAL |
|---|---|---|---|---|---|
| വകയിരുത്തിയത് | 68,80,000 | 19,20,000 | 5,00,000 | 21,70,000 | 1,14,70,000 |
| ചെലവഴിച്ചത് | 51,09,280 | 13,83,495 | 1,50,824 | 3,06,078 | 69,49,677 |

ബഹുവർഷ പദ്ധതിയായി ആവിഷ്കരിച്ച പദ്ധതിയുടെ ആദ്യഘട്ടത്തിലാണ് മേൽ പ്രകാരം തുക വകയിരുത്തിയത്. ജില്ലയിലെ മുഴുവൻ വീടുകളിലും സർവ്വെ നടത്തി കാൻസർ രോഗ ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി സ്ക്രീനിംഗ് ക്യാമ്പുകളിലെത്തിച്ച് പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗനിർണയം നടത്തുന്നതിന് ആദ്യഘട്ടത്തിലും തുടർചികിത്സ, ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യ വികസനം, ജില്ലാതലത്തിൽ കൊബാൾട്ട് യൂണിറ്റുകൾ, താലൂക്ക് തലത്തിൽ മാമോഗ്രാം യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവ രണ്ടാം ഘട്ടത്തിലും നടപ്പാക്കുന്നതിനായാണ് ബഹുവർഷ പദ്ധതിയായി പ്രോജക്ട് രൂപീകരിച്ചത്.

ലഭ്യമായ ഫയൽ നം.സി.1-8509/19 പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും ചെലവഴിച്ച 1,50,824/- രൂപയുടെ ട്രഷറിബിൽ അനുബന്ധ ചെലവു രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. എന്നാൽ വിവിധ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ, കോർപറേഷൻ എന്നിവിടങ്ങളിൽ സർവ്വെ നടത്തിയതിനും, വിദഗ്ധ ഡോക്ടർമാർ, ആരോഗ്യവിഭാഗം ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകിയതിനും ചെലവായ തുകകളും, ഇന്ധനം, റീ ഏജന്റുകൾ, പ്രിന്റിംഗ്, പബ്ലിസിറ്റി, ഉദ്ഘാടന അനുബന്ധചെലവുകൾ, എന്നിങ്ങനെ വിവിധയിനങ്ങളിലായി ചെലവഴിച്ച തുകകളും പിൻവലിച്ചതിന്റെ ട്രഷറി ബിൽ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇവയുടെ യഥാർത്ഥ ചെലവുരേഖകൾ, സബ് വൗച്ചറുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ വച്ച് വിപുലമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ട രോഗ നിർണയ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ പുതിയ രോഗികളുടെ എണ്ണം, ക്യാമ്പുകളിൽ നടത്തിയ പരിശോധകളുടെയും, രോഗം നിർണയിച്ചതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ, ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ കൺസോളിഡേറ്റഡ് റിപ്പോർട്ട്, പ്രോജക്ട് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, സർവ്വെ അനാലിസിസ്, സ്ക്രീനിംഗ്-അനുബന്ധ പ്രവർത്തനങ്ങളിൽ തുടർ നടപടികളും നിരീക്ഷണവും ആവശ്യമായ സംഗതികളിൽ സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ തുടർ ചികിത്സാ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ കേസ് സ്റ്റഡി റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പദ്ധതി നിർവ്വഹണത്തിന്റെ ഡോക്യുമെന്റേഷൻ, കാൻ തൃശ്ശൂർ പദ്ധതി നടപ്പാക്കിയതു മൂലം ഉണ്ടായ നേട്ടം, യഥാർത്ഥ ചെലവു രേഖകൾ, പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിക്കായി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ജില്ലാ പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരം, ഇതിൽ ചെലവഴിക്കാതെ അക്കൌണ്ടുകളിൽ തുക സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, തുക നൽകിയ സ്ഥാപനങ്ങൾക്ക് വിനിയോഗ സാക്ഷ്യ പത്രം നൽകിയത്, ബാക്കി തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, തുടർ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവയും ലഭ്യമാക്കാനാവശ്യപെട്ട് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം. നമ്പർ.19/15.01.2021)

പ്രാരംഭ ഘട്ടത്തിലെ രോഗനിർണയം വഴി കാൻസർ എന്ന മാരക രോഗത്തിൽ നിന്നും രക്ഷനേടുന്നതിന് രൂപീകരിച്ച ഈ പദ്ധതി പൊതുജനങ്ങൾക്ക് തികച്ചും പ്രയോജനകരമായ ഒരു പദ്ധതിയായി ഓഡിറ്റ് വിലയിരുത്തുന്നു. അതേ സമയം വ്യാപകമായി ജില്ലയിൽ നടത്തിയ രോഗ നിർണയ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷന്റെ അഭാവം മൂലം പദ്ധതി പ്രവർത്തനങ്ങളുടെ ഫലം കൃത്യമായി മനസ്സിലാക്കുന്നതിനോ, തുടർ നിരീക്ഷണം ഉറപ്പുവരുത്തുന്നതിനോ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കേണ്ടതും പദ്ധതി അവലോകനം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ഷീ പാഡ് പദ്ധതി-അവലോകനം

തൃശ്ശൂർ ജില്ലയിലെ കൌമാരക്കാരായ സ്കൂൾ വിദ്യാർത്ഥിനികളുടേയും വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വനിതകളുടേയും ആരോഗ്യപരിപാലനത്തിനും, വ്യക്തി ശുചിത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചതാണ് ഷീ പാഡ് പദ്ധതി. ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ഗുണമേന്മയുള്ള സാനിറ്ററി നാപ്കിൻ ഉൽപാദന യൂണിറ്റുകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ച് തെരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകി നിർമ്മിക്കുന്ന നാപ്കിനുകൾ ജില്ലയിലെ വിവിധ സ്കൂളുകൾ, വനിതാ തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ച് വിതരണം ചെയ്യുന്നതിന് പ്രോജക്ട് ലക്ഷ്യമിടുന്നു.

**സാമ്പത്തിക വിശകലനം.**

2016-17 ൽ ആരംഭിച്ച പദ്ധതിയ്ക്കായി 2020-21 വരെ 3,43,49,405/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 1,99,66,094 |
| 2017-18 | 58,53,644 |
| 2018-19 | 18,45,313 |
| 2019-20 | 25,11,968 |
| 2020-21 | 41,72,386 |
| **ആകെ** | **3,43.49,405** |

ഇൻസിനറേറ്ററുകൾ, വെൻഡിംഗ് മെഷീനുകൾ, സാനിറ്ററി നാപ്കിനുകൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ, നാപ്കിൻ പ്രൊഡക്ഷൻ മെഷിനറികൾ എന്നിവയുടെ വാങ്ങൽ, കെട്ടിട നവീകരണം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കാണ് ജില്ലാപഞ്ചായത്ത് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച ഇനങ്ങളിൽ ഓരോന്നിനുമായി എത്ര തുകവീതം ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ,അസംസ്കൃത വസ്തുക്കൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നാപ്കിൻ വെൻഡിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ, നാപ്കിൻ പ്രൊഡക്ഷൻ മെഷീനുകൾ എന്നിവ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസ്എന്നീ സ്ഥാപനങ്ങൾ മുഖേന വാങ്ങി വിവിധ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 96 ഗവ.സ്കൂളുകൾ, 13 സർക്കാർ സ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂളുകൾ എന്നിങ്ങനെ ആകെ 341 സ്ഥാപനങ്ങളിലായി 441 നാപ്കിൻ വെൻഡിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിച്ചതായും, സാനിറ്ററി നാപ്കിൻ നിർമ്മിക്കുന്നതിനായി മുണ്ടൂർ, ചാഴൂർ, ചൊവ്വന്നൂർ എന്നിവിടങ്ങളിലായി ആരംഭിച്ച മൂന്ന് യൂണിറ്റുകളിലേക്ക് പ്രൊഡക്ഷൻ മെഷീനറികൾ വാങ്ങി നൽകിയതായും യൂണിറ്റുകൾ നാളിതുവരെ 61911 നാപ്കിനുകൾ ഉൽപാദിപ്പിക്കുകയും 40855 എണ്ണം വിറ്റഴിച്ചതായും 21056 നാപ്കിനുകൾ നീക്കിയിരുപ്പുള്ളതായും വനിതാ വികസന ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

**2019-20 ലെ പദ്ധതി പ്രവർത്തനങ്ങൾ**

ജില്ലാ പഞ്ചായത്തിന്റെ ഷീ പാഡ് പദ്ധതിക്കായി സാമ്പത്തിക വർഷത്തിൽ മൂന്ന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ജില്ലയിലെ മുണ്ടൂർ, ചാഴൂർ, ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തുകളിലെ ഷീ പാഡ് നിർമ്മാണ യൂണിറ്റുകളുടെ കെട്ടിടങ്ങൾ നവീകരിക്കൽ, സ്കൂളുകളിൽ നാപ്കിൻ, വെൻഡിംഗ് മെഷീനുകൾ എന്നിവ വിതരണം ചെയ്തതിന് തുക നൽകൽ എന്നിവയ്ക്കാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നത്.

| പ്രോജക്ട് നം. | പേര് | വകയിരുത്തിയത് | ചെലവഴിച്ചത് | ബിൽ നം. / തിയതി. | കുറിപ്പുകൾ |
|---|---|---|---|---|---|
| 1103/20 | 2019-20 | 45,20,000 | 13,85,425 | 4/19- | 4 |

| | | | | | |
|---|---|---|---|---|---|
| | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഷീ പാഡ് പദ്ധതി | | | 20/ 15.3.2020 1/19-20/ 6.12.19 | ലക്ഷം രൂപ വർക്കിംഗ് കാപിറ്റൽ, മെഷീനു കളുടെ വില 9,85,425 രൂപ HLLന് നൽകി. |
| 1108/20 | ഷീ പാഡ് യൂണിറ്റ്- മുണ്ടൂർ, ചാഴൂർ കെട്ടിടങ്ങളുടെ നവീകരണം. | 15,36,235 | 2,50,000 | 3/19-20/ 17.3.20 | മുണ്ടൂർ യൂണിറ്റിന് വർക്കിംഗ് കാപിറ്റൽ. |
| 1109/20 | ഷീ പാഡ് യൂണിറ്റ്- ചൊവ്വന്നൂർ കെട്ടിടം നവീകരണം. | 9,63,777 | 8,76,543 | 5/19-20/ 17.3.20 6/19-20/ 17.3.20 | ആർട് കോയ്ക്ക് നൽകി |
| **ആകെ** | | **70,20,012** | **25,11,968** | | |

**കുറിപ്പ്.**

30 സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് 19,70,863/- രൂപയുടെ എസ്റ്റിമേറ്റ് എച്ച്.എൽ.എൽ നൽകിയിരുന്നതിൽ 9,85,425/- രൂപ തൻ വർഷത്തിൽ നൽകുകയും എയ്ഡഡ് സ്കൂളുകളുൾപെടെ 30 സ്കൂളുകളിൽ മെഷീനുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ മെഷീനുമൊപ്പം 540 നാപ്കിനുകൾ വിതരണം ചെയ്യുന്നതിനായി 16200 നാപ്കിനുകൾ എച്ച്.എൽ.എൽ ൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവയ്ക്ക് രണ്ട് വർഷ വാറണ്ടി ഉണ്ട്.

**പൊതു അപാകതകൾ**

1. ജില്ലാ പഞ്ചായത്ത് അടിസ്ഥാന സൌകര്യങ്ങൾ സ്ഥാപിച്ച് പ്രവർത്തന മൂലധനം നൽകി കുടുംബശ്രീ സംരംഭങ്ങൾ വഴി നിർമ്മിക്കുന്ന നാപ്കിനുകൾ സ്കൂളുകൾ, വനിതാ തൊഴിലിടങ്ങൾ എന്നിവയിൽ വിതരണം ചെയ്യുന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ല. നാപ്കിൻ നിർമ്മാണ സ്ഥാപനങ്ങളിൻ മേൽ ജില്ലാ പഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ല. ടി കെട്ടിടങ്ങൾ, യന്ത്രോപകരണങ്ങൾ എന്നിവ ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപെട്ടു കാണുന്നില്ല.

2. പ്രവർത്തനത്തിലേർപെടുന്ന കുടുംബശ്രീ യൂണിറ്റുകളുടെ വേതനം, വൈദ്യുതിചെലവ്, മറ്റു പ്രവർത്തന ചെലവുകൾ, നാപ്കിനുകൾക്ക് ഈടാക്കാവുന്ന വില എന്നിവ സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് കുടുംബശ്രീ യൂണിറ്റുകളുമായി കരാറിൽ ഏർപെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇത്തരം കരാറുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

3. നിലവിൽ സ്കൂളുകളിൽ വിതരണം ചെയ്യുന്ന നാപ്കിനുകൾക്ക് യൂണിറ്റുകൾ വില ഈടാക്കുന്നുണ്ട്. യൂണിറ്റുകൾ ഉൽപാദിപ്പിച്ചതും വിറ്റഴിച്ചതുമായ നാപ്കിനുകളുടെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ വിവിധ യൂണിറ്റുകൾക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ഈയിനത്തിൽ നാളിതുവരെ തുകയൊന്നും ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

4. യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന നാപ്കിനുകൾക്ക് പൊതു വിപണിയിൽ ലഭ്യമാകുന്ന സാനിറ്ററി നാപ്കിനുകളുടെ വിലയുമായി കാര്യമായ വ്യത്യാസമില്ല. അതേസമയം ആരോഗ്യവകുപ്പിന്റെ സാക്ഷ്യപത്രം, യൂണിറ്റുകൾക്ക് ജി.എസ്.ടി, ഐ.എസ്.ഐ/എം.എസ്.എം.ഇ രജിസ്ട്രേഷൻ എന്നിവ ഇല്ലാത്തതിനാൽ നാപ്കിനുകൾ പൊതു വിപണിയിൽ വിറ്റഴിക്കാൻ നിലവിൽ സാധിക്കുന്നില്ല.

5 കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ അനിശ്ചിതമായി അടച്ചിട്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ വിപണന സാധ്യത ഇല്ലാത്തതിനാൽ യൂണിറ്റുകളിൽ ഉൽപാദനം നടക്കുന്നില്ല. ഇവ തുറന്ന പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കുടിശ്ശിക വൈദ്യുതി തുക, മെഷീനറികളുടെ സർവ്വീസിംഗ് എന്നിവ ജില്ലാപഞ്ചായത്തിന്റെ ബാധ്യതയായേക്കാം.

6. പൊതു വിപണിയിൽ ലഭ്യമാകുന്ന നാപ്കിനുകളോട് കിടപിടിക്കാൻ തക്ക ഗുണമേന്മ (Material Quality) ഉറപ്പു വരുത്താനോ, ആരോഗ്യ വകുപ്പിന്റെ സാക്ഷ്യപത്രം ലഭ്യമാക്കാനോ നിലവിൽ സാധിച്ചിട്ടില്ല. ഇതു മൂലം വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ യൂണിറ്റുകൾക്ക് നിത്യനിദാന ചെലവുകൾ പോലും നടത്തിക്കൊണ്ടു പോകാൻ സാധിക്കുന്നില്ല.

7. ഏതെല്ലാം സ്ഥാപനങ്ങളിലാണ് മെഷീനുകൾ സ്ഥാപിച്ചതെന്ന അടിസ്ഥാന വിവരങ്ങൾ പോലും നിലവിൽ ലഭ്യമല്ല. നാപ്കിൻ വിതരണത്തിനായി സ്കൂളുകളിൽ സ്ഥാപിച്ച വെൻഡിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ എന്നിവ ഭൂരിഭാഗവും നിലവിൽ പ്രവർത്തന ക്ഷമമല്ലായെന്നും. വാറണ്ടി കാലയളവ് അവസാനിച്ചതിനാലും ഇവ സർവ്വീസ് ചെയ്യിട്ടുക്കുന്നതിന് വലിയ തുക ആവശ്യമായി വരുമെന്ന് അറിയിച്ച സാഹചര്യം നിലവിലുണ്ട്.

ഗുണമേന്മയുള്ള സാനിറ്ററി നാപ്കിനുകളുടെ പ്രാദേശിക ഉൽപാദനവും അതുവഴി കുടുംബശ്രീ യൂണിറ്റുകൾക്ക് വരുമാനം ഉറപ്പാക്കുകയും, സ്കൂളുകൾ, വനിതാ തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ നാപ്കിനുകളുടെ ലഭ്യത ഉറപ്പ് വരുത്തിയും, ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും പൊതു സമൂഹത്തിന്റെ ആരോഗ്യ നിലവാരം ഉയർത്തുക എന്നത് ഷീ പാഡ് പദ്ധതിയുടെ ലക്ഷ്യങ്ങളായിരുന്നു.

ജില്ലാപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് നിർമ്മിക്കുന്ന നാപ്കിനുകൾ നീണ്ട അഞ്ചു വർഷങ്ങൾക്ക് ശേഷവും സർക്കാർ ഉൽപന്നമെന്ന നിലയിൽ ഗുണനിലവാരം ഉറപ്പുവരുത്തി, ആരോഗ്യവകുപ്പിന്റെ സാക്ഷ്യപത്രം ലഭ്യമാക്കി വിപണിയിലെത്തിക്കാനോ, പൊതു വിപണി, സപ്ലൈകോ, കുടുംബശ്രീ എന്നീ സംവിധാനങ്ങളുടെ വിപണന സാധ്യത പ്രയോജനപെടുത്തി കുടുംബശ്രീ യൂണിറ്റുകളെ സ്വാശ്രയമാക്കി മാറ്റുന്നതിനോ ജില്ലാപഞ്ചായത്തിന്റെ ഒരു അഭിമാന പദ്ധതിയായി ഷീപാഡ് പദ്ധതിയെ ഉയർത്തി കാട്ടുന്നതിനോ നാളിതുവരെ സാധിച്ചിട്ടില്ലായെന്നത് ഖേദകരമാണ്. കാര്യക്ഷമമായ മോണിറ്ററിഗ് ഇല്ലാത്തതും വിപണിയിലെ ഉൽപന്നങ്ങളോട് ഗുണനിലവാരത്തിലും, വിലയിലും മത്സരിക്കാൻ തക്ക ശേഷി യൂണിറ്റുകൾക്ക് ഇല്ലാത്തതുമാണ് ഇതിന്റെ കാരണം. ജില്ലാ പഞ്ചായത്ത് വർഷം തോറും വലിയ തുകകൾ പദ്ധതിക്കായി ചെലവഴിക്കുമ്പോളും ഇതിന്റെ സാമ്പത്തിക നേട്ടം ഗുണഭോക്താക്കളിലേക്കെത്തുന്നില്ല.

നിലവിലെ നാപ്കിനുകളുടെ ഫീഡ് ബാക്ക് പരിശോധിച്ച് വരുത്തേണ്ട മാറ്റങ്ങൾ നിർണയിച്ചും, അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയും, ഗുണമേന്മയുള്ളതും ഉൽപാദന ശേഷി കൂടിയതുമായ യന്ത്രസംവിധാനങ്ങൾ സ്ഥാപിച്ചും, കാലാനുസൃതമായ ശാസ്ത്രീയ പരിശീലനം നൽകിയും മാത്രമേ പദ്ധതിയെ വിജയത്തിലേക്ക് നയിക്കാൻ സാധിക്കുകയുള്ളൂ. മേൽ സൂചിപ്പിച്ച കാര്യങ്ങൾ നിലവിലെ സാഹചര്യത്തിൽ എത്രമാത്രം പ്രായോഗികമാണെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തുടർ വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിന് ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന ആവർത്തന ചെലവുകൾ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

സ്കൂളുകളിൽ സ്ഥാപിക്കപ്പെട്ട വെൻഡിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ എന്നിവ കോവിഡ് ഭീഷണി കുറഞ്ഞ് സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ പുന പരിശോധിക്കുന്നതിനും അവ പ്രവർത്തന ക്ഷമമാക്കുന്നതിനും തുടർ നിരീക്ഷണം ഉറപ്പു വരുത്തുന്നതിനും ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസത്തെ ചുമതലപെടുത്തുന്നതിനും, ഇക്കാര്യത്തിലും യൂണിറ്റുകളുടെ പ്രവർത്തനങ്ങളിലും നിശ്ചിത ഇടവേളകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരീക്ഷണം ഉറപ്പു വരുത്തുന്നതും ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**<u>1-30 മത്സ്യ സഹകരണ സംഘങ്ങൾക്ക് വാഹനം വാങ്ങൽ-രേഖകൾ ലഭ്യമാക്കിയില്ല ചെലവു തുക തടസ്സപെടുത്തുന്നു</u>**

ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്, പദ്ധതി നമ്പർ 1162/20 പ്രകാരം മത്സ്യസഹകരണ സംഘങ്ങൾക്ക് മത്സ്യവിപണന വാഹനം വാങ്ങിനൽകുന്നതിന് പദ്ധതി

വിഹിതമായി 2.5ലക്ഷം രൂപ വകയിരുത്തിയിരുത്തുകയും ബിൽ നം. 2/19-20/22.01.2020 പ്രകാരം 2,29,853/- രൂപ ചെലവഴിച്ച് പടിഞ്ഞാറെ വെമ്പല്ലൂർ പെരിഞ്ഞനം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, ഏങ്ങണ്ടിയൂർ ബംഗ്ലാവ് കടവ് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എന്നിങ്ങനെ രണ്ട് സംഘങ്ങൾക്ക് പിക്കപ്പ് ഓട്ടോ വാങ്ങിനൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഉൾപെടെ ആകെ 4,78,862 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ അംഗീകരിച്ചതിന്റെ വിവരം, പർച്ചേയ്സ് ബിൽ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബംഗ്ലാവ് കടവ് മത്സ്യതൊഴിലാളി സംഘം ജില്ലാ പഞ്ചായത്തുമായി ഏർപ്പെട്ട കരാർ, വാഹനങ്ങളുടെ ടാക്സ്, ഇൻഷ്വറൻസ്, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ബംഗ്ലാവ് കടവ് സംഘത്തിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ഒരു സംഘത്തിനായി ചെലവഴിച്ച തുക 2,39,431 രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

**1-31 സർക്കാർ ഉത്തരവിന് വിരുദ്ധമായി വനം വന്യജീവി വകുപ്പിന്റെ റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കൽ-വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുമതി ലഭിച്ചില്ല- ചെലവ് തുക 49,200 തടസ്സപെടുത്തുന്നു**

റിസർവോയറുകളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തുന്നതിന് തയ്യാറാക്കിയ 276/20 പദ്ധതി പ്രകാരം 10 ലക്ഷം രൂപ വകയിരുത്തിയതിൽ 49200 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 1/19-20/22.1.20 തുക40390+ ബിൽ നം.6/19-20/31.03.2020 തുക 8810=49200) ഫയൽ പരിശോധിച്ചതിൽ നിന്നും പീച്ചി ഗവ ഫിഷ് ഹാച്ചറിയിൽ നിന്നും 1,090 കുയിൽ മത്സ്യങ്ങൾ (Etroplus), റീജ്യണൽ ഷ്രിംപ് ഹാച്ചറി അഴീക്കോട് നിന്നും 40,000 ആറ്റുകൊഞ്ച് കുഞ്ഞുങ്ങൾ (Macrobrachium Rosenbergii) അഡാക്ക് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 18,000 കരിമീൻ കുഞ്ഞുങ്ങൾ (Pearl Spot), 7,50,000 ചെമ്മീൻ കുഞ്ഞുങ്ങൾ (Scampi) എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ കണ്ടു. പീച്ചി, വാഴാനി റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചതായി ഫയലിൽ രേഖപെടുത്തിയിട്ടുണ്ട്.

പൊതു ജലാശയങ്ങൾ പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് 11.05.2017ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാന പ്രകാരം വന്യജീവി സങ്കേതങ്ങളിലെ റിസർവോയറുകളിൽ തദ്ദേശമത്സ്യ ഇനങ്ങളുടെ വിത്തുൽപാദനം, സംഭരണം, മത്സ്യബന്ധനം എന്നിവ പ്രാദേശികവാസികൾ അടങ്ങിയ സംഘങ്ങൾ ആണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വന്യ ജീവി സംങ്കേതങ്ങളിലെ ജലാശയങ്ങളിൽ പുറമെ നിന്നുള്ള മത്സ്യകുഞ്ഞുങ്ങൾ ഉൾപെടെയുള്ള ജീവികളെ നിക്ഷേപിക്കുന്നത് 1972 ലെ വന്യജീവി സംരക്ഷണ നിയമം വകുപ്പ് 29 ന്റെ പരിധിയിലുൾപെട്ടതിനാൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് മുൻപായി ചുമതലയുള്ള വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വനം വന്യജീവി (ഡി) വകുപ്പിന്റെ 09.01.2014ലെ സ.ഉ.(ആർ.റ്റി)17/2014 വനം. ഉത്തരവ് പ്രകാരം ഉൾനാടൻ മത്സ്യോൽപാദന വർദ്ധനവിനായി നടപ്പിലാക്കുന്ന അണക്കെട്ടുകളിലെ മത്സ്യകൃഷി വികസന പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി പീച്ചി, വാഴാനി എന്നിവ ഒഴികെയുള്ള അണക്കെട്ടുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. മത്സ്യകുഞ്ഞുങ്ങളെ മേൽ റിസർവോയറുകളിൽ നിക്ഷേപിക്കുന്നതിന് വൈൽഡ് ലൈഫ് വാർഡന്റെ അനുമതി ഇല്ലാത്ത സാഹചര്യത്തിലും മേൽപ്രകാരം റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് സർക്കാർ അനുമതി ഇല്ലാത്ത സാഹചര്യത്തിലും ഈ പദ്ധതി പ്രകാരം ചെലവഴിച്ച തുകയിൽ കുയിൽ മത്സ്യങ്ങൾ, ആറ്റുകൊഞ്ച് എന്നിവയുടെ ബില്ലുകൾ പ്രകാരം 19-20 വർഷത്തെ ചെലവു തുക 49,200/- രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു. പീച്ചി, വാഴാനി റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചതായി ഫയലിൽ രേഖപെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്, ഡോക്യൂമെന്റേഷൻ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ സൂചിപ്പിച്ച രേഖകൾ പരിശോധയ്ക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 45/26.07.2021)

**1-32 കുടുംബശ്രീ ട്രെയിനിംഗ് സെന്റർ & ഷീ ലോഡ്ജ് നിർമ്മാണം-തുടർ നടപടികൾ സ്വീകരിക്കണം**

ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി നം. 148/20 ബഹുവർഷ പദ്ധതിയിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ട്രെയിനിംഗ് സെന്റർ & ഷീ ലോഡ്ജ് നിർമ്മിക്കുന്നതിനായി ജില്ലാ

കുടുംബശ്രീ മിഷൻ കോർഡിനേറ്റർ നിർവ്വഹണം നടത്തുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 1.56 കോടി രൂപ വകയിരുത്തിയതിൽ 1.0682 കോടി രൂപ ചെലവഴിച്ചതായി സുലേഖ ചെലവു പത്രികയിൽ രേഖപെടുത്തി കാണുന്നു. ഫയൽ പരിശോധിച്ചതു പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

9.7.18 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7115/എം/2018/കെ.എസ്.എച്ച്.ഒ കത്ത് പ്രകാരം കുറഞ്ഞത് 100 പേർക്ക് താമസിച്ച് പരിശീലനം നടത്തുന്നതിന് ആവശ്യമായ സൌകര്യങ്ങൾ ഉള്ള കുടുംബശ്രീ പരിശീലന കേന്ദ്രം നിർമ്മിക്കാൻ സംസ്ഥാനബജറ്റിൽ 5 കോടിരൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ സ്ഥലം ലഭിക്കുന്ന സംഗതികളിൽ

I. സ്ഥലത്തിന്റെ സ്കെച്ചും സ്ഥലം കുടുംബശ്രീക്ക് ലഭിച്ചതിന്റെ ഉത്തരവ്/രേഖ,

Ii. കെട്ടിടം പണിയുന്നതിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും(കോംപിറ്റന്റ് അതോറിറ്റി അംഗീകരിച്ചത്) എന്നിവ ലഭ്യമാക്കുകയും എം.എൽ.എ, എം.പി, തദ്ദേശഭരണ സ്ഥാപന വിഹിതം എന്നിവ കണ്ടെത്തുന്ന ജില്ലാ മിഷനുകൾക്ക് അംഗീകാരവും ഫണ്ടിന്റെ പരിമിതികുള്ളിൽ നിന്നുകൊണ്ട് തുക അനുവദിക്കുന്നതാണെന്നും കത്തിൽ രേഖപെടുത്തിയിട്ടുണ്ട്.

കുടുംബശ്രീ മിഷൻ കോർഡിനേറ്ററുടെ കെട്ടിട നിർമ്മാണം ഫയൽ പരിശോധിച്ചതിൽ നിന്നും 19.9.18ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരു.നം 7(1) പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നിർമ്മാണ ചുമതല അക്രഡിറ്റ് ഏജൻസിയായ തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി (തിരൂർ) യെ ഏൽപ്പിക്കുന്നതിനും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ എടുക്കുന്നതിന് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 6.12.18 ലെ സാധാരണയോഗത്തിലെ തീരുമാനം. നം. 2(3) പ്രകാരം സർവ്വെ 322/3,353/2ൽ പെട്ട 2.68 ഏക്കർ സ്ഥലത്തെ 75 സെന്റ് സ്ഥലത്ത് പരിശീലനകേന്ദ്രവും ഷീലോഡ്ജും നിർമ്മിക്കാൻ അനുമതി നൽകുന്നതിനും കെട്ടിട നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകുന്നതിനും ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. രണ്ട് നിലകളിലായി 1613.96 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ (GF733.16+FF731.83+Terrace 148.97=1613.96SQ.M) സെമിനാർ ഹാൾ, ഡോർമിറ്ററികൾ മറ്റ് അനുബന്ധ സൌകര്യങ്ങളോട് കൂടി നിർമ്മിക്കുന്ന കെട്ടിടത്തിൽ ജി.എസ്.ടി.ഉൾപെടെ 5.46 കോടി രൂപയുടെ എസ്റ്റിമേറ്റ് 26.3.19 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി 4(1) തീരുമാന പ്രകാരം അംഗീകരിക്കുകയും 17.9.19 ലെ ഡി.പി.ടി./ഡി3-4554/19 പ്രകാരം 19-20 വർഷത്തേക്ക് 1.5 കോടിയും 20-21 വർഷത്തേക്ക് 3.841 കോടിയും അടക്കം ആകെ 5.341 കോടിരൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 11.10.2019 ലെ 1380/KSTSR/19നമ്പറായി കുടുംബശ്രീ മിഷൻ കോർഡിനേറ്റർ ജില്ലാ ലേബർകോൺട്രാക്ട് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 65129/19-20നമ്പറായി ചീഫ് എഞ്ചീനീയറുടെ സാങ്കേതികാനുമതി ലഭിച്ച പദ്ധതി 24 മാസം കൊണ്ട് പൂർത്തീകരിക്കുന്നതിന് കരാറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ കാണും പ്രകാരം അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. കെട്ടിട നിർമ്മാണത്തിന് മാത്രമായി ഭൂമി വിട്ടു നൽകാൻ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ ഗ്രാമപഞ്ചായത്തിനാണ്. പൂർണമായും ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പണം ചെലവഴിച്ച് കെട്ടിട നിർമ്മാണം നടത്തുന്നുണ്ടെങ്കിലും ടി കെട്ടിടം ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപെടുത്തുകയോ, കെട്ടിടത്തിൻമേൽ ജില്ലാ പഞ്ചായത്തിനുള്ള ഉടമസ്ഥാവകാശം സംബന്ധിച്ച് ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥരായ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തുമായി ഏതെങ്കിലും ധാരണാ പത്രത്തിൽ ഏർപ്പെട്ടതായോ കാണുന്നില്ല. ഇക്കാര്യത്തിൽ ഭരണ സമിതി തീരുമാനം ഉണ്ടാകേണ്ടതും. ധാരണാ പത്രം തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2. കുടുംബശ്രീ മിഷന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി സംസ്ഥാന ബജറ്റിൽ കുടുംബശ്രീ മിഷന് വകയിരുത്തിയ തുക വിനിയോഗിക്കുന്നതിന് ജില്ലാ മിഷന് നൽകിയ 9.7.18 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7115/എം/2018/കെ.എസ്.എച്ച്.ഒ കത്തിന്റെ തുടർച്ചയായാണ് പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന് ജില്ലാപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത്. എന്നാൽ പദ്ധതിക്കായി പൂർണമായും ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ചെലവഴിച്ചതായാണ് കാണുന്നത്. കുടുംബശ്രീ മിഷൻ ഫണ്ട് കെട്ടിട നിർമ്മാണത്തിന് വകയിരുത്തിയിട്ടില്ല .

3. 30.07.2014 ലെ സ.ഉ(പി)നം.311/74/ധന ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകേണ്ട സെന്റേജ് ചാർജിൽ ഇളവുകൾ ലഭിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് മുൻപായി അർഹരായ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് സംബന്ധിച്ച് മത്സരാധിഷ്ഠിത വാഗ് ദാനങ്ങൾ ആവശ്യപെടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. 4.7.19 ലെ സ.ഉ. (പി)77/2019ധന. ഉത്തരവ് പ്രകാരം TDLCCS നെ (Thrissur District Laber Contract Cooperative Soceity) ബിഡ്ഡിംഗ് പ്രോസസ് കൂടാതെ നോൺ പി.എം.സി.യായി പൊതു നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കാമെന്ന വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഈ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിനു മുൻപു തന്നെ 19.9.18 ലെ ഭരണ സമിതി TDLCCS നെ ബിഡ്ഡിംഗ് കൂടാതെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നു. ഇത് 30.07.2014 ലെ സ.ഉ (പി)നം.311/74/ധന ഉത്തരവിന് വിരുദ്ധമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടത്തുന്ന കെട്ടിട നിർമ്മാണത്തിന് ജില്ലാ പഞ്ചായത്തിന് നിയമാനുസൃതം കൈമാറിയിട്ടില്ലാത്ത ജില്ലാ മിഷൻ കോർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയത് നിയമാനുസൃതമല്ല.

ജില്ലാ മിഷൻ കോർഡിനേറ്ററെ ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് സർക്കാർ ഉത്തരവ് നിലവിലില്ല. വനിതാ വികസന പദ്ധതികളുടെ നിർവ്വഹണ ചുമതല ജില്ലാ വനിതാ ക്ഷേമ ഓഫീസർക്കും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ത.സ്വ.ഭ.വ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസി.എക്സി.എഞ്ചിനീയർ/എക്സി.എഞ്ചിനീയർ എന്നിവർക്കുമാണെന്ന 29.1.18 ലെ സ.ഉ.(കൈ)നം.11/18 ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ജില്ലാ പഞ്ചായത്തിന്റെ നിയമാനുസൃത നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നേരിട്ട് നടപ്പാക്കാവുന്ന പദ്ധതി ഇത്തരത്തിൽ ബൈപാസ്സ് ചെയ്യാനിടയായത് ക്രമവിരുദ്ധമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

5. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപെടുത്തിയിരുന്നുവെങ്കിലും പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കിയതിന് TDLCCS (Thrissur District Laber Contract Cooperative Soceity) 3% സെന്റേജ് ചാർജ്ജ് (13,04,811/-രൂപ) അധികമായി ആവശ്യപ്പെട്ടതായി കാണുന്നു.

7.8.14 ലെ സ.ഉ(സ)2049/14 എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആർക്കിടെക്ചറൽ ഡിസൈൻ, കരട് പ്ലാൻ, വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് കൺസൽട്ടൻസികളെ ചുമതലപ്പെടുത്തുന്ന സംഗതികളിൽ PAC (Probable Amout Of Contract) യുടെ 2.33% തുക പരമാവധി അനുവദിക്കാവുന്നതാണ്. എന്നാൽ 30.07.2014 ലെ സ.ഉ(പി)നം.311/74/ധന ഉത്തരവ് ക്രമനം. XI പ്രകാരം പ്ലാനിംഗ്, ഡിസൈനിംഗ്, ടെണ്ടറിംഗ്, സൂപ്പർവിഷൻ, സൈറ്റ് കൈമാറൽ എന്നിവ ഉൾപെടെയുള്ള പ്രവൃത്തികൾക്കാണ് സെന്റേജ് ചാർജ്ജ് നിശ്ചയിച്ചിട്ടുള്ളത് എന്നതിനാൽ ഡിസൈൻ, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് അധികമായി സെന്റേജ് ചാർജ്ജ് ആവശ്യപെടുന്നത് അംഗീകരിക്കാനാവില്ല.

7. 2019-20 വർഷത്തെ ചെലവ് പത്രികയിൽ 1.0682 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ജില്ലാ മിഷൻ നൽകിയ മറുപടി പ്രകാരം തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Bill Referance Number | Date | Amount |
|---|---|---|
| 19130152033200734010 | 25.10.19 | 9,90,000 |
| 19130152033200752317 | 29.10.19 | 48,46,000 |
| 19130152033200752344 | 29.10.19 | 48,46,000 |
| **ആകെ** | | **1,06,82,000** |

എന്നാൽ ട്രഷറി ബിൽ ബുക്കിൽ തുക പിൻവലിച്ചതിന്റെ ട്രഷറി രേഖപെടുത്തലുകൾ ഇല്ല. യു.ടി.ആർ നമ്പർ ഉൾപെട്ട ട്രഷറി പെയ്ഡ് റിപ്പോർട്ടുകൾ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

നിലവിൽ 2 നില കെട്ടിടത്തിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചതായും 2021 ഡിസംബർ മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം പ്രയോജനപെടുത്താൻ സാധിക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. .(ഓഡിറ്റ് എൻക്വയറി നമ്പർ 50/27.08.2021)

## 1-33 PMAY(G) ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും SECC ലിസ്റ്റിലെ അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ 2019-20 വർഷത്തിൽ നടപ്പാക്കിയ നാല് പ്രോജക്ടുകളിലായി 1,41,00,387/- രൂപ ഭവന നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 358/20-PMAY(G) 19-20 അധിക വിഹിതം നൽകൽ-ജനറൽ | 1,00,00,000 | 86,55,457 | |
| PMAY(G) 19-20 ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ SCP | 36,26,000 | 2,94,000 | |
| PMAY(G) ബ്ലോക്കുകൾക്ക് 2018-19 വിഹിതം നൽകൽ SCP-സ്പിൽ ഓവർ | 36,24,930 | 36,24,930 | |
| PMAY(G) 2018-19 ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ SCP-സ്പിൽ ഓവർ | 15,26,000 | 15,26,000 | |
| ആകെ | 1,87,76,930 | 1,41,00,387 | |

2011 ലെ സോഷ്യോ ഇക്കണോമിക് ഏന്റ് കാസ്റ്റ് സെൻസസ് (എസ്.ഇ.സി.സി.) ലിസ്റ്റിലുൾപെട്ട ഭവനരഹിതരായ 6469 ഗുണഭോക്താക്കളാണ് തൃശ്ശൂർ ജില്ലയിലുള്ളത്. ഇവരിൽ നിന്നുമാണ് PMAY(G) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 3130ഗുണഭോക്താക്കളാണ് പദ്ധതിക്കായി എം.ഐ.എസ് വഴി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ ഭവന നിർമ്മാണ അനുമതി ലഭിച്ച 1917പേരിൽ 1555 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 362പേർ വിവിധ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലായി ഭവന നിർമ്മാണം

പൂർത്തികരിക്കാനുണ്ട്. ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ ഘട്ടങ്ങൾ സംബന്ധിച്ച നിലവിലെ സ്ഥിതിവിവരം താഴെ ചേർക്കുന്നു.

| പൂർത്തീകരിക്കാത്ത വീടുകളുടെ വിവരം | | | | | | | |
|---|---|---|---|---|---|---|---|
| Basement | Lintel | Roof | Not Started | Refund | RR | Death | Migrated |
| **67** | **66** | **26** | **188** | **10** | **2** | **1** | **2** |

പദ്ധതി പ്രകാരം ആദ്യഗഡു കൈപറ്റി 12 മാസത്തിനകം ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കണം.അതേ സമയം Extention Of Time ന് അപേക്ഷിക്കുന്നവർക്ക് 90 ദിവസം കൂടി അധികമായി അനുവദിക്കാറുണ്ട്. മേൽസൂചിപ്പിച്ച 362 പേരിൽ 45 പേർ ആദ്യ ഗഡു കൈപറ്റി 12 മാസം കഴിഞ്ഞിട്ടുള്ളവരാണ്.

ഭൂരഹിതർ, വിവിധ കാരണങ്ങളാൽ കരാറിലേർപെടാൻ സാധിക്കാത്തവർ, നിലവിലെ സാഹചര്യത്തിൽ അനർഹരായവർ എന്നിങ്ങനെ ധാരാളം ഗുണഭോക്താക്കൾ എസ്.ഇ.സി.സി ലിസ്റ്റിൽ അവശേഷിക്കുന്നതായി കാണുന്നുണ്ട്. അതേ സമയം പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രാബല്യത്തിൽ വന്ന ആവാസ് പ്ലസ് സോഫ്റ്റ് വെയർ വഴി 19239 പേർ ഭവന നിർമ്മാണത്തിനായി പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ എസ്.ഇ.സി.സി.ലിസ്റ്റിലെ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കിയാൽ മാത്രമേ ആവാസ് പ്ലസ് വഴി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളിൽ നിന്നും ടാർജറ്റ് അനുവദിക്കുകയുള്ളൂവെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ എസ്.ഇ.സി.സി ലിസ്റ്റിലെ അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുന്ന റിമാന്റിംഗ് നടപടികൾ പൂർത്തീകരിച്ച് നിലവിൽ അർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ തുക അനുവദിക്കുന്നതിനും കരാറിലേർപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നിരീക്ഷണം ഉറപ്പു വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-34 കുഴൽ കിണർ നിർമ്മാണം ബാക്കി തുക ഭൂജലവകുപ്പിൽ നിന്നും തിരികെ ഈടാക്കണം**

ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ നടപ്പാക്കിയ പദ്ധതി നമ്പർ332/20 പ്രകാരം ആനന്ദപുരം നെയ്ത്ത് കേന്ദ്രം പശപ്പുര നിർമ്മാണം, കുഴൽ കിണർ നിർമ്മാണം എന്നിവയ്ക്കായി 10.5 ലക്ഷം രൂപ പ്രത്യേക ഘടക പദ്ധതി പ്രകാരം വകയിരുത്തിയതിൽ തൻ വർഷത്തിൽ ആകെ 5.22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 5/19-20/28.10.19 1,80,000/-, 6/19-20/30.12.19 2,46,000/-, 7/19-20/17.3.20 96,000/-) കെട്ടിട നിർമ്മാണം നടത്തിയതിന് കോസ്റ്റ് ഫോർഡിന് 3.72 ലക്ഷവും കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിന് 1.5 ലക്ഷവും നൽകിയിട്ടുണ്ട്. കുഴൽ കിണർ പൂർത്തീകരിച്ച് 1,19,241/- രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഭൂജലവകുപ്പ് നൽകിയിട്ടുണ്ട്. ബാക്കി തിരികെ ലഭിക്കേണ്ട 30,759/- രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ചതിന്റെയും, കെട്ടിടത്തിലെ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

**1-35 ബെഡ് നിർമ്മാണ യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല**

നിർവ്വഹണം - ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ.

പദ്ധതി നമ്പർ 325/20 പ്രകാരം ഒളരിക്കരയിലെ എച്ച്.എം.പി.യൂണിറ്റിനോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിന്റെ ഭാഗം പുതുക്കി പണിത് 1250 ചതുരശ്ര അടി സ്ഥലത്ത് മെഷിനറികൾ സ്ഥാപിച്ച് ബെഡ് നിർമ്മാണ യൂണിറ്റാക്കി മാറ്റുന്നതിനും അതു വഴി 5 വനിതാ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പ്ലാൻഫണ്ടിൽ നിന്ന് 15 ലക്ഷവും തനത് ഫണ്ടിൽ നിന്ന് 3.75 ലക്ഷവും കൂടി ആകെ 18.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിട നവീകരണം നടത്തുന്നതിന് 8 ലക്ഷം രൂപയും മെഷിനറി, ഫർണീച്ചർ, പ്രവർത്തന മൂലധനം എന്നിവയ്ക്കായി 10.75 ലക്ഷവും വിനിയോഗിക്കുന്നതിന്

പ്രോജക്ട് ലക്ഷ്യമിടുന്നു. കെട്ടിട നവീകരണം നടത്തുന്നതിന് കോസ്റ്റ് ഫോർഡ് നൽകിയ എസ്റ്റിമേറ്റ് 3.7.19 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി 2(3) നമ്പറായി അംഗീകരിക്കുകയും 19.9.19 ന് കോസ്റ്റ് ഫോർഡുമായി ഏർപ്പെട്ട കരാർ നം. 21/19-20 പ്രകാരം പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 2,56,000/- രൂപ (ബിൽ നം. 4/19-20/28.10.19 1,60,000/-, 8/19-20/17.3.20 96,000/- രൂപ)തൻ വർഷത്തിൽ കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ച് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

14.02.2018 ലെ സ.ഉ(കൈ)22/2018ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 6.4പ്രകാരം ഖാദി ഉല്പാദക യൂണീറ്റുകൾക്ക് തറിയും നെയ്ത്തുപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള വ്യവസ്ഥ പ്രകാരമാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. നിലവിൽ ടി സ്ഥാപനങ്ങൾ ജില്ലാപഞ്ചായത്തിന്റെ ആസ്തികളോ, ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളോ അല്ല. കൈമാറിയ തുകയുടെ വിനിയോഗം സംബന്ധിച്ച് ജില്ലാപഞ്ചായത്തോ, ഖാദി ഗ്രാമവ്യവസായ പ്രോജക്ട് ഓഫീസറോ ഏതെങ്കിലും തരത്തിലുള്ള ധാരണാപത്രം/കരാറിലേർപ്പെട്ടതായി കാണുന്നില്ല. വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമമായ മോണിറ്ററിംഗ് ഇല്ല. മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കേണ്ടതും യൂണിറ്റ് പ്രവർത്തന ക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-36 വിവിധ കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തു - തുകയുടെ വിനിയോഗ വിവരമില്ല**

നിർവ്വഹണം-ജില്ലാ പഞ്ചായത്ത് സെക്രട്ടറി

**I) S1071/20, വിവിധ കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭജലവകുപ്പിൽ തുക ഡെപ്പോസിറ്റ് (ജനറൽ)**

അടങ്കൽ:വികസന ഫണ്ട്-25,00,000/-

കുടിവെള്ളപദ്ധതികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്ര. നം | ട്രഷറി ബിൽ ബുക്ക് ക്രമ നം / സാംഖ്യ വൗച്ചർ നം/തിയതി/ തുക | പഞ്ചായത്തിന്റെ പേര്, തുക | കുടിവെള്ളപദ്ധതിയുടെ പേര് |
|---|---|---|---|
| 1 | 503/28.12.19<br>21901281/15.10.19<br>19,75,000 | മുളങ്കുന്നത്ത് കാവ്-9,75,000 | വെളപ്പായ പാലം ബസാർ കുടിവെള്ളപദ്ധതി |
| | | മുള്ളൂർക്കര-10,00,000 | കുളവ്വള്ളി കുടിവെള്ളപദ്ധതി |
| 2 | 387/16.3.20<br>5,25,000<br>(ചെലവ് 20-21 ൽ) | പുത്തൂർ--16,00,000 | ചെമ്പംകണ്ടം കുടിവെള്ളപദ്ധതി |
| | 388/16.3.20<br>10,75,000<br>(ചെലവ് 20-21 ൽ) | | |

<u>അപാകതകൾ</u>

A) തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

B) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് സൂപ്രണ്ടിങ് എഞ്ചിനീയറുടെ Order No. T(3)/500/2020/GWD/20.2.20 പ്രകാരം മുളങ്കുന്നത്ത് കാവ് പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകിയിരിക്കുന്നത് 9,65,000/- രൂപക്കാണ്. 9,75,000 രൂപയാണ് കൈമാറിയിരിക്കുന്നത്. കരാർ പ്രകാരം 1.12.2019 ന് ആരംഭിച്ച് 31.3.20 ന് പദ്ധതി പൂർത്തീകരിച്ച് 15 ദിവസത്തിനകം ഫൈനൽ ബില്ല് ജില്ലാ പഞ്ചായത്തിന് നൽകണം. ഇപ്രകാരം ചെയ്തതായി കാണുന്നില്ല. സാങ്കേതികാനുമതി തുകയേക്കാൾ അധികം തുക കൈമാറിയിട്ടുണ്ട്.

C) മേൽ പറഞ്ഞ സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തിയതായി ഫയലിൽ കാണുന്നില്ല.

D) പുത്തൂർ പഞ്ചായത്തിന്റെ കുടിവെള്ളപദ്ധതിക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി തയ്യാറാക്കിയ കരാറിൽ മുഴുവൻ വിവരങ്ങളും ചേർത്ത് പൂർത്തീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.പദ്ധതിപൂർത്തീകരിച്ചതിന്റെയും ഗ്രൗണ്ട് വാട്ടർഡിപ്പാർട്ട്മെന്റിന് കൈമാറിയതിൽ ചെലവഴിക്കാതെ ബാക്കി തുകയുണ്ടെങ്കിൽ ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭ്യമാക്കുന്നതുവരെ 2019-20 ലെ ചെലവ് തുക 19,75,000 രൂപ തടസ്സപ്പെടുത്തുന്നു.

**II) S1080/20 കാക്കനാട് മിച്ചഭൂമി കുടിവെള്ള പദ്ധതി പൂർത്തീകരണം - എരുമപ്പെട്ടി**

2017-18 വർഷം ആരംഭിച്ചതായി കാണുന്ന ഈ പദ്ധതിയുടെ എസ്റ്റിമേറ്റ്,അടങ്കൽ തുക12 ലക്ഷമായിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ Order No T(3)/3178/2018/DGW/7.5.2018 പ്രകാരം മേൽ പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 11,72,000/- രൂപയിൽ നിജപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം.DPT/ഡി 4-7329/2017/തിയതി 1.1.2018 പ്രകാരം 12,00,000/- രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്.(ബില്ല് നം 297/1.1.2018). ഈ തുകക്ക് വിനിയോഗസാക്ഷ്യപത്രമുണ്ട്.

ഫൈനൽ ബില്ല് തുക 13,52,707/- രൂപയാണ്,റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫൈനൽ ബില്ല് തയ്യാറാക്കിയത് 26.9.2018 ന്.

ജില്ലാ ഓഫീസർ,ജി.ഡബ്ലിയുഡി,ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നവർ തമ്മിലുള്ള കരാർ നം D4/7329/17/26.12.17 പ്രകാരം 31.3.2018 നകം പണി പൂർത്തീകരിക്കണം.

2019-20 വർഷം അധികതുകയായ 152707/-രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബില്ല് ബുക്ക് ക്രമ നം 374/18.3.2020/ സാംഖ്യ വൗച്ചർ നം 21902108/21.1.20)

ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

A) 13,52,707/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതിന്റെ വിവരം

B) കരാർ പ്രകാരം 31.3.2018 ന് പൂർത്തീകരിക്കേണ്ട പണിക്ക് 26.9.2018 നാണ് ഫൈനൽബില്ല് തയ്യാറാക്കിയിരിക്കുന്നത്. ബാക്കി തുക ചെലവഴിച്ചത് 3/2020 ലും. ഇപ്രകാരമുള്ള കാലതാമസത്തിനു കാരണം

മറുപടി ലഭ്യമാക്കുന്നതുവരെ 2019-20 ലെ ചെലവ്തുക 152707/- രൂപ തടസ്സപ്പെടുത്തുന്നു.

**III) S1072/20വിവിധ കുടിവെള്ളപദ്ധതികൾക്കായി ഭൂഗർഭ ജല വകുപ്പിൽ ഡെപ്പോസിറ്റ്(SCP)**

അടങ്കൽഃഎസ്.സി.പി-1,17,54,108

2019-20ൽചെലവ്-44,60,000/-

മേൽപറഞ്ഞ പദ്ധതിപ്രകാരം താഴെ പറയുന്ന കുടിവെള്ളപദ്ധതികൾക്കായി ഭൂഗർഭജലവകുപ്പിൽ, തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | കുടിവെള്ളപദ്ധതിയുടെ പേര് | ട്രഷറി ബില്ല് ക്രമ നം,/ സാംഖ്യ വൗച്ചർ നം /തിയതി | തുക | സാങ്കേതിക അനുമതി ലഭിച്ചത് |
|---|---|---|---|---|
| 1 | കാട്ടുകുറ്റി പറയൻകുന്ന് എസ്.സികുടിവെള്ളപദ്ധതി | 368/18.3.20 21902088/25.10.19 | 8,65,000 | 8,62,000 |
| 2 | വള്ളത്തോൾനഗർവെട്ടിക്കാട്ടിരി ചക്കുറ്റിക്കാട് കുടിവെള്ളപദ്ധതി | 369/18.3.20/21902090/25.10.19 | 16,70,000 | 16,55,000 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | പുത്തൂർപുത്തൻകാട് ഹിൽകോളനി കുടിവെള്ളപദ്ധതി | 367/18.3.20/ 21902089/25.10.19 | 13,75,000 | 13,75,000 |
| 4 | പുന്നയൂർനായാടിഎസ്.സികോളനി കുടിവെള്ളപദ്ധതി | 366/18.3.20/21902091/25.10.19 | 5,50,000 | 5,50,000 |
| | | ആകെ | 44,60,000 | |

അപാകതകൾ-(A)കരാർ ഉടമ്പടി നം ഡി4/3375/19/തിയതി 14.10.2019 പ്രകാരം 1.12.2019 മുതൽ31.3.2020വരെയാണ് പ്രവൃത്തിയുടെ കാലാവധി. തുക ചെലവഴിച്ചതിന്റെയോ, പ്രവൃത്തിപൂർത്തീകരിച്ചതിന്റെയോ രേഖകളില്ല,നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

(B)സാങ്കേതികാനുമതി തുകയേക്കാൾ അധികം തുക കൈമാറിയിട്ടുണ്ട്.

(C)പദ്ധതി സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തിയതായി ഫയലിൽ കാണുന്നില്ല.അപാകതകൾ പരിഹരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. 2019-20 ലെ ചെലവ്തുക 44,60,000 രൂപ തടസ്സപ്പെടുത്തുന്നു

മുകളിൽ പറഞ്ഞവിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറി 56/16.9.2021 ന് തൃപ്തിരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതുവരെ മുകളിൽ പറഞ്ഞപ്രകാരമുള്ള ചെലവുതുക 65,87,707 ( 19,75,000 + 152707 + 44,60,000 ) രൂപ തടസ്സപ്പെടുത്തുന്നു.

**<u>1-37 അഴീക്കോട് - മുനമ്പം കടവിൽ ബൊല്ലാർഡ് പോൾ സ്ഥാപിച്ചത് - കരാർ വ്യവസ്ഥകളിൽ വ്യക്തതയില്ല - ജില്ലാ പഞ്ചായത്തിന്റെ അലംഭാവം മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ വൈകി</u>**

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ട് നം. 1059/20 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.ബി.മുസിരിസ് ജങ്കാറിന്റെ റിപ്പയറിംഗും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനായി 37,22,686 രൂപ തനതു ഫണ്ടിൽ നിന്നും വകയിരുത്തുകയും 36.8 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജങ്കാർ റിപ്പയറിംഗിനായി പദ്ധതി തയ്യാറാക്കിയെങ്കിലും അഴീക്കോട് മുനമ്പം കടവുകളിൽ ജങ്കാർ അടുപ്പിക്കുന്നതിനുള്ള ബൊല്ലാർഡ് പോളുകൾ സ്ഥാപിച്ചതിനാണ് തുക ചെലവഴിച്ച് കാണുന്നത്.

അഴീക്കോട് -മുനമ്പം കടവുകളെ ബന്ധിപ്പിക്കുന്ന ജങ്കാർ സർവ്വീസ് അടുപ്പിക്കുന്നതിന് നിലവിലുണ്ടായിരുന്ന ബൊല്ലാർഡ് പോളുകൾ (കെട്ടു കുററി) 18.06.2018 ന് ഒടിഞ്ഞതിനെ തുടർന്ന് ജങ്കാർ സർവ്വീസ് നിർത്തി വച്ച സാഹചര്യത്തിൽ ബൊല്ലാർഡ് പോളുകൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ധാരണയിലെത്തുകയും എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് നൽകിയ 37.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 13.8.18 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനം 1 പ്രകാരം അംഗീകരിക്കുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 19.9.18 ന് എ3-2476/18 നമ്പറായി കരാറിലേർപെട്ട് 22.09.2018 ന് 10 ലക്ഷം രൂപ അഡ്വാൻസ് നൽകുകയും ചെയ്തു.

കരാറിലെ വ്യവസ്ഥ5 പ്രകാരം കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകിയ ശേഷം 120 ദിവസത്തിനകം രണ്ടാംകക്ഷിയായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രവൃത്തി പൂർത്തികരിക്കേണ്ടതാണെന്നും അധിക സമയം ആവശ്യമായി വന്നാൽ ജില്ലാപഞ്ചായത്തിനെ കാര്യകാരണ സഹിതം ബോധ്യപെടുത്തേണ്ടതാണെന്നും രേഖപെടുത്തിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിനായി മൂന്നു തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും 44.97 ലക്ഷം രൂപ രേഖപെടുത്തിയ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും നിലവിൽ വകയിരുത്തിയ തുകയ്ക്ക് പ്രവൃത്തി നടത്താനാവില്ലായെന്നും കാണിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 22.3.19 ലെ നം. ഡി2-4020/2013/ഇ.ഇ കത്ത് പ്രകാരം എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ റിവൈസ് ചെയ്ത് ജി.എസ്.ടി കൂടി ഉൾപെടുത്തി എസ്റ്റിമേറ്റ് തുക 46.8 ലക്ഷമായി ഉയർത്തുകയാണെന്ന് ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. തുടർന്ന് 14.06.19ൽ എ3-2476/18(2) പ്രകാരം 46.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ജില്ലാ പഞ്ചായത്ത് ഉപകരാറിലേർപ്പെടുകയും 36.8 ലക്ഷം രൂപ 20.6.2019 ന് തനതു ഫണ്ടിൽ നിന്നും ചെക്ക് നം 5590656 പ്രകാരം പിൻവലിച്ച് 25.6.19 ന് 8443-00-108-Pwd Deposit എന്ന ശീർഷകത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അടവാക്കുകയും ചെയ്തു.

ബൊല്ലാർഡ് പോൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പാക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഇല്ലായെന്ന ചൂണ്ടിക്കാട്ടിയാണ് പ്രവൃത്തി നടത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്ത് 19.9.2018 ന് കരാറിലേർപ്പെട്ടത്. 9.11.18, 8.7.19എന്നീതിയതികളിൽ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചതായും 9.8.19 ന് അവസാന തിയതിയായി റീ ടെണ്ടർ ക്ഷണിച്ചെങ്കിലും ആദ്യ ടെണ്ടറിൽ പങ്കെടുത്ത ശ്രീ. പ്രസാദ് ചക്കാലക്കൽ എന്നയാൾ സമർപ്പിച്ച ഒരു ടെണ്ടർ മാത്രമേ ആകെ ലഭിച്ചിരുന്നുള്ളുവെന്നും ആയതിനാൽ ലഭ്യമായ ടെണ്ടർ ജില്ലാ പഞ്ചായത്ത് അംഗീകരിക്കുകയായിരുന്നുവെന്ന് ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.53/ 10.9.21) ജില്ലാ പഞ്ചായത്ത് മറുപടി നൽകുകയുണ്ടായി.

കൊച്ചിയിലെ എസ്റ്റി.ഡെവലപേഴ്സ് തയ്യാറാക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ 37.8 ലക്ഷം രൂപയുടെ ആദ്യ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്താൻ ആരും തന്നെ ടെണ്ടർ എടുക്കാതിരുന്നതിന് സംബന്ധിച്ച് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തിയതി രേഖപെടുത്താത്ത എസ്റ്റിമേറ്റ് പരിശോധനാ റിപ്പോർട്ടിൽ രേഖപെടുത്തിയത് താഴെകാണും പ്രകാരമാണ്. " കരാറുകാരോട് അന്വേഷിച്ചതിൽ ഹെവി വാട്ടർ ഉള്ള ഈ ഭാഗത്ത് എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് ബുദ്ധിമുട്ടാണെന്ന് മനസ്സിലായി കൂടാതെ ജി.എസ്.ടിക്ക് ഫണ്ട് വകയിരുത്തിയിരുന്നില്ല. " ഇതിൽ നിന്നും സൈറ്റിലെ പ്രശ്നങ്ങൾ പരിഗണിച്ചും ആവശ്യമായ സാങ്കേതിക മാറ്റങ്ങൾ വരുത്തിയും, ടാക്സ് പ്രൊവിഷൻ ഉൾപെടുത്തിയുമല്ല ആദ്യത്തെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാണ്.

എന്നാൽ ആവശ്യമായ മാറ്റങ്ങൾ ഉൾപെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ടെണ്ടർ ക്ഷണിച്ചിട്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചതെന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കത്ത് അംഗീകരിച്ച്, ലഭിച്ച ഏക ടെണ്ടർ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് നൽകുകയാണുണ്ടായത്. ടെണ്ടർ ക്ഷണിച്ചതും ഡിസൈൻ തയ്യാറാക്കിയതും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരിക്കുന്നത് സംബന്ധിച്ച കാലാവധി കൃത്യമായി കരാറിൽ രേഖപെടുത്താതിരുന്നതും, ടെണ്ടർ നടപടി സ്വീകരിച്ച് കരാറിൽ ഏർപെടുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തിയുടെ തുക നിശ്ചയിക്കാൻ കഴിയുകയുള്ളു എന്നിങ്ങനെ വ്യവസ്ഥകൾ കരാറിൽ ചേർത്തതും മൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനെതിരെ നടപടി സ്വീകരിക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചില്ല. സൈറ്റ്കണ്ടീഷൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുണ്ടായ വീഴ്ചയും, ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ സുതാര്യതയില്ലായ്മയും ജില്ലാ പഞ്ചായത്ത് അംഗീകരിച്ചു നൽകേണ്ട സാഹചര്യമാണ് യഥാർത്ഥത്തിലുണ്ടായത്. 19.09.18 ന് കരാറിലേർപ്പെട്ട ഈ പ്രവൃത്തി30.11.20 ന് പൂർത്തിയായതായാണ് കാണുന്നത്. (സാങ്കേതികാനുമതി പകർപ്പ് ലഭ്യമല്ലാത്തതിനാൽ പൂർത്തീകരിക്കാനാവശ്യമായ യഥാർത്ഥ കാലാവധി കണക്കാക്കാനായിട്ടില്ല.) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ കരാറിലുൾപെടുത്തിയിരുന്നുവെങ്കിൽ നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കിയ ഈ പ്രവൃത്തി രണ്ട് വർഷവും രണ്ട് മാസവും ദീർഘിക്കുന്ന സാഹചര്യവും ഗുണഭോക്താക്കളായ പൊതു ജനങ്ങൾക്കുണ്ടായ അസൌകര്യവും ഒഴിവാക്കാമായിരുന്നു. പ്രവൃത്തി സംബന്ധിച്ച കംപ്ലീഷൻ & മൂല്യ നിർണയ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല ആയത് ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കരാറിലേർപെടുകയും പിന്നീട് തുടർനടപടികൾ സ്വീകരിക്കുന്നതിൽ ടി വകുപ്പിനുണ്ടായ കാലതാമസം മൂലം എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ റിവൈസ് ചെയ്തതു മൂലം ജില്ലാ പഞ്ചായത്തിന് 9 ലക്ഷം അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. കരാർ പ്രകാരം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതു മൂലം ജങ്കാർ സർവ്വീസ് ലേലം ചെയ്തു നൽകിയ കരാറുകാരന് കരാർ കാലാവധി നീട്ടി നൽകേണ്ടി വന്നതിനാൽ ഇക്കാലയളവിൽ ജില്ലാ പഞ്ചായത്തിന് ലേലം ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തനതു വരുമാനം കൂടി നഷ്ടപെട്ടതായി കാണുന്നു.

**<u>1-38 കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ</u>**

I) 14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6.1(9) പ്രകാരം നെൽകൃഷി ജലസേചനത്തിന് പാടശേഖരസമിതികൾക്ക് പെട്ടിയുംപറയും മോട്ടോറും നൽകുന്ന പദ്ധതി ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാവുന്നതല്ല. എന്നാൽ ജില്ലാ പഞ്ചായത്ത് 2019-20 ൽ ഇപ്രകാരമുള്ള 9 പദ്ധതികൾ ആസൂത്രണം ചെയ്യുകയും അതിൽ 5 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ 25.10.2018 തിയതിയിലെ 2019-20 വർഷത്തെ

വാർഷികപദ്ധതിയുടെ ഭാഗമായുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നിലവിലെ സബ്സിഡി മാർഗ്ഗരേഖപ്രകാരം മോട്ടോർ പമ്പ് സെറ്റ് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാത്രമേ നടപ്പാക്കാൻ സാധിക്കൂ,ആയതിനാൽ പ്രത്യേക അനുമതി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

25.10.18 തിയതിയിലെ വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗത്തിലും മേൽവിഷയം ചർച്ചചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം സർക്കാർ അനുമതി വാങ്ങിയിട്ടുള്ളതായി കാണുന്നില്ല.

**<u>1-38-1 പാടശേഖരസമിതികൾക്ക് പമ്പ്സെറ്റ്-രേഖകൾ ഹാജരാക്കിയിട്ടില്ല</u>**

**<u>I) ചേർപ്പ് പഞ്ചായത്തിലെ ജൂബിലി പാടശേഖരത്തിൽ 50HPപമ്പ്സെറ്റ് വിതരണം അനുബന്ധസൗകര്യങ്ങൾ, പ്രൊജക്റ്റ് നം.SO825/20</u>**

അടങ്കൽ-വികസനഫണ്ട്-15,00,000+ഗുണഭോക്തൃവിഹിതം-1,50,000 , ആകെ -16,50,000

ചെലവ്-1483614/- (വൗച്ചർ നം 21900224/27.4.19) + 14846 ( വൗച്ചർനം 21902407/30.3.20 )

+ 150000 ( വൗച്ചർനം 21902264/31.3.20 )= 16,48,460

A) ചേർപ്പ് കൃഷിഓഫീസർ, കൃഷി അസി.എക്സി.എഞ്ചിനീയർക്ക് അയച്ച CKB 26/2016-17/ തിയതി 23.5.2017 കത്തിൽ ജൂബിലി പാടശേഖരത്തിൽ 30HP കപ്പാസിറ്റിയുള്ള വെർട്ടിക്കൽ ഫ്ലോ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടുള്ളതായും ഇതിലൂടെ 75-80കർഷകർക്ക് പ്രയോജനം ലഭിച്ചതായും പറയുന്നുണ്ട്. ടി പാടശേഖരത്തിൽ നിലവിൽ (2017 ൽ)മോട്ടോർ പമ്പ് സെറ്റ് ഉണ്ടായിരുന്നെങ്കിൽ ആയത് എന്തുചെയ്തു എന്നും പുതിയത് വാങ്ങാനുള്ള സാഹചര്യം എന്തായിരുന്നു എന്നും വ്യക്തമല്ല.

B) 27.1.2017തിയതിയിൽ നടത്തിയ ടെൻഡർ നടപടി പ്രകാരം തെരഞ്ഞെടുത്ത സെൻട്രൽ എഞ്ചിനീയറിംഗ് കമ്പനി എന്ന സ്ഥാപനം, കരാർ അനുസരിച്ച് പദ്ധതി പൂർത്തീകരിക്കേണ്ട തിയതി 28.6.2017ന് ആയിരുന്നു,ആയത് 31.8.2017 വരെ നീട്ടിനല്കിയിട്ടും പ്രവൃത്തി നടപ്പാക്കാതിരുന്നതിനാൽ വീണ്ടും ടെണ്ടർ നടത്തേണ്ടതായി വന്നു. ആയതിനാൽ കരാർ നിബന്ധനപ്രകാരം ഈ സ്ഥാപനത്തിൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ എന്നു വ്യക്തമല്ല.

C) 5.2.2018നടത്തിയ രണ്ടാമത്തെ ടെണ്ടറിൽ കുറവു രേഖപ്പെടുത്തിയത് ആൽക്കെം ഇൻഡസ്ട്രീസ് എന്ന സ്ഥാപനമാണ്. വെർട്ടിക്കൽആക്സിയൽ പമ്പിനു പകരം സബ്മേഴ്സിബിൾ പമ്പാണ് ആൽക്കെം ഇൻഡസ്ട്രീസ് ടെണ്ടറിൽ രേഖപ്പെടുത്തിയത് എന്ന് 6.2.2018തിയതിയിലെ നോട്ട് ഫയലിൽ പറയുന്നുണ്ട് . ആൽക്കെം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ 14,14,760/-രൂപയുടെ ടെണ്ടറിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് തയ്യാറാക്കിയിട്ടുണ്ട്,നം എഇ(30)1268/2016, തിയതി 14.2.2018.ഈ കത്ത് അയച്ചതാണോ എന്ന് വ്യക്തമല്ല. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല . ആൽക്കെം ഇൻഡസ്ട്രീസിന്റെ 14,14,760/-രൂപയുടെ ടെണ്ടർ സ്വീകരിക്കാതെ വീണ്ടും 24.7.2018 ന് ടെണ്ടർ വിളിച്ച് ത്രിവിക്രം ഫ്ലോടെക്ക് (16,48,460/-) എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതായാണ് കാണുന്നത്.(കരാർ നം 11/2018-19 /തിയതി 27.10.2018,കരാർ കാലാവധി 90 ദിവസം)

D) മോട്ടോർ പമ്പ്സെറ്റ് സ്ഥാപിച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകളില്ല..

14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6.1(9) പ്രകാരം അറ്റകുറ്റപ്പണി പാടശേഖരസമിതികൾ വഹിക്കണം. ആയതു സംബന്ധിച്ച വ്യക്തമായ നിബന്ധനകളോടെ കരാർ വച്ച് പാടശേഖരസമിതിക്ക് മോട്ടോർ പമ്പ്സെറ്റ് കൈമാറേണ്ടതാണ്.

പദ്ധതി പൂർത്തീകരിച്ച് മോട്ടോർ പമ്പ്സെറ്റ് പാടശേഖരസമിതിക്ക് കൈമാറിയരേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ 16,48,460/-തടസ്സപ്പെടുത്തുന്നു.

**<u>Ii)കാട്ടക്കാമ്പാൽ പഞ്ചായത്തിലെ പാറക്കുഴി പുഞ്ചപടവ് കോൾ സംഘത്തിൽ മോട്ടോറും അനുബന്ധസാമഗ്രികളും സ്ഥാപിക്കൽ , SO735/20</u>**

അടങ്കൽ-വികസനഫണ്ട് 4,50,000 + ഗുണഭോക്തൃവിഹിതം - 50,000/-

2019-20ലെ ചെലവ് : വികസനഫണ്ട് 4,45,500 (വൗച്ചർ നം 21900218/27.4.19)

കരാർ ഏറ്റെടുത്ത സ്ഥാപനം-ജനറൽ എഞ്ചിനീയറിംഗ്, കോയമ്പത്തൂർ ,കരാർ നം .37/2018-19 / 16.3.2019

ഇൻവോയ്സ് നം 19/18.3.19, 4,95,000/- 20HP MF Pump

കാട്ടക്കാമ്പാൽ പഞ്ചായത്തിലെ പാറക്കുഴി പൂഞ്ചപടവ് കോൾ സംഘത്തിൽ മോട്ടോറും അനുബന്ധസാമഗ്രികളും സ്ഥാപിക്കുന്നതിനായി ടെന്റർ വിളിച്ച് കരാർ നൽകിയ ജനറൽ എഞ്ചിനീയറിംഗ്,കോയമ്പത്തൂർ എന്ന സ്ഥാപനത്തിന് 4/2019 ൽ വികസനഫണ്ട് കൈമാറിയിട്ടുണ്ട്. ഇൻവോയ്സ് നം 19/18.3.2019 പ്രകാരമുള്ള വില 495000/- രൂപയാണ് . ആയതിന്റെ 10 ശതമാനം ഗുണഭോക്തൃവിഹിതം (49500/-) പാടശേഖരസമിതി മുഴുവനായി ജില്ലാപഞ്ചായത്തിൽ അടവാക്കിയത് 16.11.2020 ന് മാത്രമാണ്. കാട്ടക്കാമ്പാൽ പഞ്ചായത്ത് കൃഷി ഓഫീസർ,കോൾ സംഘം സെക്രട്ടറി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് 28.2.2019 മുതൽ 28.10.2020വരെയുള്ള കാലഘട്ടത്തിൽ കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ചിട്ടുള്ള കത്തുകളിൽ നിന്നും, നിരന്തരം ആവശ്യപ്പെട്ടശേഷം മാത്രമാണ് കോൾ സംഘം ഗുണഭോക്തൃവിഹിതം അടവാക്കിയതെന്നുകാണുന്നു. ഈ തുക കരാർ സ്ഥാപനത്തിന് കൈമാറിയതായി ഫയലിൽ കാണുന്നില്ല. സംഘം കരാർവച്ച് മോട്ടോറും അനുബന്ധ സാമഗ്രികളും ഏറ്റെടുത്തതായും കാണുന്നില്ല.

A) ജില്ലാ പഞ്ചായത്ത് നടപ്പാക്കേണ്ടതല്ലാത്ത ഇത്തരം പ്രൊജക്റ്റ് ഏറ്റെടുക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല, സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിയിട്ടില്ല.

B)കോൾ സംഘത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ അപേക്ഷ ലഭിച്ചതായി ഫയലിലില്ല, പ്രസ്തുത പാടശേഖരത്തിൽ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കേണ്ട അടിയന്തിര സാഹചര്യം ഉണ്ടായിരുന്നില്ലെന്നാണ് സംഘത്തിന്റെ ഭാഗത്തുനിന്നുള്ള കാലതാമസം സൂചിപ്പിക്കുന്നത്. ആ പാടശേഖരത്തിൽ മോട്ടോർ സ്ഥാപിക്കുന്നതിനാവശ്യമായ ഭൌതികസാഹചര്യങ്ങൾ - പമ്പ് ഹൌസ്, വൈദ്യുതി, ജലസ്രോതസ്സ് തുടങ്ങിയവ - ഉണ്ടോയെന്നതും, ഈ പദ്ധതി എത്ര കർഷകർക്ക് ഉപകാരപ്പെടും എന്ന വിവരവും കാട്ടക്കാമ്പാൽ പഞ്ചായത്ത് കൃഷി ഓഫീസറോ കോൾ സംഘം ഭാരവാഹികളോ നൽകിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

C)മോട്ടോർ പമ്പ്സെറ്റ് സ്ഥാപിച്ച് കോൾസംഘത്തിന് കൈമാറിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. 14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6.1(9) പ്രകാരം വ്യക്തമായ നിബന്ധനകളോടെ കരാർ വച്ച് പാടശേഖരസമിതിക്ക് മോട്ടോർ പമ്പ്സെറ്റ് കൈമാറേണ്ടതാണ്.

മേൽ പറഞ്ഞ വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് അന്വേഷണം 49/26.08.2021 ന് ലഭിച്ച മറുപടിയിൽ മോട്ടോർ പമ്പ്സെറ്റ് കോൾസംഘത്തിന് കൈമാറിയതായി അറിയിച്ചിട്ടുണ്ട്. ആയതുസംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.പദ്ധതി പൂർത്തീകരിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ 4,45,500/-തടസ്സപ്പെടുത്തുന്നു.

ആകെ തടസ്സപ്പെടുത്തുന്നത് 20,93,960/- രൂപ

**<u>1-38-2 പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണിന്റെ വിനിയോഗവിവരമില്ല</u>**

പ്രവൃത്തിയുടെ പേര്-ചേലക്കര ജില്ലാകൃഷിത്തോട്ടത്തിൽ ഓഫീസ്ബ്ലോക്കിനു ചുറ്റും പാർശ്വഭിത്തി നിർമ്മാണം,പ്രൊജക്റ്റ് നം.749/20
അടങ്കൽ: മെയിന്റനൻസ് റോഡിതരം-360000+തനത്ഫണ്ട്-110530

ചെലവ്- 360000(വൗച്ചർ നം.21900252/27.4.19)

ഈ പ്രവൃത്തിയുടെ അളവു പുസ്തകം (No 334) പ്രകാരം ഇനം 2 പണിയിൽ 118.17 M3 മണ്ണ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗം സംബന്ധിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഫയലിലും മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങളില്ല.

ഓഡിററ് എൻക്വയറി 49/26.8.2021 ന് ലഭിച്ച മറുപടിയിൽ ചേലക്കര ഫാമിൽ ലെവലിംഗിനായി മണ്ണ് ഉപയോഗിച്ചു എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തികളുടെ ഭാഗമായി ലഭിക്കുന്ന മണ്ണ് ഉപയോഗിക്കുമ്പോൾ അയതു സംബന്ധിച്ച് അളവുപുസ്തകത്തിൽ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**1-39 കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്**

വലപ്പാട് ഗ്രാമപഞ്ചായത്തിലെ കഴിമ്പ്രം ബീച്ച് സമഗ്ര വികസനം രണ്ടാം ഘട്ടം എന്ന പദ്ധതി പ്രകാരം കഴീമ്പ്രം ബീച്ചിൽ സംരക്ഷണമതിൽ, സ്റ്റേജ്, ഗാലറി, ഫുട്പാത്ത് എന്നിവ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. പദ്ധതി വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 158/19,SO760/20,SO0771/21 |
| അടങ്കൽ തുക | 4000000 ( വികസന ഫണ്ട് ജനറൽ) |
| സാ.അനുമതി | 18AEE/LSGD/17-18/25/5/18 |
| കരാറുകാരൻ | കോസ്റ്റ് ഫോർഡ് |
| കരാർ | 101/AEE/LSGD/Division Thrissur/14/11/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| അളവുപുസ്തകം | 2576,2617 |
| പ്രവൃത്തിമൂല്യം | 3626081 |
| സെന്റേജ് ചാർജ് | 290086 |
| ജി.എസ്.ടി18% | 52215 |
| മൊത്തം ചെലവ് | 3968382 |

2011 ലെ തീരദേശപരിപാലനനിയമപ്രകാരം 500 മീറ്ററിനുള്ളിലെ നിർമ്മാണ പ്രവൃത്തികൾക്ക് തീരദേശമാനേജ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണെങ്കിലും അനുമതി ലഭിച്ച വിവരം ഫയലിൽ ഇല്ല. ഇക്കാര്യത്തിൽ നൽകിയ 11/22/12/20 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അനുമതി വാങ്ങി ഓഡിറ്റിന് ലഭ്യമാക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-40 മൂന്നുപീടിക ബീച്ച് റോഡ് നവീകരണം - ഇന്റർലോക്കിങ് ടൈലുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല**

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 04/9/14 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിനുമേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് കരാറുകാരൻ സ്വന്തം ചെലവിൽ നടത്തി സർട്ടിഫിക്കറ്റ് ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കുകയുണ്ടായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 202/20 |
| ഫയൽ നം | D4-257/19 |
| പ്രവൃത്തി | മൂന്നു പീടിക ബീച്ച് റോഡ് നവീകരണം. |
| കരാർ,കരാറുകാരൻ | 144/AEE/LSGD/Division Thrissur/29/11/18 പി.എ.മുഹമ്മദ് സഹീർ |
| അളവുപുസ്തകം | 205/18-19 |
| ബിൽ നം,തുക | 251/18-19/21/3/19,10,00,000, |

| | |
|---|---|
| | ( വൗച്ചർ നം. )<br>149/19-20/4/9/9,64,776<br>(വൗച്ചർ നം. ) |
| പ്രവൃത്തി ചെയ്ത അളവ് | 242 ച.മീ |

ഇന്റർലോക്കിങ് ടൈലുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെ ടി പ്രവൃത്തി ചെയ്തതും ആയതിൻമേൽ തുക അനുവദിച്ചതും ശരിയായ നടപടിക്രമമല്ല. ഓഡിറ്റ് എൻക്വയറി 40/14.7.21 ന് നൽകിയതിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്വാളിറ്റി കൺട്രോൾ ലാബ് സ്ഥാപിക്കാത്തതിനാലാണ് ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റ് നടത്താതിരുന്നത് എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടി തൃപ്തികരമല്ല. ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വവും ഇത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കേണ്ടതും എഞ്ചിനീയറിംഗ് വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ സെക്കന്റ് ടയർക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതുമാണെന്ന് ക്വാളിറ്റി കൺട്രോൾ മാന്വൽ ഖണ്ഡിക 7 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

**1-41 നിയമാനുസൃത അനുമതികൾ ലഭ്യമാക്കും മുമ്പേ ടെണ്ടർ നടപടികൾ സ്വീകരിച്ച കരാറിലേർപ്പെട്ടു - കരാറുകാരൻ പിൻമാറിയതിനാൽ പ്രവൃത്തി നടപ്പാക്കാനായില്ല**

ചാഴൂർ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ ആലപ്പാട് എന്ന സ്ഥലത്തുള്ള പള്ളിത്തോടിന് കുറുകെഒരു ആർ.സി.സി. കൾവെർട്ട് (ബോക്സ് കൾവെർട്ട്) സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 900/18,1197/20 |
| അടങ്കൽ, ഫണ്ടിനം | 5000000,<br>വികസനഫണ്ട് ജനറൽ |
| നി.ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനീയർ |
| പ്രവൃത്തി കാലാവധി | ആറു മാസം |
| അടങ്കൽ പി.എ.സി | 4994862 |
| ടെൻഡർ തുറന്ന തീയ്യതി | 15/11/17 |
| അംഗീകാരം ലഭിച്ച കരാറുകാരൻ | ടോണി.പി.വി.പറമ്പി<br>കൺസ്ട്രക്ഷൻ<br>സൗത്ത് കൊരട്ടി |
| കരാർ | 67/AEE/LSGD/DIVISION THRIDDUR/17-18/12/1/18 |
| സെലക്ഷൻ നോട്ടീസ് | D4-899/17-18<br>തീയ്യതി ചേർത്തിട്ടില്ല |
| ഇറിഗേഷൻ വകുപ്പ് തൃശ്ശൂർ ഡിവിഷനിൽനിന്നുള്ള അനുമതി | A11-90/15/ജനറൽ /8/8/16 |

കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എന്നിവയിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയശേഷം നിർമ്മാണം നടത്തുന്നതിനാണ് ഇറിഗേഷൻ വകുപ്പ് ഡിവിഷൻ ഓഫീസ് പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളത്. പക്ഷെ ഇപ്രകാരം അനുമതി ലഭിച്ചതിന്റെ രേഖ ഫയലിൽ ഇല്ല. ഇക്കാര്യത്തിൽ 17/2/18, 2/3/18 എന്നീ തീയ്യതികളിൽ പരിഷ്കരിച്ച സ്കെച്ചോടു കൂടി ഇറിഗേഷൻവകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി D4/899/17-18 പ്രകാരം കത്തയച്ചിട്ടുണ്ടെങ്കിലും സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറിലേർപ്പെട്ടെങ്കിലും മേൽ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ സൈറ്റ് കൈമാറാൻ സാധിക്കാത്തതിനാൽ കരാറുകാരന് പ്രവൃത്തി നടപ്പാക്കാനാകാതെ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. പദ്ധതി ആസൂത്രണത്തിലെ പിഴവുകൾ മൂലമാണ് ഇത്തരത്തിൽ സംഭവിക്കാനിടയായത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-42 സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിക്കേണ്ടതാണ്</u>**

2012 ലെ കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2009.6 അനുസരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച് പതിനാലു ദിവസത്തിനകം കരാറുകാരൻ കരാർ ചമക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള പത്ത് ദിവസത്തിനുള്ളിൽ പി.എ.സി.യുടെ (Probable Amount Of Contract) ഒരു ശതമാനം പിഴ ഈടാക്കി കരാർ ചമക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കാത്തതിനാൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം | 870/20 |
| ഫയൽ നം | D4-608/18 |
| പ്രവൃത്തി | മണലൂർ അമ്പലക്കാട്ട് റോഡ്റീടാറിങ് |
| അടങ്കൽ | 1500000 |
| പി.എ.സി. | 1497814 |
| കരാറുകാരൻ | കെ.ഡി.ബിജു.കാളുപറമ്പിൽ കാഞ്ഞാണി |
| കരാർ | 169/AEE/LSGD/Division Thrissur/13/3/18 |
| ബിൽ നം., തുക | 175/18-19/13/2/19, 195524, 110/19-20/25/6/19, 1288294, (വൗച്ചർ നം.21900960/21/6/19) |
| അളവുപുസ്തകം | 211/17-18,239/17-18 |
| സെലക്ഷൻ നോട്ടീസ് | D4-608/18/16/2/18(23/2/18ന് ഡെസ്പാച്ച് ചെയ്തു) |
| നിർവഹണം | അസി.എക്സി.എൻജിനീയർ |
| കരാറുകാരന് നൽകിയ തുക | 1218507 |

കരാറുകാരന് നൽകാവുന്ന തുകയുടെ വിവരം

| | |
|---|---|
| നൽകിയതുക | 1218507 |
| കുറക്കുകPACx1%(1497814x1%) | 14978 |
| നൽകാവുന്ന തുക | 1203529 |

അധികം നൽകിയ തുക 14,978 രൂപ ഒടുക്കുന്നതിനായി കരാറുകാരനോട് ആവശ്യപെട്ടിട്ടുണ്ടെന്നും മേൽ പ്രവൃത്തിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് റിലീസ് ചെയ്തിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറി 38/14.7.21യ്ക്ക്

എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 14978 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**1-43 കണ്ണൻകുളം പൂർത്തീകരണം-അപാകതകൾ**

കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ കണ്ണൻകുളത്തിന് സംരക്ഷണഭിത്തി കെട്ടലാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത്. പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 731/20 |
| നി.ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ | 10,00,000 വികസനഫണ്ട്,ജനറൽ |
| കരാറുകാരൻ | അൻവർ ഹുസൈൻ |
| കരാർ | 107/AEE/LSGD/DIVISON THRISSUR/ 18-19/22/10/18 |
| അളവുപുസ്തകം | 144/18-19 |
| സാ.അനുമതി | LSGD/TS/2018-19/71029/7/6/18 |
| ബിൽ നം, തുക (വൗച്ചർ നം) | 75/19-20/23/5/19,561125 (21900337/23/5/19)<br>9/20-21/16/4/20,335561 (തുടർവർഷമായതിനാൽ ചേർത്തിട്ടില്ല) |

**അപാകതകൾ**

1. അളവുപുസ്തകം പേജ് 14 ൽ ഇനം മൂന്ന് പ്രകാരം 200.72m3 മണ്ണ് കുഴിച്ചെടുത്തത് എന്തിന് വേണ്ടി ഉപയോഗിച്ചു എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

2. കൽപടവിന്റെ ഇടഭിത്തിയുടെ താഴ്ഭാഗത്തെ തകരാർ 15/5/20 നകം പരിഹരിക്കാമെന്ന് കരാറുകാരൻ സത്യവാങ്മൂലം പ്രകാരം ഉറപ്പുനൽകിയിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ചതിന്റെ വിവരം ഫയലിൽ നിന്നും ലഭ്യമല്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കുവാൻ D-632/19/21/10/19 പ്രകാരം പഴയന്നൂർ ബ്ളോക്ക് അസി.എൻജിനീയർക്ക് കത്ത് നൽകിയെങ്കിലും ആയതിന്റെ മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ചു എന്ന് ഉറപ്പുവരുത്താതെയാണ് അന്തിമബിൽ നൽകിയിട്ടുള്ളത്.

3. പഴയന്നൂർ ബ്ളോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ D1/G/18-19/25/4/19 നമ്പർ കത്തിൽ പദ്ധതി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവുപുസ്തകം പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നത് 12/7/19 നാണ്. പാർട്ട് ബിൽ നൽകിയശേഷം പണി പുനരാരംഭിക്കുന്നത് തന്നെ 16/7/19 നാണ്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് ഇത്തരത്തിൽ വ്യത്യസ്ത തിയതികൾ രേഖപെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.21തിയതി.10/1/21 )

മേൽ അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-44 കുഴിച്ചെടുത്ത മണ്ണിന്റെ ലേലവിവരം ലഭ്യമാക്കിയിട്ടില്ല**

താഴെപ്പറയുന്ന പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്തമണ്ണിന്റെ ലേലവിവരം ലഭ്യമാക്കിയിട്ടില്ല.

**1. തെക്കുംകര കോളനി വികസനം**

പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഫയൽ നം | D-314/19 |
| പ്രൊജക്റ്റ് നം | 211/20 (314/19) |
| അടങ്കൽ,ഫണ്ടിനം | 40,00,000,എസ്.സി.പി.ഫണ്ട് |
| നി.ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനീയർ |
| ബിൽ നം,തുക | 182/19-20/7/9/19. 8,50,000<br>194/19-20/18/10/19, 14,54,091 |
| കരാറുകാരൻ | ടി.എ വീരാൻ |
| കരാർ | 199/AEE/LSGD/DIVISION THRISSUR/18-19/19/1/19 |
| അളവുപുസ്തകം | 677/18-19 |

തെക്കുംകര കോളനിയിൽ പാർശ്വഭിത്തി നിർമ്മിക്കലാണ് പ്രൊജക്റ്റിൽ ലക്ഷ്യമിട്ടത്. അളവുപുസ്തകം പേജ് 10 ൽ ഇനം ഒന്ന് പ്രകാരം 617.311 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്തതായും താഴ്ന്ന ഭാഗങ്ങളിൽ ഫില്ലിങ് നടത്തിയശേഷം ബാക്കി ലേലം നടത്തുന്നതിനായി തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട് (അളവെടുക്കൽ 26/3/19, മേലളവ് പരിശോധന 28/3/19). പക്ഷെ എത്ര മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചുവെന്നോ, ബാക്കി എത്ര മണ്ണ് അവശേഷിച്ചുവെന്നോ ഉള്ള വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലാകട്ടെ, ഫില്ലിങ്ങിനായി ഇനം ഉൾപെടുത്തുകയോ, ആയതിനുള്ള പ്രൊവിഷൻ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഫില്ലിങിന്റെ ആവശ്യകതയും സാധ്യതയും മുൻകൂട്ടി കാണാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പേയുള്ള സ്ഥലപരിശോധനയിൽ ആയത് മുൻകൂട്ടി കണ്ടുകൊണ്ട് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതായിരുന്നു. അളവുപുസ്തകം പേജ് 19 ൽ ഇനം രണ്ട് പ്രകാരം 202.635ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മണ്ണ് എന്ത് ചെയ്തെന്ന് രേഖപ്പെടുത്തിയിട്ടില്ല.

തെക്കുംകര ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻനീയർ തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തീയ്യതി രേഖപ്പെടുത്താതെ അയച്ച കത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിൽ 314/19, 154/19 എന്നീ രണ്ട് പ്രൊജക്റ്റുകളിലായി (രണ്ട് പ്രൊജക്റ്റുകളും തെക്കുംകര കോളനി സമഗ്രവികസനം) ലഭിച്ച 903.90 ഘനമീറ്റർ മണ്ണ് (ഫില്ലിങിന് ശേഷമുള്ള മണ്ണ്) ലേലം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. DSR കോഡ് 0979 പ്രകാരം ഒരു ഘനമീറ്റർ മണ്ണിന് 121/71 രൂപയും മാർക്കറ്റ് വിലയായി ഏകദേശം മുന്നൂറ് രൂപയും കാണിച്ചിട്ടുണ്ട്.

154/19 നം പ്രൊജക്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതും 903.90 ഘനമീറ്റർ മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലടവാക്കിയതിന്റെ വിവരവും ഓഡിറ്റ് എൻക്വയറി നം.14/11/1/21 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. മണ്ണ് ലേലം നടത്തി തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകളുടെ സാക്ഷ്യപെടുത്തിയ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**2. കടവല്ലൂർ ഗ്രാമപഞ്ചായത്ത് -കോട്ടോൽ എടപ്പന്നിയിൽ എസ്.സി.കോളനി വികസനം**

| | |
|---|---|
| ഫയൽ നം | D1-421/19 |
| പ്രൊജക്റ്റ് നം | 421/19, 743/20 |
| അടങ്കൽ, ഫണ്ടിനം | 1000000, എസ്.സി.പി.ഫണ്ട് |
| കരാറുകാരൻ | വിപിൻ പി.എൽ. |
| കരാർ | 215/AEE/LSGD/DIVISION THEISSUR/18-19/5/2./19 |
| സാ.അനുമതി | LSGD/TS/2018-19/70324/5/7/18 |
| നി.ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനീയർ |
| | |

| | |
|---|---|
| അളവുപുസ്തകം | 263/18-19 |
| ബിൽ നം,തുക | 35/19-20/23/5/19, 494817<br>228/19-20/26/1/19, 285525<br>384/19-20/20/3/20, 38587 |

ഈ പ്രവൃത്തിയുടെ മേൽകാണിച്ച അളവുപുസ്തകം പേജ് നാലിൽ ഇനം 2.1 പ്രകാരം കുഴിച്ചെടുത്ത 162.99 ഘനമീറ്റർ മണ്ണ് ചെറുവത്തൂർ റോയ് എന്നവരുടെ കോമ്പൗണ്ടിൽ സ്റ്റാക്ക് ചെയ്തതായും ഗ്രാമപഞ്ചായത്തിലേക്ക് റിപ്പോർട്ട് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരത്തിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.14തിയതി.11/1/21 യ്ക്ക് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായതിനാൽ മണ്ണ് ലേലം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതായി സൂചിപ്പിക്കുന്നുണ്ട്. മണ്ണ് ലേലം സംബന്ധിച്ച തുടർ നടപടികളുടെ വിവരം സാക്ഷ്യപെടുത്തിയ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3. എടത്തിരുത്തി ഗ്രാമപഞ്ചായത്ത്-കോഴിത്തുമ്പ് കോളനി കാന നിർമാണം-കുഴിച്ചെടുത്ത മണ്ണിന്റെ ലേലവിവരം അറിയിക്കേണ്ടതാണ്**

മേൽ പ്രവൃത്തിയുടെ ഭാഗമായി അളവുപുസ്തകം 215/18-19 പേജ് 4, ഇനം 1 പ്രകാരം 120.38 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്തതായും പാർശ്വഫില്ലിങ്ങിന് ഉപയോഗിച്ചശേഷം ബാക്കിവന്ന 100 ഘനമീറ്റർ മണ്ണ് ഐനിക്കൽ ജോണി എന്നവരുടെ ഗ്രൗണ്ടിൽലേലം നടത്തുന്നതിന് വേണ്ടി അട്ടിയിട്ടതായും 23/1/19ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രൊജക്റ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 900/19 |
| അടങ്കൽ | 1500000 |
| കരാറുകാരൻ | കെ.എം.അലിക്കുഞ്ഞി |
| കരാർ | 52/AAEE/LSGD/Division Thrissur/17/9/18 |
| ബിൽനം,തുക | 118/19-20/25.6.19, 632192 രൂപ (വൗച്ചർ നം. 21900967/21/6/19)<br>142/19-20/26.7.19, 230720രൂപ (വൗച്ചർ നം 21901023/26/7/19) |

മേൽവിവരിച്ച മണ്ണ് ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിവരം എത്രയും വേഗം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം ആവശ്യപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി39/14.7.21 ന് ലഭിച്ച മറുപടിയോടൊപ്പം മണ്ണ് ലേല വിവരം ചേർത്തിട്ടുള്ള രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ലഭ്യമാക്കിയത് ആരും തന്നെ സാക്ഷ്യപെടുത്തിയില്ല. മണ്ണ് ലേലം നടത്തി തുക അടവാക്കിയതിന്റെ സാക്ഷ്യപെടുത്തിയ പകർപ്പുകൾ ലഭ്യമാക്കേണ്ടതാണ്.

**<u>1-45 പാറളം വനിതാകലാകേന്ദ്രം-സൗകര്യം മെച്ചപ്പെടുത്തൽ,അറ്റകുറ്റപ്പണി - അപാകതകൾ</u>**

മേൽപറഞ്ഞ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ തുക പാർട്ട് ബിൽ പ്രകാരം പിൻവലിച്ചതായും പാർട്ട് ബില്ലിൽ രേഖപ്പെടുത്തിയ അളവ് അളവുപുസ്തകത്തിലും അന്തിമബില്ലിലും രേഖപ്പെടുത്തിയ അളവിനേക്കാൾ വളരെ കൂടുതലാണെന്നും കാണുകയുണ്ടായി. പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഫയൽ നം | D2-281/19 |
| പ്രൊജക്റ്റ് നം | 281/19, 751/20, 860/21 |
| നി.ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനീയർ |
| അടങ്കൽ | 1200000,വികസനഫണ്ട് |
| | |

| | |
|---|---|
| കരാറുകാരൻ | സി.കെ.ശശിധരൻ |
| കരാർ | 126/AEE/LSGD/DIVISION THRISSUR/18-19/22/11/18 |
| അളവുപുസ്തകം | 226/18-19, 236/18-19 |
| ബിൽ നമ്പർ,തുക | 57/19-20/23/5/19, 351692<br>284/19-20/11/2/20 , 746668 ( ക്യൂ ബിൽ ) |

പ്രവൃത്തിയുടെ അളവുപുസ്തകം 226/18-19 പേജ് 64 പ്രകാരം മൊത്തം പ്രവൃത്തിമൂല്യം 3,43,975 രൂപയാണ്. എന്നാൽ പാർട്ട് ബിൽ തയ്യാറാക്കുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് പേമെന്റ് എന്നതിൽ അളവ് പുസ്തകം പേജ് 65 പ്രകാരം കാണിച്ചിരിക്കുന്ന മൊത്തം പ്രവൃത്തിമൂല്യം 3,90,769 രൂപയാണ്. ചേർപ്പ് ബ്ളോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ D2-281/19/22/11/18 നമ്പർ പ്രകാരം സമർപ്പിച്ച പാർട്ട് ബില്ലിൽ സൂക്ഷ്മപരിശോധനക്ക് ശേഷം കണക്കാക്കിയിട്ടുള്ള മൊത്തം പ്രവൃത്തി മൂല്യം 3,90,769 രൂപയാണ്. പക്ഷെ ഈ ബില്ലിൽ ഇനം 24 സ്ട്രക്ചറൽ സ്റ്റീൽ വർക്കിന് വേണ്ടിവന്നിട്ടുള്ള അളവ് 904.279 കി.ഗ്രാമാണ്. 137.480/ കി.ഗ്രാം നിരക്ക് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന തുക 1,24,319.04 രൂപയുമാണ്. അളവുപുസ്തകം പേജ് 43 പ്രകാരം ഈ ഇനം പ്രകാരമുള്ള അളവ് 563.90 കി.ഗ്രാം മാത്രമാണ്. 563.90 കി.ഗ്രാം മാത്രമേ അന്തിമബില്ലിലും ആകെ അളവായി രേഖപ്പെടുത്തിയിട്ടുള്ളൂ(അളവുപുസ്തകം 236/1-19 പേദ് 23). ഇതിന് വേണ്ടി വരുന്ന തുക 77,524.97 രൂപ മാത്രമാണ്.(അളവുപുസ്തകം 226/18-19 പേജ് 83 )

പക്ഷെ മേൽപറഞ്ഞ വസ്തുതക്ക് വിരുദ്ധമായി തെറ്റായ അളവാണ് പാർട്ട് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പാർട്ട് ബില്ലിൽ ആകെ പ്രവൃത്തി മൂല്യം 3,90,769 രൂപ എന്ന് തെറ്റായി രേഖപ്പെടുത്തുകയും അതിന്റെ 90% ആയ 3,51,692 രൂയിൽ പരിമിതപ്പെടുത്തി തുക അനുവദിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

അളവുപുസ്തകം ശരിയായി സൂക്ഷ്മപരിശോധന നടത്താതെ പാർട്ട് ബിൽ തയ്യാറാക്കിയതും അതു പ്രകാരം തുക അനുവദിച്ചതും ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ നൽകിയ മറുപടിയിൽ ഒന്നാം പാർട്ട് ബിൽ തയ്യാറാക്കിയതിൽ അപാകത സംഭവിച്ചതായും ഫൈനൽ ബില്ലിൽ തുക ക്രമീകരിച്ചതായും എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയുണ്ടായി. തുക ക്രമീകരിച്ചതു സംബന്ധിച്ച ഫൈനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.31/16/2/21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| കോർപ്പറേഷൻ | 2019-20 | 420000 | ക്യാൻ തൃശ്ശൂർ | 420000 | 0 |
| മുനിസിപ്പാലിറ്റി | ,, | 530000 | ക്യാൻ തൃശ്ശൂർ | 530000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 1030000 | ക്യാൻ തൃശ്ശൂർ | 1030000 | 0 |
| ഗ്രാമ പഞ്ചായത്ത് | ,, | 5344344 | ക്യാൻ തൃശ്ശൂർ | 4512685 | 831659 |
| ഗ്രാമ പഞ്ചായത്ത് | ,, | 100000 | എ ബി സി പ്രോഗ്രാം | 0 | 100000 |
| മുനിസിപ്പാലിറ്റി | ,, | 100000 | ശുഭാപ്തി | 0 | 100000 |
| ആകെ | | 7524344 | | 6492685 | 1031659 |

വാർഷിക കണക്ക് RP 31 പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ആകെ തുക 9850656 രൂപയാണ്. ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>നിർവ്വഹണ ഏജൻസി</th><th>പ്രവൃത്തിയുടെ പേര്</th><th>വൗച്ചർ നമ്പർ/ ചെക്ക് നം.</th><th>മുൻകൂർ നൽകിയ തുക</th><th>ചെലവഴിച്ച തുക</th><th>ചെലവഴിക്കാൻ ബാക്കിയുള്ള തുക</th></tr>
<tr><td rowspan="7">ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്</td><td>S1071/20, വിവിധ കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭ ജലവകുപ്പിൽ തുക ഡെപ്പോസിറ്റ് (ജനറൽ)</td><td>21901281/ 15.10.19</td><td>19,75,000</td><td colspan="2" rowspan="7">വിനിയോഗ സാക്ഷ്യപത്രം, പദ്ധതിപൂർത്തികരണ രേഖകൾ എന്നിവ ലഭിച്ചിട്ടില്ല, ചെലവഴിക്കാൻ ബാക്കിയുള്ള തുക എത്രയെന്ന് അറിയാനായിട്ടില്ല.</td></tr>
<tr><td>S1080/20 കാക്കനാട് മിച്ചഭൂമി കുടിവെള്ള പദ്ധതി പൂർത്തീകരണം - എരുമപ്പെട്ടി</td><td>21902108/ 21.1.20</td><td>152707/-</td></tr>
<tr><td rowspan="5">S1072/20വിവിധ കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭ ജലവകുപ്പിൽ ഡെപ്പോസിറ്റ് (SCP)</td><td>21902088/ 25.10.19</td><td>8,65,000</td></tr>
<tr><td>21902090/ 25.10.19</td><td>16,70,000</td></tr>
<tr><td>21902089/ 25.10.19</td><td>13,75,000</td></tr>
<tr><td>21902091/ 25.10.19</td><td>5,50,000</td></tr>
<tr><td>ആകെ</td><td>44,60,000</td></tr>
<tr><td colspan="3">ഒട്ടാകെ</td><td>65,87,707</td><td></td><td></td></tr>
</table>

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

**4-4 വായ്പ / വായ്പാതിരിച്ചടവ്**

ഒന്നുമില്ല

**4-5 സ്ഥിര നിക്ഷേപം**

ഒന്നുമില്ല

**4-6 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 588743576 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 586205937 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14978 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 90,17,603 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-42 | - | 14978 | ശ്രീ.ഡേവിഡ് ജോൺ ഡി. മോറിസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 47305 | ശ്രീ.അരവിന്ദാക്ഷൻ.എ.കെ<br>പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-30 | 239431 | ശ്രീമതി.സുഗന്ധകുമാരി.കെ.വി<br>ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ |
| 1-31 | 49200 | ശ്രീമതി.സുഗന്ധകുമാരി.കെ.വി<br>ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ |
| 1-36 | 6587707 | 1. ശ്രീമതി.കെ.ഉഷാനന്ദിനി - 6435000/-<br>ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്ജ്<br>2. ശ്രീ.കെ.ജി.തിലകൻ -152707/-<br>ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| 1-38-1 | 20,93,960 | ശ്രീ സുരേഷ് കുമാർ ടി , കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 90,17,603 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

| ഖണ്ഡിക നമ്പർ | |
|---|---|

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരവിന്ദാക്ഷൻ.എ.കെ<br>പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | വിരമിച്ചു | അക്കോഡപ്പുള്ളി, പത്താഴക്കാട്.പി.ഒ<br>കൊടുങ്ങല്ലൂർ |
| ശ്രീമതി.സുഗന്ധകുമാരി.കെ.വി<br>ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പാലക്കാട് | 23/26(3), കൗസ്തുഭം, വികാസ് നഗർ, പള്ളിപ്പുറം, പാലക്കാട് - 678006 |
| ശ്രീമതി.കെ.ഉഷാനന്ദിനി - | ഫിനാൻസ് | പുത്തൂർ ഹൗസ്, |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്ജ് | ഓഫീസർ, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | കാളമുറി, കയ്പമംഗലം . പി.ഒ, തൃശ്ശൂർ |
| ശ്രീ.കെ.ജി.തിലകൻ - ജില്ലാ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ | കല്ലുംപുറം ഹൗസ്, മാമ്പ്ര, എരയാംകുടി.പി.ഒ, തൃശ്ശൂർ - 680308 |
| ശ്രീ.ഡേവിഡ് ജോൺ ഡി. മോറിസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ | എക്സിക്യൂട്ടീവ് എഞ്ചിനീയർ PMGSY – തൃശ്ശൂർ | 46, ഗാർഡൻ ഹൗസ്, രാജക്കമംഗലം റോഡ്, രാമൻ പുത്തൂർ, നാഗർകോവിൽ, അഗസ്തീശ്വരം, കന്യാകുമാരി |
| ശ്രീ സുരേഷ് കുമാർ ടി , കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെമ്പൂക്കാവ് | തടത്തിൽ ഹൗസ്, അനിക്കാട് പി ഒ, മല്ലപ്പിള്ളി ,പത്തനംതിട്ട 689585 |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** |
|---|---|
| 1995-1996 1996-1997 | എൽ.എഫ്.ടി.5-349/1999 തിയ്യതി. 09.04.1999 |
| 1997-1998 ചെലവ് | എൽ.എഫ്.ടി.5- 1489/2002 തിയ്യതി. 04.12.2002 |
| 1998-1999 ചെലവ് | എൽ.എഫ്.ടി.5-1087/2003 തിയ്യതി. 10.03.2004 |
| 1998-1999 വരവ് | എൽ.എഫ്.ടി.21-46/2009 തിയ്യതി. 15.09.2010 |
| 1999-2000 ചെലവ് | എൽ.എഫ്.ടി.21-2226/2006 തിയ്യതി. 05.05.2007/ 02.08.2007 |
| 1999-2000 വരവ് | എൽ.എഫ്.ടി.21-47/2009 തിയ്യതി. 15.09.2010/05.10.2010 |
| 2000-2001 ചെലവ് | എൽ.എഫ്.ടി.21-733/2007 തിയ്യതി.11.01.2008/ 14.03.2008 |
| 2001-2002 ചെലവ് | എൽ.എഫ്.ടി.21-1839/2007 തിയ്യതി.26.12.2009/ 06.02.2010 |
| 2002-2003 ചെലവ് | എൽ.എഫ്.ടി.21-2575/2007 തിയ്യതി.26.12.2009/ 06.02.2010 |

| | |
|---|---|
| 2003-2004 ചെലവ് | എൽ.എഫ്.ടി.21-864/2008 തിയ്യതി. 31.08.2009/ 06.02.2010 |
| 2004-2005 ചെലവ് | എൽ.എഫ്.ടി.21-779/2008 തിയ്യതി. 11.08.2010/ 12.10.2010 |
| 2005-2006 ചെലവ് | എൽ.എഫ്.ടി.21-817/2008 തിയ്യതി.07.08.2010/ 12.10.2010 |
| 2006-2007 ചെലവ് | എൽ.എഫ്.ടി.21-2560/2008 തിയ്യതി.02.09.2010/ 24.11.2010 |
| 2000-2001 വരവ് | എൽ.എഫ്.ടി.(ഡി.പി.)112/2011 തിയ്യതി.08.02.2011 |
| 2001-2002 വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011 തിയ്യതി.08.02.2011 |
| 2002-2003 വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011 തിയ്യതി.17.06.2011 |
| 2003-2004 വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011 തിയ്യതി.17.06.2011 |
| 2004-2005 വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011 തിയ്യതി.09.07.2011 |
| 2005-2006 വരവ് | എൽ.എഫ്.ടി(ഡി.പി.)1109/2012 തിയ്യതി.25.07.2012 |
| 2006-2007 വരവ് | എൽ.എഫ്.ടി.(ഡി.പി) 1164/2012 തിയ്യതി. 25.07.2012 |
| 2007-2008 വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012 തിയ്യതി.25.07.2012 |
| 2008-2009 വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011 തിയ്യതി.23.11.2012 |
| 2009-2010 വരവ് ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12 തിയ്യതി.04.05.13/02.08.13 |
| 2010-2011 വരവ്വ ചെലവ് | എൽ.എഫ്.ടി.(ഡി.പി)1894/2012 തിയ്യതി.04.01.2014 |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി) 984/13 തിയ്യതി.2.4.14/17.5.14 |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14 തിയ്യതി.02/05/15/ |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)1281/15 തിയ്യതി 16.11.15/4.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 235/16, തിയ്യതി 18.5.2016/17.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 755/17, തിയ്യതി 17.07.2017/17.08.17 |

| | |
|---|---|
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 1790/17, തീയതി 08-01-2018. |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 892/19 തീയതി 21-10-2019. |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 400/20 തീയതി 11-06-2020. |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്